ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
ESTD-1968


2021 മാർച്ച് 18 | ദീപം 54 | നാളം 3 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org

# യൗസേപ്പിന്റെ പക്കലേക്കു പോവുക



മാർ ജോസഫ് കല്ലറങ്ങാട്ട്

ക്രൈസ്തവ ലോകത്തിൽ ഏറ്റവും പ്രിയപ്പെട്ട മൂന്നു വാക്കുകളാണ് 'ഈശോ മറിയം യൗസേപ്പേ' എന്നത്. ഭാരതനസ്രാണികളുടെയിടയിൽ ഏറ്റവും വലിയ പ്രാർത്ഥനാരൂപമായി ഇതിനെ കണ്ടിരുന്നു. ഈ ഓർമകളിലാണ് ഓരോ കുട്ടിയും വിശ്വാസത്തിൽ പരിശീലിപ്പിക്കപ്പെടുന്നത്. 'ഭൂമിയിലെ ത്രിത്വ'മെന്ന് ഈശോ മറിയം യൗസേപ്പിനെ വിശേഷിപ്പിച്ചിരുന്നു. മറിയത്തിലൂടെയും യൗസേപ്പിലൂടെയും ഈശോയിലേക്കെന്ന വലിയ ദൈവശാസ്ത്രചിന്തയിലേക്ക് ഈ പ്രാർത്ഥനാരൂപം വളർന്നു (Per Mariam et Joseph ad Jesum). രക്ഷാകരപദ്ധതി മുഴുവനും ഈ ചെറിയ പ്രാർത്ഥനാരൂപത്തിൽ കൂട്ടിയിണക്കിയിട്ടുണ്ട്. ഈശോയിൽ എത്തിച്ചേരാൻ നമുക്ക് മറിയത്തെയും യൗസേപ്പിനെയും കൂട്ടുപിടിക്കാം. പരിശുദ്ധ ഫ്രാൻസിസ് പാപ്പാ പിതൃഹൃദയത്തോടെ (Patris Corde) എന്ന അപ്പസ്തോലിക ലേഖനംവഴി മാർ യൗസേപ്പിന്റെ തനിമ എടുത്തുകാണിച്ചു. യൗസേപ്പിന്റെ വഴിയിലൂടെ നടന്ന് സ്വർഗം പ്രാപിക്കാനുള്ള മാർഗങ്ങൾ പറഞ്ഞുതരുകയാണ്, പാപ്പാ. പരിശുദ്ധ അമ്മയോടുള്ള ആഴമായ ബന്ധത്തിലാണ് മാർ യൗസേപ്പിനെയും നാം മനസ്സിലാക്കേണ്ടത്. അതിനാലാണ് ഡിസംബർ 8 മുതൽ (2020) ഒരു വർഷത്തേക്ക് (ഡിസംബർ 8, 2021) മാർ യൗസേപ്പിന്റെ വർഷമായി പ്രഖ്യാപിച്ചിരിക്കുന്നത്. കത്തോലിക്കാസഭയുടെ മധ്യസ്ഥനായി മാർ യൗസേപ്പിനെ ഒൻപതാം പീയൂസ് പാപ്പാ പ്രഖ്യാപിച്ചതിന്റെ 150-ാം വാർഷികത്തിലാണ് ഈ അപ്പസ്തോലികപ്രബോധനം പുറത്തിറക്കിയത്. മറിയത്തിന്റെയും ഈശോയുടെയും കരങ്ങളിൽ കിടന്ന് യൗസേപ്പ് ഈ ലോകത്തോടു യാത്ര പറഞ്ഞുവെന്ന വിശുദ്ധ പാരമ്പര്യമാണ് സഭയിലുള്ളത്. ജോസഫാത്ത്



**മാർ യൗസേപ്പിന്റെ വർഷം - കുടുംബവർഷം**
**മാർച്ച് 19 - മാർ യൗസേപ്പിന്റെ മരണത്തിരുനാൾ**

താഴ്‌വരയിലാണ് അദ്ദേഹത്തിന്റെ ശൂന്യമായ കല്ലറ.

**1. യൗസേപ്പിന്റെ നിശ്ശബ്ദത വാല്യങ്ങൾ സംസാരിക്കുന്നു.**

പരിശുദ്ധ ബനഡിക്ട് പിതാവിന്റെ വാക്കുകളാണ് Joseph's Silence Speaks Volumes. യൗസേപ്പ് നിശ്ശബ്ദനായിരുന്നു. വിശുദ്ധ ഗ്രന്ഥത്തിൽ അദ്ദേഹം ഒരു വാക്കുപോലും സംസാരിക്കുന്നതായി കാണുന്നില്ല. സഭയും ദീർഘനാൾ യൗസേപ്പിനെക്കുറിച്ചു മൗനം പാലിച്ചു. വിസ്മരിക്കപ്പെട്ട വിശുദ്ധൻ എന്നുപോലും അദ്ദേഹത്തെ വിശേഷിപ്പിച്ചിട്ടുണ്ട്. 'താപസവരനായ മാർ യൗസേപ്പ് പുണ്യമഹാമുനി' എന്ന ഗാനരൂപവും നമുക്ക് ഏറെ സുപരിചിതമാണ്. താപസാഭിമുഖ്യങ്ങളുള്ള മാർ യൗസേപ്പ് പുണ്യവാനും മൗനം ദീക്ഷിച്ചവനുമാണ്. നിശ്ശബ്ദത നഷ്ടപ്പെട്ടു ശബ്ദകോലാഹലങ്ങളിലൂടെ നീങ്ങുന്ന ആധുനികലോകത്തിന് മാർ യൗസേപ്പ് ഒരു ഉത്തമമാതൃകയാണ്. ദൈവത്തിന്റെ വഴികളെ ചോദ്യം ചെയ്യാത്ത യൗസേപ്പിനെയാണ് വിശുദ്ധഗ്രന്ഥത്തിൽ നാം കാണുന്നത്. ദൈവികപദ്ധതിക്കു തന്നെത്തന്നെ പൂർണമായും സമർപ്പിച്ചതിന്റെ അടയാളമാണ് ഈ നിശ്ശബ്ദത. ദാർശനികനായ കീർക്കഗാർഡ് പറഞ്ഞു: "ഞാൻ ഒരു ഡോക്ടറായിരിക്കുകയും എന്റെ പക്കൽ ചികിത്സയ്ക്കായി രോഗികൾ വരികയും ചെയ്താൽ ഞാൻ ആദ്യം ചെയ്യുക അവരെ നിശ്ശബ്ദതയിലേക്കു പ്രവേശിപ്പിക്കുകയെന്നതായിരിക്കും."

▶ 2

# ഇറാക്കിൽ ആശ്വാസത്തിന്റെ ഇളങ്കാറ്റ്





പ്രഫ. റോണി കെ. ബേബി

മാർച്ചുമാസം ആദ്യവാരത്തിൽ ഫ്രാൻസിസ് മാർപാപ്പാ മെസപ്പൊട്ടോമിയൻ സംസ്കാരത്തിന്റെ അടയാളങ്ങൾ ഇപ്പോഴും പേറുന്ന ഇറാക്കിലേക്കു നടത്തിയ ചരിത്രസന്ദർശനമായിരുന്നു അന്താരാഷ്ട്രമാധ്യമങ്ങളിലെ പ്രധാനപ്പെട്ട ചർച്ചാവിഷയം. ഇറാക്ക് സന്ദർശിക്കുന്ന ആദ്യത്തെ മാർപാപ്പയാണ് ഫ്രാൻസിസ് പാപ്പാ എന്നതാണ് ഈ ചരിത്രസന്ദർശനത്തിനു കൂടുതൽ ശ്രദ്ധ കൈവരുവാൻ കാരണം. കൂടാതെ, ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദത്തിന്റെ കാൽച്ചുവട്ടിൽ ഞെരിഞ്ഞമരേണ്ടിവന്ന മധ്യപൂർവദേശത്തെ ക്രിസ്ത്യാനികളും യസീദികളും ഉൾപ്പടെയുള്ള മതന്യൂനപക്ഷങ്ങളുടെ കദനകഥകൾ ലോകത്തെ പിടിച്ചുകുലുക്കിയ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിലും മാർപാപ്പായുടെ സന്ദർശനത്തിനു വലിയ പ്രാധാന്യം ലഭിക്കുകയുണ്ടായി. കൂടാതെ, ഹാഗിയ സോഫിയ ദൈവാലയമുൾപ്പടെയുള്ളവയെ പിടിച്ചെടുത്തുകൊണ്ട് മധ്യപൂർവദേശത്ത് ഒരു പാൻ ഇസ്ലാമിക് ദേശീയത സൃഷ്ടിക്കുവാനുള്ള സിറിയയുടെയും പ്രസിഡന്റ് ബർഹാം സാലിഹിന്റെയും ശ്രമങ്ങൾ ആഗോളതലത്തിൽത്തന്നെ വലിയ ചർച്ചയാകുമ്പോഴാണ് മാർപാപ്പാ ഇറാഖ് സന്ദർശിച്ചത് എന്ന ചരിത്രപ്രാധാന്യംകൂടി ഇതിനുണ്ട്. മാർച്ച് ആദ്യവാരം നാലുദിവസത്തെ സന്ദർശനത്തിന് ബാഗ്ദാദിലെ അലി റ്റാല്യ വിമാനത്താവളത്തിൽ എത്തിച്ചേർന്ന ഫ്രാൻസിസ് മാർപ്പാപ്പായ്ക്ക് അത്യുജ്ജ്വലസ്വീകരണമാണു നൽകപ്പെട്ടത്. ഷിയാ മുസ്ലീം സംഘടനകൾ മാർപാപ്പായുടെ സന്ദർശനത്തിനെതിരേ പ്രതിഷേധം ഉയർത്തിയ പശ്ചാത്തലത്തിൽ പതിനായിരത്തോളം വരുന്ന സുരക്ഷാസൈന്യത്തെയാണ് മാർപാപ്പായുടെ സുരക്ഷയ്ക്കുവേണ്ടി വിന്യസിച്ചിരുന്നതു എന്നതുകൂടി ശ്രദ്ധേയമാണ്. ഷിയാ ഇസ്ലാമിന്റെ ഏറ്റവും മുതിർന്ന നേതാവായ ഗ്രാന്റ് അലി ആയത്തുള്ള അൽ നിസ്താനിയുടെ മേൽനോട്ടത്തിലാണ് മാർപാപ്പായുടെ സന്ദർശന പരിപാടികൾ ക്രമീകരിച്ചിരുന്നത് എന്നതുകൂടി വലിയ വാർത്താപ്രാധാന്യം നേടുകയുണ്ടായി.

▶ 13

# നീതിമാന്റെ നിശ്ശബ്ദസുവിശേഷം

1-ാം പേജ് തുടർച്ച

ലോകത്തോടുള്ള വ്യർത്ഥസംഭാഷണങ്ങളിൽനിന്നു മാറിനില്ക്കുമ്പോൾ പ്രാർത്ഥനയും നിശ്ശബ്ദതയുംവഴി ദൈവത്തോടു കൂടുതൽ സംഭാഷണത്തിൽ ഏർപ്പെടാൻ സാധിക്കും. ദൈവവചനം ഉള്ളിൽ വളരുമ്പോൾ മനുഷ്യന്റെ വാക്കുകൾ അപ്രത്യക്ഷമാകും. (Verbo crescente Verba deficiunt).

**2. യൗസേപ്പ് ജീവിതത്തിൽ ദൈവത്തിന് ഒന്നാംസ്ഥാനം നല്കി; പുതിയ സാധ്യതകൾ കണ്ടെത്തി**

അതിശക്തമായ ഒരു ആന്തരികതയുടെ ഉടമയാണ് മാർ യൗസേപ്പ്. ഉള്ളിൽനിന്നു പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു അധ്യാപകനാണ് (Magister Interior) യൗസേപ്പ്. ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ടവനായിരുന്നു യൗസേപ്പ്. നാലു സ്വപ്നങ്ങളിലൂടെ തന്നിലെത്തിയ ദൈവഹിതം നിറവേറ്റാൻ യൗസേപ്പ് സദാ സന്നദ്ധനായിരുന്നു. യൗസേപ്പ് നിദ്ര വിട്ട് ഉണർന്ന് കർത്താവിന്റെ ദൂതൻ പറഞ്ഞതുപോലെ പ്രവർത്തിച്ചു. മാർ യൗസേപ്പിനെ അനുസരണയുള്ള പിതാവ് എന്ന് ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നതിന്റെ കാരണം ഇതത്രേ. മാർ യൗസേപ്പ് ജീവിതത്തിൽ എളുപ്പവഴികൾ അന്വേഷിച്ചില്ല. നടന്നുനീങ്ങിയതെല്ലാം ഇടുങ്ങിയ വഴികളിലൂടെ(Via Angusta) യായിരുന്നു. ജീവിതയാഥാർത്ഥ്യങ്ങളെ നേരിട്ടവനാണ് യൗസേപ്പ്. ദൈവത്തിന് ഒന്നാം സ്ഥാനം നല്കാൻ തീരുമാനിച്ചപ്പോൾ യൗസേപ്പ് പിന്നീട് മറ്റൊന്നിനെയുംകുറിച്ചു ചിന്തിച്ചില്ല. ദൈവികശക്തിയിൽ വിശ്വസിച്ച് എല്ലാ പ്രതിസന്ധികളിലും പുതിയൊരു സാധ്യത കണ്ടെത്തിയവനാണ് യൗസേപ്പ്. മാർ യൗസേപ്പ് ഇന്ന് വലിയൊരു സർഗാത്മകശക്തിയായി ക്രൈസ്തവ ആത്മീയതയിൽ സ്ഥാനം പിടിച്ചു. സഭാഗാത്രത്തെ മുന്നോട്ടുനയിക്കുന്ന ഒരു ആത്മീയ ഇന്ധനമാണദ്ദേഹം. മാർ യൗസേപ്പ് വലിയ ധാർമികശക്തിയുംകൂടിയാണ്. ആർക്കും ഇളക്കിമാറ്റാനോ വെളിച്ചം കുറയ്ക്കാനോ പറ്റാത്ത ധ്രുവനക്ഷത്രം (North Star) ആയി ക്രൈസ്തവലോകത്ത് സ്ഥാനം പിടിച്ചുകഴിഞ്ഞു. ജീവിതത്തിൽ ദൈവത്തെ നിരന്തരം ശ്രവിച്ചവനാണ് മാർ യൗസേപ്പ്. യഥാർത്ഥ ശ്രവണം നമ്മെ രൂപാന്തരപ്പെടുത്തും.

**3. യൗസേപ്പിനെക്കുറിച്ചുള്ള ഓർമയില്ലാതെ സഭയ്ക്കു ഭാവിയില്ല**

സഭയുടെ അമൂല്യനിക്ഷേപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് മാർ യൗസേപ്പ്. അദ്ദേഹത്തെക്കുറിച്ചുള്ള ഓർമകളിലേക്കു കടന്നാൽ സഭയ്ക്കു ഭാവിയുണ്ട്. നിങ്ങൾ കടക്കാൻ മടിക്കുന്ന ഗുഹയ്ക്കുള്ളിലാണു നിങ്ങളുടെ നിക്ഷേപം എന്നൊരു ചൊല്ലുണ്ടല്ലോ. പൂർവയൗസേപ്പിനെക്കുറിച്ചുള്ള തിരുവചനം ഏറെ കീർത്തി കേട്ടതാണല്ലോ. 'യൗസേപ്പിന്റെ പക്കലേക്കു പോവുക' (ഉത്പ. 41 : 55). മാർ യൗസേപ്പിനെ മനസ്സിലാക്കിയ തിരുസഭയും ഇന്നു പറയുന്നത് യൗസേപ്പിന്റെ പക്കലേക്കു പോവുക എന്നത്രേ. ലാളിത്യവും വിനയവും മാനുഷികതയും ദൈവോന്മുഖതയും എല്ലാം അവിടെ കാണാൻ കഴിയും. മാർ യൗസേപ്പിലൂടെ ദൈവത്തിന്റെ പദ്ധതി നടപ്പിലായി. മാർ യൗസേപ്പിനെക്കുറിച്ചുള്ള ഓർമ നഷ്ടപ്പെടുന്നവർക്ക് ക്രിസ്തീയതയുടെ ഒട്ടനവധി മൂല്യങ്ങൾ കൈമോശം വരും. ഈ ഭൂമിയിൽ ഉണ്ണീശോയെ കൈപിടിച്ചു നടത്തിയത് മാർ യൗസേപ്പാണ്. സഭയെയും യൗസേപ്പ് കൈപിടിച്ചു നടത്തേണ്ടതുണ്ട്. സഭ ഇനിയും വിനയത്തിന്റെയും പങ്കുവയ്ക്കലിന്റെയും വഴികൾ കണ്ടെത്തേണ്ടതുണ്ട്. കൈപിടിക്കാൻ നമ്മൾ കുനിഞ്ഞുകൊടുക്കേണ്ടതാണ്. വാത്സല്യനിധിയും സ്നേഹസമ്പന്നനുമായ മാർ യൗസേപ്പിനെക്കുറിച്ചുള്ള ഓർമകളിൽ നാം അനുദിനം വളരേണ്ടതുണ്ട്.



യൗസേപ്പ് ആരുടെയും നേരേ കൈചൂണ്ടിയില്ല, ഭീഷണിപ്പെടുത്തിയില്ല. ആദ്യം യൗസേപ്പ് അണുകുടുംബത്തിന്റെ (Embryonic Church), മറിയത്തിന്റെയും ഈശോയുടെയും കുടുംബത്തിന്റെ സംരക്ഷകനായിരുന്നെങ്കിൽ, ഇന്ന് സാർവത്രികസഭയുടെ സംരക്ഷകനാണ്.

**4. ഉറങ്ങുന്ന യൗസേപ്പ്; യൗസേപ്പ് ഒരു അദ്ഭുതമാണ്**

പരിശുദ്ധ ഫ്രാൻസിസ് പിതാവ് പറയുന്നു: "എനിക്ക് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ, ഞാൻ ഒരു കുറിപ്പെഴുതി, ഉറങ്ങുന്ന യൗസേപ്പിന്റെ തിരുസ്വരൂപത്തിന്റെ കീഴിൽ വയ്ക്കും. ഇപ്പോൾ എന്റെ പരാതിക്കുറിപ്പുകളുടെ മെത്തയിലാണ് യൗസേപ്പ് ഉറങ്ങുന്നത്." പ്രതിസന്ധികളിൽപ്പെട്ടിരിക്കുന്ന എല്ലാവർക്കും യൗസേപ്പ് പ്രത്യാശയുടെ ഒരു വഴി കാണിച്ചുതരുന്നുണ്ട്.'' ദൈവികപദ്ധതി നടപ്പിലാക്കാൻ ദൈവം തിരഞ്ഞെടുത്ത ഒരു അദ്ഭുത(Thauma)മാണ് യൗസേപ്പ്. ആധുനിക ദൈവശാസ്ത്രത്തിൽ യൗസേപ്പ് വീണ്ടും അദ്ഭുതവും വിസ്മയവുമായി മാറിക്കൊണ്ടിരിക്കുന്നു. യൗസേപ്പ് ഒരു ഉത്തരവും ഉത്തരവാദിത്വവുമാണ്. നസ്രത്തിലെ കുടുംബത്തിന്റെ നിത്യച്ചെലവിനായി മരപ്പണിയിൽ ഏർപ്പെട്ടിരുന്ന മരപ്പണിക്കാരനായിരുന്നു (Carpentarius, Tekton) യൗസേപ്പ്. ഉത്തരവാദിത്വമേറ്റെടുക്കാത്ത കുടുംബനാഥന്മാരുടെ എണ്ണം കൂടിവരുന്ന ആധുനികകാലത്ത് മാർ യൗസേപ്പ് എല്ലാ കുടുംബനാഥന്മാർക്കുമുള്ള ഉത്തരമായി നിലനില്ക്കുന്നു. അധ്വാനിക്കാൻ മനസ്സില്ലാതെ അലസതയിലും മദ്യപാനത്തിലും വിമർശനങ്ങളിലും സമയം നഷ്ടപ്പെടുത്തുന്ന എല്ലാവരും അവരുടെ ദൃഷ്ടികൾ മാർ യൗസേപ്പിലേക്കു തിരിക്കട്ടെ. 'തൊഴിൽ ചെയ്യുന്ന പിതാവ്' എന്ന് ഫ്രാൻസിസ് പിതാവ് മാർ യൗസേപ്പിനെ വിശേഷിപ്പിക്കുമ്പോൾ എല്ലാ കുടുംബനാഥന്മാരെയും അധ്വാനത്തിന്റെ വഴികളിലൂടെയുള്ള ഓട്ടത്തിലേർപ്പെടാൻ പ്രേരിപ്പിക്കുകയാണ്. എല്ലാ കുടുംബനാഥന്മാരും കുടുംബത്തെയും കുട്ടികളെയും സംരക്ഷിക്കുന്ന ഉത്തരവാദിത്വം ഏറ്റെടുക്കണം. യഥാർത്ഥ പിതാക്കന്മാരുടെ അഭാവത്തിൽ അനാഥരാകുന്നവരുടെ എണ്ണം കൂടിവരുകയാണ്.

**5. മാർ യൗസേപ്പ് സഭാചരിത്രത്തിൽ**

ആദിമസഭയിൽത്തന്നെ മാർ യൗസേപ്പിനെക്കുറിച്ചുള്ള രചനകളും ഒപ്പം വിവാദങ്ങളും നിലനിന്നിരുന്നു. ഒന്നാം നൂറ്റാണ്ടിൽത്തന്നെ മാർ യൗസേപ്പുഭക്തി ഉണ്ടായിരുന്നു. ആദിമസഭാപിതാക്കന്മാർ പലരും അന്ന് സഭ പൂർണമായും അംഗീകരിക്കാത്ത അപ്രമാണികഗ്രന്ഥങ്ങളെ ആശ്രയിച്ചതായി കാണാം. പൗരസ്ത്യസഭകളിലാണ് ആദ്യം ഈ ഭക്തി ആരംഭിച്ചത്. ലത്തീൻസഭയിൽ അഞ്ചാം നൂറ്റാണ്ടോടുകൂടിയാണ് തെളിവുകൾ കാണുന്നത്. ഒരിജൻ, എപ്പിഫാനിയൂസ്, നിസ്സായിലെ ഗ്രിഗറി, അലക്സാൻഡ്രിയായിലെ സിറിൾ, തെയഡോററ്റ്, ക്രിസോസ്തോം, അംബ്രോസ്, ഹിലാരി തുടങ്ങിയവരെല്ലാം മാർ യൗസേപ്പിനെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. തന്മൂലം ആദിമസഭയിൽ വിസ്മരിക്കപ്പെട്ട (forgotten) വിശുദ്ധൻ എന്നു പറയുന്നത് അത്ര ശരിയല്ല. അൽഫോൻസ് ലിഗോറിയുടെ വാക്കുകൾ: "യൗസേപ്പിന്റെ പക്കലേക്കു പോവുക, അവൻ പറയുന്നതു ചെയ്യുക; യൗസേപ്പിന്റെ പക്കലേക്കു പോവുക, മറിയവും ഉണ്ണിയും അനുസരിച്ചതുപോലെ നീയും യൗസേപ്പിനെ അനുസരിക്കുക. യൗസേപ്പിന്റെ പക്കലേക്കു പോവുക, അവൻ അവരോടു സംസാരിച്ചതുപോലെ നീയും സംസാരിക്കുക. യൗസേപ്പിന്റെ പക്കലേക്കു പോവുക, അവർ അവനോട് ആലോചനകൾ നടത്തിയതുപോലെ നീയും ആലോചിക്കുക; യൗസേപ്പിന്റെ പക്കലേക്കു പോവുക, അവർ അവനെ ബഹുമാനിച്ചതുപോലെ നീയും ബഹുമാനിക്കുക; യൗസേപ്പിന്റെ പക്കലേക്കു പോവുക അവർ അവനോടു നന്ദിയുള്ളവനായിരുന്നതുപോലെ നിങ്ങളും നന്ദിയുള്ളവരായിരിക്കുക; യൗസേപ്പിന്റെ പക്കലേക്കു പോവുക, അവർ അവനെ സ്നേഹിച്ചതുപോലെ നിങ്ങളും സ്നേഹിക്കുക.'' ദൈവത്തിന് ഏറ്റവും പ്രിയപ്പെട്ട വിശുദ്ധൻ മാർ യൗസേപ്പാണ്.

തോമസ് അക്വീനാസ് വളരെ ശ്രദ്ധേയമായ ചിന്തകളാണു നല്കുന്നത്: ''വിശുദ്ധന്മാരെല്ലാം സ്വർഗത്തിൽ വലിയ സ്വാധീനമുള്ളവരാണ് എന്നതിൽ സംശയമില്ല. പക്ഷേ, അവർ ദൈവത്തോടു ശുശ്രൂഷകർ എന്ന നിലയിലാണ് ഇടപെടുന്നതും അനുഗ്രഹം ചോദിക്കുന്നതും; മാസ്റ്റേഴ്സ് എന്ന നിലയില്ല. ഭൂമിയിൽ വച്ച് ഈശോ മാർ യൗസേപ്പിന്റെ പരിചരണത്തിലും അധികാരത്തിൻകീഴിലുമായിരുന്നു. യൗസേപ്പ് സ്വർഗത്തിൽ എന്ത് ആഗ്രഹിക്കുന്നുവോ, ആവശ്യപ്പെടുന്നുവോ അതെല്ലാം ലഭിക്കും. നമ്മുടെ എല്ലാ ആവശ്യങ്ങളിലും സഹായിക്കുന്ന ഏക വിശുദ്ധൻ മാർ യൗസേപ്പാണ്."

വി. അമ്മത്രേസ്യായും ഇതുതന്നെയാണു പറയുന്നത്: "മറ്റു വിശുദ്ധർക്കെല്ലാം ഏതാനും ചില കാര്യങ്ങളിൽ മാത്രം സഹായിക്കാൻ സാധിക്കുമ്പോൾ മാർ യൗസേപ്പിന് എല്ലാ കാര്യങ്ങളിലും മനുഷ്യരെ സഹായിക്കാൻ കഴിയും.'' വാഴ്ത്തപ്പെട്ട വില്യം ജോസഫ് ഷാമിനേസ് പറയുന്നു: "ഒരർത്ഥത്തിൽ യൗസേപ്പ് രക്ഷകന്റെ രക്ഷകനാണ് (saviour of the saviour). കാരണം, ഭൂമിയിലായിരുന്നപ്പോൾ അപകടകരമായ പല സാഹചര്യങ്ങളിലും യൗസേപ്പാണ് ഉണ്ണിയെ രക്ഷിച്ചത്.'' ഏറ്റവും അനുഗൃഹീതനായ വിശുദ്ധൻ എന്നത്രേ മാർ അപ്രേം പറഞ്ഞുവച്ചിരിക്കുന്നത്. കൃപാസാഗരമാണ് മാർ യൗസേപ്പ്. ഒൻപതാം പീയുസ് മാർപാപ്പാ പറഞ്ഞു, യൗസേപ്പ് കത്തോലിക്കാസഭയുടെ രക്ഷാകർത്താവാണ് എന്ന്. പന്ത്രണ്ടാം പീയൂസ് യൗസേപ്പിനെ 'തൊഴിലാളികളുടെ മധ്യസ്ഥൻ' എന്നു വിശേഷിപ്പിച്ചു. പൗലോസ് മാർപാപ്പാ പറഞ്ഞു: "സഭ യൗസേപ്പിന്റെ സംരക്ഷണം ഏറ്റുപറയുന്നു. കാരണം, യൗസേപ്പിൽ തിളങ്ങിയിരുന്നതുപോലെ യഥാർത്ഥ സുവിശേഷഗുണങ്ങളാൽ വിളങ്ങിയിരുന്ന അവളുടെ പഴയ ജീവിതരീതി നവീകരിക്കപ്പെടാൻ അവൾ (സഭ) ആഗ്രഹിക്കുന്നു." ബെനഡിക്ട് പിതാവ് യൗസേപ്പിനെ നിശ്ശബ്ദതയുടെ ഐക്കണാക്കി. വി. ജോൺപോൾ രണ്ടാമൻ പാപ്പാ, യൗസേപ്പ് രക്ഷകന്റെ പാലകനാണ് എന്നു പഠിപ്പിച്ചു. ഫ്രാൻസിസ് പിതാവ് 'പിതൃഹൃദയത്തോടെ' എന്ന തിരുവെഴുത്തിൽ മാർ യൗസേപ്പിന്റെ സമഗ്രവ്യക്തിത്വം വെളിപ്പെടുത്തുന്നു.

**6. നീതികെട്ട ലോകവും നീതിമാനായ മാർ യൗസേപ്പും**

മാർ യൗസേപ്പ് തിരുക്കുടുംബത്തിന്റെയും സഭയുടെയും സംരക്ഷകനാണ്. മാർ യൗസേപ്പിനെക്കുറിച്ചുള്ള ഏറ്റവും നല്ല ഒരു വിശേഷണം അദ്ദേഹം നീതിമാനായിരുന്നു (Dikaios) എന്നതത്രേ. ഇന്ന് യഥാർത്ഥ സംരക്ഷകനാകാൻ (custos) പലർക്കും സാധിക്കുന്നില്ല. ഒരുതരം ഹേറോദുമാരുടെ സംഖ്യ വർദ്ധിച്ചുവരികയുമാണ്. നീതികെട്ട ലോകത്തിൽ നീതിമാനായ യൗസേപ്പ് ഒരു വെല്ലുവിളിതന്നെയാണ്. അനീതിക്കും അധാർമികതയ്ക്കുമെതിരേ സ്വരമുയർത്തിയപ്പോൾ യോഹന്നാനു നഷ്ടപ്പെട്ടത് സ്വന്തം ശിരസ്സാണ്. ശിരസ്സ് നഷ്ടപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ ശബ്ദം ഇന്നും മുഴങ്ങിക്കേൾക്കാം. മാർ യൗസേപ്പിന്റെ നിശ്ശബ്ദതയിൽ അദ്ദേഹത്തിന്റെ നീതിബോധവും മിഴിവാർന്നു നില്ക്കുന്നു. നമുക്കു ഹൃദയത്തിൽ സംവഹിക്കാവുന്ന ഒരു സുവിശേഷമായി (Portable Gospel) യൗസേപ്പ് സ്ഥാനം പിടിക്കുകയാണ്. പൂർവയൗസേപ്പ് രാജാവിന്റെ സ്വപ്നമാണു വ്യാഖ്യാനിച്ചതെങ്കിൽ മാർ യൗസേപ്പ് ദൈവത്തിന്റെ സ്വപ്നം വ്യാഖ്യാനിക്കുകയും ജീവിക്കുകയും ചെയ്തവനാണ്. പൂർവയൗസേപ്പ് ആറ്റുതീരത്തു നട്ട വൃക്ഷമായിരുന്നെങ്കിൽ മാർ യൗസേപ്പ് തിരുസഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവനാണ്. പൂർവയൗസേപ്പ് ഭൗമികാഹാരങ്ങളുടെ കലവറയാണു സ്ഥാപിച്ചതെങ്കിൽ മാർ യൗസേപ്പ് ഈശോയാകുന്ന ദിവ്യരഹസ്യത്തിന്റെ കലവറയാണു സ്ഥാപിച്ചത്. ദൈവപിതാവിന്റെ നിഴലാണ് (umbra) മാർ യൗസേപ്പ്.

**7. ഭാര്യയും കുട്ടികളും ഉപേക്ഷിക്കപ്പെടുന്ന കാലത്തും മാർ യൗസേപ്പ് അനുധാവനം ചെയ്യുന്ന ഭർത്താവ്**

യൗസേപ്പ് ഭാര്യയെ രഹസ്യത്തിൽ ഉപേക്ഷിക്കാൻ ശ്രമിച്ചു. പക്ഷേ, അദ്ദേഹത്തിൽ വിളങ്ങി ശോഭിച്ച കൃപയും നീതിബോധവും അതിനു സമ്മതം കൊടുത്തില്ല. "ജോസഫ് നിദ്രയിൽനിന്നുണർന്ന്, കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു" (മത്താ 1:24). കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ടു പറഞ്ഞു:

ശേഷം 4-ാം പേജിൽ

# പഠിക്കേണ്ടത് മനുഷ്യത്വത്തിന്റെ വ്യാകരണം



പ്രഫ. സിജു ജോസഫ്

"വെട്ടുക, മുറിക്കുക, പങ്കുവയ്ക്കുക
ഗ്രാമം, പത്തനം ജനപഥമൊക്കെയും,
കൊന്നും തിന്നും
വാഴുക പുലികളായ്, സിംഹങ്ങളായും
മർത്യരാവുക മാത്രം വയ്യ; ജന്തുത ജയിക്കുന്നു."

പരിഷ്കൃതിയുടെ വഴികളിൽ പുതിയ നാഴികക്കല്ലുകൾ സൃഷ്ടിച്ചു മുന്നേറുമ്പോഴും മനുഷ്യരാകാൻ നമ്മൾ മറന്നുപോകുന്നു എന്ന് മലയാളത്തിന്റെ പ്രിയകവി ഒ.എൻ.വി. കാലങ്ങൾക്കുമുമ്പേ നമ്മെ ഓർമിപ്പിച്ചു!

നാസിഭടന്മാരാൽ താനും തന്റെ സമൂഹവും ക്രൂരമായി വേട്ടയാടപ്പെട്ട നാളുകളിലും മരണമെത്തുന്നതും കാത്ത് തടവറയിൽക്കഴിഞ്ഞ ഏകാന്തദിനങ്ങളിലും ആൻഫ്രാങ്ക് എന്ന പെൺകുട്ടി തന്റെ ഡയറിയിൽ ആവർത്തിച്ചുകുറിച്ച ഒരു വാചകം 'I still believe in men' എന്നായിരുന്നല്ലോ. മനുഷ്യത്വത്തിന്റെ ഉറവ വറ്റാത്ത മനസ്സുകളെ നോക്കി നിസ്സഹായതയോടെയും പ്രതീക്ഷയോടെയും നില്ക്കുന്ന മനുഷ്യർ എല്ലാക്കാലത്തെയും നൊമ്പരപ്പെടുത്തുന്ന കാഴ്ചകളാണ്. നീതിപീഠത്തിനും ഭരണകർത്താക്കൾക്കും മുന്നിൽ നീതിക്കുവേണ്ടി നിലവിളിക്കുന്നവരിൽ എല്ലാക്കാലത്തും പൊതുവായി കാണുന്ന ചില മുഖങ്ങളില്ലേ? കർഷകർ, കുടിയിറക്കപ്പെട്ടവർ, കൊല ചെയ്യപ്പെട്ട മക്കൾക്കുവേണ്ടി നീതി തേടുന്നവർ, ചുവപ്പുനാടയിൽ കുരുങ്ങിക്കിടക്കുന്ന ജീവിതവും സ്വപ്നങ്ങളുമൊന്ന് 'ശരിയാക്കി'യെടുക്കാൻ സർക്കാർ ഓഫീസ് കയറിയിറങ്ങി നിരാശരായവർ, അർഹമായ ജോലി നിഷേധിക്കപ്പെട്ട് ജീവിതം വഴിമുട്ടിപ്പോകുന്നവർ, അവരുടെ പേരിനും നാടിനും മാത്രമല്ലേ മാറ്റമുണ്ടാകുന്നുള്ളൂ; അവരുടെ വിലാപത്തിനും അവരനുഭവിക്കുന്ന ദുരിതങ്ങൾക്കും അവരെ വിഴുങ്ങുന്ന സംഘർഷത്തിനും ഒരേ സ്വരവും ഒരേ ഭാഷയുമല്ലേ?

നിയമത്തെ നീതിയോടും കാരുണ്യത്തോടുമിണക്കി വ്യാഖ്യാനിക്കാൻ നമ്മുടെ അധികാരികൾക്കും ഭരണാധിപന്മാർക്കും കഴിയാതെ പോകുന്നത് മനുഷ്യത്വത്തിന്റെ ഭാഷ എവിടെയോവച്ച് അവർക്കു നഷ്ടമാകുന്നതുകൊണ്ടല്ലേ?

സനീഷ് ജോസഫിനെ കേരളം മറന്നിട്ടുണ്ടാവില്ല. ക്യാൻസർ കീഴടക്കിയ ജീവിതം അതിന്റെ അവസാനനാളുകളിലേക്കടുക്കുകയാണെന്നറിഞ്ഞപ്പോൾ വേദനയും അനാരോഗ്യവും തകർത്ത ശരീരവും മനസ്സുമായി കട്ടപ്പന രജിസ്റ്റർ ഓഫീസിന്റെ മുറ്റത്ത് കാറിൽ ക്ഷമയോടെ കാത്തിരുന്ന ചെറുപ്പക്കാരൻ. നാളെ താൻ ഇല്ലാതെയാകുന്ന ദിനങ്ങളിൽ തനിച്ചായിപ്പോകുന്ന കുടുംബത്തെയോർത്തുള്ള ആകുലതയായിരുന്നിരിക്കണം ആ മനസ്സു നിറയെ. അതുകൊണ്ടാണല്ലോ എഴുന്നേറ്റുനില്ക്കാനോ നടക്കാനോപോലുമാകാത്ത അവസ്ഥയിലും ആധാരം രജിസ്ട്രർ ചെയ്തു കിട്ടുന്നതിനുവേണ്ടി അയാൾ അവസാനമായി വീടിനു പുറത്തേക്കിറങ്ങുന്നത്. മൂന്നാംനിലയിലെ തന്റെ ഓഫീസുമുറിയിൽ ആധാരവും ആവശ്യക്കാരനും ഹാജരായാൽ മാത്രമേ നടപടിയുണ്ടാകൂ എന്നു കർശനനിലപാടെടുത്ത ഉദ്യോഗസ്ഥ. ആവശ്യക്കാരനെ കസേരയിലിരുത്തി മൂന്നുനിലകൾ ചുമന്നുകയറ്റി നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ബന്ധുക്കൾ. എല്ലാം കഴിഞ്ഞു തിരിച്ചുപോരുമ്പോഴും ഒടുവിൽ എല്ലാംവിട്ട് ഭൂമിയിൽനിന്നു യാത്രയാകുമ്പോഴും സനീഷിനെ ഒത്തിരി നൊമ്പരപ്പെടുത്തിയ അനുഭവം. അതിന്റെ ആഴമെത്രെയെന്നു സങ്കല്പിക്കാൻ മൂന്നാംനിലയിലെ കസേരകൾക്കു കഴിഞ്ഞിട്ടുണ്ടാവും; അതിലിരുന്നവർക്കു കഴിഞ്ഞില്ലെങ്കിലും. എനിക്കുറപ്പാണ്, മൂന്നാംനിലയിലെ കസേരയിൽനിന്ന് ഇനിയുമെത്ര നിലകൾ കയറിയാലും ആ അധികാരിയുടെ മനസ്സിൽ എന്നും ഉണ്ടാവും, സനീഷിന്റെ നിസ്സഹായമായ നോട്ടവും നിറഞ്ഞ കണ്ണുകളും. 'ഒരാൾ ഒറ്റയ്ക്കൊരു ദൈവാലയത്തിലേക്ക് ഒരിക്കലും പ്രവേശിക്കുന്നില്ല' എന്നും 'ഏകനായി ഒരാൾക്ക് ദൈവത്തെ സമീപിക്കാനാവില്ല' എന്നും കുറിച്ചത് പ്രിയപ്പെട്ട ബോബി ജോസ് കട്ടികാട് അച്ചനാണ്. നാം നിഷേധിച്ച മനുഷ്യത്വത്തിൽ തകർന്നുപോയ പലരുടെയും നിലവിളികളുമുണ്ടാവും നമ്മുടെ പ്രാർത്ഥനകൾക്കൊപ്പം. 'ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ?' എന്ന് ഓരോ ദിനവും നാം ദൈവത്തോടു ചോദിച്ചുകൊണ്ടിരിക്കുന്നു.

ചിലരെ കുടിയിറക്കാൻ, ചിലരെ പിടിച്ചയുടൻ കൊന്നുകളയാൻ എന്ത് ആവേശമാണ് നമുക്ക്! 'നിങ്ങളുതന്നെ കൈകാര്യം ചെയ്തോ' എന്ന് വേണ്ടപ്പെട്ടവർ നല്കിയ ഉറപ്പിലല്ലേ മധുവെന്ന ആദിവാസിയുവാവ് കൊല്ലപ്പെട്ടത്? നാടിനെയും മനുഷ്യരെയും അടുത്തറിഞ്ഞപ്പോൾ നാടിനെക്കാൾ നല്ലത് കാടാണെന്നറിഞ്ഞു തിരിച്ചുനടന്നവൻ. മോഷ്ടിച്ചെടുത്ത രണ്ടു പിടി അരി അടുപ്പത്തിട്ട് പൊരിയുന്ന വയറുമായി കാത്തിരുന്നവനെയാണ് പത്തിരുപതുപേർ ഒത്തുചേർന്ന് അടിച്ചും തൊഴിച്ചും കൈകാലുകൾ ബന്ധിച്ചും ആർപ്പുവിളികളോടെയും ആഘോഷമായി നാട്ടിൽ കൊണ്ടുവന്ന് കശാപ്പു ചെയ്തത്. മിച്ചം വന്ന അരിമണികൾ കിഴി കെട്ടി തൊണ്ടിമുതലായി തലയിൽ വച്ചുകൊടുക്കാനും മറക്കാത്ത ജാഗ്രത പുലർത്തിയ മനുഷ്യർ.



"ഏതണുജീവിതൻ നോവുമെൻ
വാഴ്വിന്റെ വേദനയാണതു
തീർക്കലാണെൻ സുഖം" എന്നും

"ആരുടെ കാലിൽത്തറയ്ക്കുന്ന മുള്ളുമെ-
ന്നാത്മാവിൽ കുത്തി നോവിക്കും" എന്നും

കവികൾ പാടിയ സംസ്കൃതിയിൽനിന്നു നാം ഇന്ന് ആൾക്കൂട്ടക്കൊലപാതകങ്ങളുടെ 'ത്രില്ലി'ലേക്കു മാറുകയാണോ? തെറ്റു ചെയ്തവൻ ശിക്ഷിക്കപ്പെടട്ടെ. തെറ്റും ശരിയും നാം തന്നെ നിശ്ചയിച്ച് നാം തന്നെ കൊല്ലുകയും കുഴിച്ചുമൂടുകയും ചെയ്യുമ്പോൾ നാം പഠിച്ച ധർമത്തിനും മൂല്യത്തിനും മനുഷ്യാകാരംപൂണ്ട മൂല്യങ്ങൾക്കും ഇവിടെ എന്താണു പ്രസക്തി?

കുഞ്ഞുങ്ങളും വൃദ്ധരും ഉൾപ്പെടെയുള്ള ആറു കുടുംബങ്ങളെ ഒറ്റ രാത്രിയിൽ വിളിച്ചിറക്കി, പാഠപുസ്തകങ്ങളോ സർട്ടിഫിക്കറ്റുകളോപോലും എടുക്കാനനുവദിക്കാതെ അവരുടെ കുടിലുകൾ നിമിഷങ്ങൾക്കകം ഇടിച്ചുനിരത്തിയ 'നിയമം നടപ്പാക്കൽ' പ്രക്രിയകൾ നാം കണ്ടതും അടുത്ത നാളിലാണ്.

നീതിയുടെ അവസാനമാർഗം സ്വന്തം ദേഹത്തേക്കൊഴിക്കുന്ന മണ്ണെണ്ണയും കത്തിച്ചുപിടിച്ചിരിക്കുന്ന ഒരു തീപ്പെട്ടിക്കൊള്ളിയുമാണെന്ന ബോധം എത്രവേഗമാണ് ഇന്നു മനുഷ്യരിലേക്കു പടർന്നുകൊണ്ടിരിക്കുന്നത്!

കേന്ദ്രഗവൺമെന്റിന്റെ കാർഷികോപദേഷ്ടാവായിരുന്ന പി.സി. ബോധ് എഴുതിയ പുസ്തകമാണ് 'Farmers suicide in India, A policy Malignancy'. 1995 മുതൽ 2015 വരെ ആത്മഹത്യ ചെയ്ത കർഷകരുടെ വാർഷികശരാശരിയായി അദ്ദേഹം പറയുന്നത് 15,306 എന്ന സംഖ്യയാണ്. ഓരോ മാസവും 984, ഓരോ ദിവസവും 31 എന്ന കണക്കിൽ ഇന്ത്യയിൽ കർഷക ആത്മഹത്യകൾ നടക്കുന്നു. 2015 നു ശേഷം നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോ ഇത്തരം കണക്കുകൾ കൃത്യമായി പുറത്തുവിടുന്നില്ല എന്ന ആക്ഷേപവുമുണ്ട്.

നമ്മെ അന്നമൂട്ടുന്ന സൈനികരാണ് കർഷകർ. നിലനില്പിനുവേണ്ടിയുള്ള അവരുടെ പോരാട്ടത്തെ രാഷ്ട്രീയസമരമായി മാത്രം കണ്ട് നമുക്ക് അവഗണിക്കാനാകുമോ? നടപ്പിലാക്കാൻ ശ്രമിക്കുന്ന കർഷകകോർപ്പറേറ്റ് കൂട്ടായ്മയിൽ തങ്ങളുടെ ഭാവി സുരക്ഷിതമാണെന്നു വിശ്വസിക്കാൻ കർഷകർക്കു കഴിയുന്നില്ല. ഫുഡ്കോർപ്പറേഷൻ ഓഫ് ഇന്ത്യ പോലുള്ള പൊതുവിതരണസംവിധാനത്തിലൂടെയും സർക്കാർ 'മണ്ഡി'കളിലൂടെയും ഗ്രാമീണചന്തകളിലൂടെയും ഉത്പന്നങ്ങൾ വിറ്റഴിക്കുമ്പോൾ കിട്ടുന്ന ലാഭം സ്വകാര്യകോർപ്പറേറ്റുകളുമായി കൈകോർക്കുമ്പോൾ കർഷകർക്കു കിട്ടുമെന്ന് എന്താണുറപ്പ്? 'പ്രൈസ് അഷ്വറൻസ് ബിൽ' എന്ന വകുപ്പിനെക്കുറിച്ച് ആവർത്തിച്ചു പറയുന്നെങ്കിലും സഹായവില ഉറപ്പാക്കാനുള്ള യാതൊരു സംവിധാനവും ഇതിലില്ല എന്നതല്ലേ സത്യം? സർക്കാർ പിന്മാറിയ ഇടങ്ങളിലെല്ലാം കർഷകർ ചൂഷണത്തിനിരയാകുന്നു എന്നതു മറ്റൊരു യാഥാർത്ഥ്യം.

'ഭരിക്കുന്ന സുഖം നിനക്കും ഭരിക്കപ്പെടാത്തതിന്റെ സുഖം അവർക്കും ഉണ്ടാകട്ടെ' എന്നാണ് ദശരഥമഹാരാജാവ് പട്ടാഭിഷേകത്തിന്റെ തലേരാത്രിയിൽ ശ്രീരാമനു നല്കുന്ന ഉപദേശം. സി.എൻ. ശ്രീകണ്ഠൻ നായർ എഴുതിയ 'സാകേതം' നാടകത്തിലേതാണു സന്ദർഭം. നിയമം നിർമിക്കുമ്പോഴും വ്യാഖ്യാനിക്കുമ്പോഴും നടപ്പിലാക്കുമ്പോഴും ഭരണകർത്താക്കൾക്കു വേണ്ടത് മനുഷ്യത്വത്തിന്റെ വ്യാകരണവും ഭാഷയുമാണെന്നല്ലേ ഈ സംഭാഷണം വ്യക്തമാക്കുന്നത്. ഒരു നിയമം നിർമിക്കുന്നതിനെക്കുറിച്ചാലോചിക്കുമ്പോൾ, കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും നിസാരനും നിസ്സഹായനുമായ ഒരുവന്റെ മുഖം മനസ്സിലുണ്ടാവണമെന്നും അവനെ അത് എങ്ങനെയാവും ബാധിക്കുക എന്നോർക്കണമെന്നും പറഞ്ഞത് നമ്മുടെ രാഷ്ട്രപിതാവാണ്.

മർത്തര്യല്ലാതെ നാം മറ്റെന്തൊക്കെ ആയാലും എന്തു മെച്ചം? പുലരട്ടെ, നിയമവും നീതിയും മനുഷ്യത്വവും കൈകോർക്കുന്ന കാലം. ■






ഗിഫു മേലാറ്റൂർ

**ചൂ**ടുകാലത്തിനുമുമ്പേ കേരളത്തിൽ അത്യുഷ്ണം തുടങ്ങിയിരിക്കുന്നു, ഈ വർഷവും. സാധാരണമായി മാർച്ചോടെയാണ് ഉഷ്ണകാലാവസ്ഥയിലേക്കു കടക്കാറ്. എന്നാൽ, ഏതാനും വർഷങ്ങളായി ഫെബ്രുവരി അവസാനത്തോടെ കടുത്ത ചൂട് അനുഭവപ്പെട്ടുവരുന്നു. നിലവിൽ ചില ജില്ലകളിൽ 35 മുതൽ 37 വരെ ഡിഗ്രി സെൽഷ്യസ് ചൂട് അനുഭവപ്പെടുന്നുണ്ട്. വരുംദിവസങ്ങളിൽ ഇത് പാരമ്യത്തിലെത്തുമെന്നാണ് കാലാവസ്ഥാവിദഗ്ധരുടെ മുന്നറിയിപ്പ്. പലയിടങ്ങളിലും ജലാശയങ്ങൾ വറ്റിവരളുകയും കിണറുകളിൽ വെള്ളം താഴുകയും ചെയ്തിട്ടുണ്ട്. വേനൽ ചൂടിന് അല്പം ശമനം തരാറുള്ള വേനൽമഴ കുറഞ്ഞതും കടലിലെ താപനിലയും മറ്റുമാണത്രേ ഇപ്പോഴത്തെ ഉഷ്ണത്തിനു കാരണം.

**വെതർമാന്റെ മുന്നറിയിപ്പ്**

അടുത്തദിവസങ്ങളിലൊന്നും വേനൽമഴ പ്രതീക്ഷിക്കേണ്ടതില്ലെന്നാണ് സ്വകാര്യ കാലാവസ്ഥാ നിരീക്ഷണസ്ഥാപനമായ 'വെതർമാന്റെ' പ്രവചനം. ഈ മാസം പകുതിക്കുശേഷം തെക്കൻകേരളത്തിൽ ഒറ്റപ്പെട്ട മഴയ്ക്കു സാധ്യതയുണ്ടെങ്കിലും വേനൽമഴ ഈ മാസം അവസാനത്തോടെ മാത്രമായിരിക്കുമെന്നാണ് അവരുടെ നിരീക്ഷണം. കിഴക്കൻകാറ്റുപോലും അനുകൂലമല്ലാത്തതും രാജ്യത്ത് പൊതുവെ ഈർപ്പം കുറഞ്ഞതും സംസ്ഥാനത്ത് ചൂടുകൂടാൻ ഇടയാക്കുമെന്നും വെതർമാൻ മുന്നറിയിപ്പു നൽകുന്നു. കോൺക്രീറ്റ് കെട്ടിടങ്ങളുടെയും ടാറിട്ട റോഡുകളുടെയും സാമീപ്യവും ഉഷ്ണത്തിന്റെ കാഠിന്യം വർധിപ്പിക്കും.

**മാർഗനിർദേശങ്ങൾ**

വെള്ളം ധാരാളം കുടിക്കുക, പുറത്തിറങ്ങുമ്പോൾ എപ്പോഴും ഒരു കുപ്പി വെള്ളം കൈയിൽ കരുതുക, അയഞ്ഞതും ഇളംനിറത്തിലുള്ളതുമായ പരുത്തിവസ്ത്രങ്ങൾ ധരിക്കുക, നിർജലീകരണം വർധിപ്പിക്കാനിടയാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പരമാവധി ഒഴിവാക്കുക, പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക, നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്ന തൊഴിലുകളിൽ ഏർപ്പെടുന്നവർ ആവശ്യമായ വിശ്രമം എടുക്കാൻ ശ്രദ്ധിക്കുക. പകൽ സമയങ്ങളിൽ പുറത്തിറങ്ങുന്നവർ തൊപ്പിയോ കുടയോ ഉപയോഗിക്കുക തുടങ്ങിയവയാണ് അത്യുഷ്ണത്തിന്റെ ആഘാതം നേരിടാൻ ആരോഗ്യവിദഗ്ധരും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും നിർദേശിക്കുന്ന മാർഗങ്ങൾ.

**രാഷ്ട്രീയപ്രവർത്തനം ഉഷ്ണകാലത്ത്**

അന്തരീക്ഷോഷ്മാവ് ക്രമാതീതമായി ഉയരുന്ന സാഹചര്യത്തിൽ സൂര്യാതപം, സൂര്യാഘാതം തുടങ്ങിയവയ്ക്കെതിരേ മുൻകരുതലെടുക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, രോഗികൾ മുതലായവർ പകൽ 11 മണി മുതൽ മൂന്നു മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. പകൽസമയങ്ങളിൽ തൊഴിലുറപ്പ് ഉൾപ്പെടെയുള്ള ജോലികൾക്ക് സമയം ക്രമീകരിക്കുന്ന കാര്യം ദുരന്തനിവാരണ അതോറിറ്റി ആലോചിച്ചുവരികയാണ്. നിയമസഭാതിരഞ്ഞെടുപ്പു പ്രചാരണരംഗത്തു പ്രവർത്തിക്കുന്ന രാഷ്ട്രീയപ്രവർത്തകരും പ്രചാരണസമയത്തിൽ ക്രമീകരണം വരുത്തേണ്ടിവരും.

**കന്നുകാലികളുടെ ആരോഗ്യവും ശ്രദ്ധിക്കുക**

മനുഷ്യരെപ്പോലെ കന്നുകാലികളുടെ ആരോഗ്യത്തെയും ഉയർന്ന അന്തരീക്ഷതാപനില കാര്യമായി ബാധിക്കും. തുറസ്സായ പ്രദേശങ്ങളിലോ വയലിലോ കന്നുകാലികളെ മേയ്ക്കുന്നത് വേനൽക്കാലരോഗങ്ങൾ വർദ്ധിക്കാനിടയാക്കും. നിർജലീകരണം അനുഭവപ്പെട്ട് പശുക്കൾക്കു മരണംവരെ സംഭവിക്കാം. മൃഗങ്ങളിൽ വിയർപ്പുഗ്രന്ഥികൾ കുറവായതിനാൽ മനുഷ്യരെക്കാൾ വേഗത്തിൽ ശരീരം ചൂടാകുകയും ശ്വസനനിരക്കു വർധിക്കുകയും ചെയ്യും.

**നിർദേശിക്കപ്പെടുന്ന പ്രതിവിധികൾ**

താപനില വർദ്ധിക്കുമ്പോൾ തീറ്റയെടുക്കാൻ മടിക്കുന്നതിനാൽ പാലുത്പാദനം ഗണ്യമായി കുറയാം. കോഴി, താറാവ് തുടങ്ങി വളർത്തുപക്ഷികളിൽ കോഴിവസന്തപോലുള്ള സാംക്രമികരോഗങ്ങളും ബാധിക്കാനിടയുണ്ട്. അത്യുഷ്ണമുള്ളപ്പോൾ മൃഗങ്ങളെ തുറസ്സായ സ്ഥലത്ത് മേയാൻ വിടാതിരിക്കുക, ഉദയത്തിനുമുമ്പും സൂര്യാസ്തമയശേഷവും കൂടുതൽ ഭക്ഷണം കൊടുക്കുക, കഴിവതും തൊഴുത്തിലോ മരത്തണലിലോ കെട്ടുക, ശരീരം തണുക്കാൻ ചണച്ചാക്കു നനച്ച് മൃഗങ്ങളുടെ ദേഹത്ത് ഇടുക, തൊഴുത്തിന്റെ മേൽക്കൂരയിൽ ഓല പാകുകയോ തൊഴുത്തിൽ ഫാൻ ഘടിപ്പിക്കുകയോ ചെയ്യുക തുടങ്ങിയവയാണ് ഇതിനു പ്രതിവിധിയായി നിർദേശിക്കപ്പെടുന്നത്.

**വിവേകരഹിതമായ പ്രവർത്തനങ്ങളുടെ ഫലം**

അത്യുഷ്ണമുൾപ്പെടെയുള്ള കാലാവസ്ഥാവ്യതിയാനങ്ങൾ മനുഷ്യസമൂഹത്തിന്റെ വിവേകരഹിതമായ പ്രവർത്തനങ്ങളുടെകൂടി ഫലമാണ്. മലകളും കുന്നുകളും ഇടിച്ചുനിരപ്പാക്കി തണ്ണീർത്തടങ്ങളും വയലുകളും നികത്തൽ, കാടുകൾ വെട്ടിത്തെളിക്കൽ, ജൈവവൈവിധ്യനാശം, വർദ്ധിച്ച തോതിലുള്ള മണൽ, പാറ ഖനനം, ഹരിതഗൃഹവാതകങ്ങളുടെ വൻതോതിലുള്ള പുറന്തള്ളൽ തുടങ്ങിയവയെല്ലാം അത്യുഷ്ണത്തെയും വരൾച്ചയെയും ക്ഷണിച്ചുവരുത്തുന്നതാണ്.

**മഴയെ ബാധിക്കുന്ന പ്ലാസ്റ്റിക് പാഴ്‌വസ്തുക്കൾ**

വീടുകളിലുണ്ടാകുന്ന പ്ലാസ്റ്റിക് പാഴ്‌വസ്തുക്കളുടെ നശീകരണത്തിന് പൊതുവേ സ്വീകരിക്കുന്ന മാർഗം കത്തിച്ചുകളയലാണ്. ഇവയിൽനിന്നു പുറത്തുവരുന്ന പുകയും വാഹനങ്ങൾ പുറത്തുവിടുന്ന പുകയുമെല്ലാം അന്തരീക്ഷത്തിൽ അടിഞ്ഞുകൂടുന്നു. ഇത് കാർമേഘങ്ങളുടെ രൂപവത്കരണത്തെയും മഴയെയും ബാധിക്കുമെന്നാണ് കാലാവസ്ഥാ ശാസ്ത്രജ്ഞരുടെ മുന്നറിയിപ്പ്.

**പ്രപഞ്ചനാശത്തെക്കുറിച്ചു മുന്നറിയിപ്പ്**

ഇത്തരം മാലിന്യങ്ങളുടെ നശീകരണത്തിനു വികസിതരാഷ്ട്രങ്ങൾ സ്വീകരിക്കുന്ന സംവിധാനങ്ങൾ നമ്മുടെ രാജ്യത്ത് കാര്യമായി നടപ്പിലായിട്ടില്ല. പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിക്കുന്നതിന്റെ ഗുരുതരമായ ഭവിഷ്യത്തിനെക്കുറിച്ച് ജനങ്ങൾ വേണ്ടത്ര ബോധവാന്മാരുമല്ല. ഇത്തരം പ്രവർത്തനങ്ങൾ നിയന്ത്രിച്ചില്ലെങ്കിൽ വരുംതലമുറ അനുഭവിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ കഠിനതരമായിരിക്കും. പ്രപഞ്ചത്തിന്റെ തകർച്ചയും മനുഷ്യസമൂഹത്തിന്റെ മൊത്തം നാശവും അധികം വൈകാതെ സംഭവിക്കാമെന്ന് ശാസ്ത്രലോകം മുന്നറിയിപ്പു നൽകുന്നുണ്ട്. ആധുനികശാസ്ത്രത്തിന്റെ വരവിനുമുമ്പേ മതങ്ങളും മുന്നറിയിപ്പു നൽകിയിട്ടുണ്ട്, പ്രപഞ്ചനാശത്തെക്കുറിച്ച്. അതിന്റെ മുന്നോടിയായിരിക്കുമോ ഈ കാലാവസ്ഥാവ്യതിയാനവും അത്യുഷ്ണവുമെല്ലാം?

# നീതിമാന്റെ നിശ്ശബ്ദസുവിശേഷം

*2-ാം പേജ് തുടർച്ച*

"എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക" (മത്തായി 2:13). ഇവിടെ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന പദം paralambano - അനുധാവനം ചെയ്യുക – എന്നത്രേ. യാത്രയിൽ കൂട്ടത്തിൽ പോവുക; സ്വന്തം വീട്ടിൽ എന്നതുപോലെ സ്വീകരിക്കുക; ഒന്നിച്ചു നടക്കുക എന്നൊക്കെയാണ് അർത്ഥം. ഇത് മാർ യൗസേപ്പിനെ ശിശുവിന്റെ വളർത്തുപിതാവും മറിയത്തിന്റെ സംരക്ഷകനുമായി മാറ്റുന്നു. യൗസേപ്പ് തന്നെത്തന്നെ പൂർണമായും മറിയത്തിനും ഉണ്ണീശോയ്ക്കുംവേണ്ടി വ്യയം ചെയ്യുകയാണ്. സ്നേഹം എല്ലാ ആശങ്കകളെയും ഇല്ലാതാക്കുന്നു. ഏറെ വ്യാകുലങ്ങൾ അനുഭവിച്ചവനാണ് യൗസേപ്പ്. എല്ലാ വ്യാകുലതകളെയും അനുഗ്രഹങ്ങളാക്കി അദ്ദേഹം മാറ്റി. വിശ്വസിച്ചവളും വിശ്വസിച്ചവനും ഭാഗ്യമുള്ളവരായി, അനുഗൃഹീതരായി (Makarioi). യൗസേപ്പ് തിരുക്കുടുംബത്തെ ചേർത്തുപിടിച്ചതും അനുഗൃഹീതമായി മാറി. ദൈവസ്വരം കേട്ട് തങ്ങളുടെ ജീവിതത്തെ ധന്യമാക്കാൻ പരിശ്രമിക്കുന്ന ആർക്കും യൗസേപ്പിന്റെ ജീവിതം ഒരു അടയാള (emblematic) മാണ്.

**8. വ്രതവാഗ്ദാനങ്ങളോടുകൂടിയ കുടുംബജീവിതം**

യൗസേപ്പ് എന്നത് ഉത്തരവാദിത്വമാണ്. ദൈവികസ്വരത്തെ പിൻതുടർന്നുള്ള ജീവിതം എപ്പോഴും ശാന്തവും മധുരതരവുമാകണമെന്നില്ല. മാർ യൗസേപ്പിന്റെ ജീവിതം സ്വയം മറന്നുകൊണ്ടുള്ള ജീവിതമായിരുന്നു. സ്വന്തം കാര്യം വിട്ടുകളയുന്ന ജീവിതം. വിവാഹം കഴിക്കുകയും എന്നാൽ തനിച്ചായിരിക്കുകയും ചെയ്യുന്ന ഒരു ജീവിതക്രമമുണ്ട്. ആത്മാവിലുള്ള സന്തോഷം മാത്രമാണ് പങ്കുവയ്ക്കുന്നത്. വ്രതവാഗ്ദാനങ്ങളോടുകൂടി, കന്യാത്വത്തോടുകൂടി കുടുംബജീവിതം നയിക്കാം എന്നു മാർ യൗസേപ്പ് പഠിപ്പിക്കുന്നു. ശാരീരികബന്ധം മടുത്തതിനു ശേഷം ഉപേക്ഷിക്കുകയല്ല, ആരംഭംമുതലേ വേണ്ടെന്നു വയ്ക്കുകയാണ്. പണ്ഡിതനായ ബിഷപ് ഷീൻ പറയുന്നു: "നക്ഷത്രപ്രകാശം പ്രപഞ്ചത്തെ കൂട്ടിയിണക്കുന്നു. പക്ഷേ, നക്ഷത്രങ്ങൾ കൂടിച്ചേരുന്നില്ല; പൂന്തോട്ടത്തിലെ പൂക്കൾ സൗരഭ്യം പരത്തുന്നു. എങ്കിലും, അവർ പരസ്പരം സ്പർശിക്കുന്നില്ല; ഹൃദയങ്ങൾ തമ്മിലുള്ള വിവാഹം പാട്ടുകച്ചേരിപോലെയാണ്. വലിയ താളങ്ങൾ സൃഷ്ടിക്കുന്നു. എന്നാൽ, ഉപകരണങ്ങൾ തമ്മിൽ കൂട്ടിമുട്ടുന്നില്ല." കൃപാവരപൂർണയായ മറിയം ഒരർത്ഥത്തിൽ യൗസേപ്പിനെയും ദൈവകൃപകൊണ്ടു നിറച്ചു. യൗസേപ്പ് വൃദ്ധനായിരുന്നില്ല. സ്നേഹം കൊണ്ടു കത്തിജ്വലിച്ച യുവാവായിരുന്നു. മറിയവും യൗസേപ്പും തമ്മിൽ സ്നേഹിച്ചതുപോലെ ഈ ലോകത്തിൽ മറ്റാരും സ്നേഹിച്ചുകാണില്ല. ലെയോ പതിമൂന്നാമന്റെ വാക്കുകൾ ഏറെ ശ്രദ്ധേയമാണ്: "മറിയത്തിനും യൗസേപ്പിനും ഒരിക്കൽപ്പോലും ശാരീരികബന്ധത്തിൽ ഏർപ്പെടേണ്ടിവന്നില്ല. കാരണം, അവരുടെ സ്നേഹം മുഴുവനും ഉണ്ണിയായ ഈശോയിലായിരുന്നു. Voluptas cordium - ശാരീരികതയുടെ ഒരു ചിന്തപോലുമില്ലായിരുന്നു. ഹൃദയത്തിന്റെ സന്തോഷം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മറിയവും യൗസേപ്പും തമ്മിൽ ശാരീരികമായി ഒന്നിക്കുകയല്ല ചെയ്തത്. ഈശോയാണ് അവരെ ഒന്നിപ്പിച്ചത്. ഈശോയിലാണ് അവരും ഒന്നിച്ചത്." യൗസേപ്പിന്റെ പക്കലേക്കു പോവുക ( Ite Joseph).

■

ദീപനാളം

ചീഫ് എഡിറ്റർ & മാനേജിംഗ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

നല്ലതോ ചീത്തയോ ആയ ഏതു നിഗൂഢപ്രവൃത്തിയും ദൈവം നീതിപീഠത്തിനു മുൻപിൽ കൊണ്ടുവരും.

സഭാപ്രസംഗകൻ 12:14

**എഡിറ്റോറിയൽ**

## നീതിനിഷേധം തുടർക്കഥയാവുമ്പോൾ

രാജ്യത്തെ ആദ്യഡിജിറ്റൽ സർവകലാശാലയ്ക്കു തുടക്കം കുറിക്കാനായതിന്റെ അഭിമാനത്തിളക്കത്തിലായിരുന്ന സംസ്ഥാനസർക്കാരിന്, രണ്ടാഴ്ച കഴിഞ്ഞതേ, ക്രമവിരുദ്ധമായ നിയമനങ്ങളുടെ പേരിൽ വിമർശനങ്ങൾ കേൾക്കേണ്ടിവന്നത് നാണക്കേടായിരിക്കുന്നു. പിൻവാതിൽ നിയമനവുമായി ബന്ധപ്പെട്ട് ഈയടുത്തകാലത്ത് ഇതര സർവകലാശാലകളിൽനിന്നുയർന്ന അഴിമതിയാക്ഷേപങ്ങളുടെ ചൂടാറുംമുമ്പാണ് വീണ്ടും പുതിയ വിവാദം കത്തിത്തുടങ്ങിയിരിക്കുന്നത്. രഹസ്യമായി നടത്തിയ നിയമനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ വന്നതോടെയാണ് ജനം പുറത്തറിയുന്നത്.

ചട്ടലംഘനം നടത്തി ഇഷ്ടക്കാരെ പ്രതിഷ്ഠിക്കാനുള്ള നെട്ടോട്ടങ്ങൾക്ക് നമ്മുടെ സർവകലാശാലകളിൽപ്പോലും അവസാനമില്ലേയെന്ന് വിദ്യാർത്ഥികളും രക്ഷിതാക്കളും പലവട്ടം ചോദിക്കുന്നതിനിടെയാണ് പുതിയ വിവാദങ്ങൾ തലപൊക്കുന്നത്. സത്യവും നീതിയും മൂല്യബോധവും പാനവിധേയമാകേണ്ട സർവകലാശാലകളിൽ പണത്തിന്റെയും പദവികളുടെയും പേരിലരങ്ങേറുന്ന ക്രമക്കേടുകൾ കണ്ടില്ലെന്നു നടിക്കാൻ ഒരു യഥാർത്ഥ വിദ്യോപാസകനു സാധിക്കില്ല.

അധ്യാപക, അനധ്യാപക തസ്തികകളിലേക്കാണു പിൻവാതിൽ നിയമനങ്ങൾ നടന്നത്. 5 പ്രഫസർമാർ, 2 അസോസിയേറ്റ് പ്രഫസർമാർ, 8 അസിസ്റ്റന്റ് പ്രഫസർമാർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഡപ്യൂട്ടി രജിസ്ട്രാർമാർ, അസി. രജിസ്ട്രാർമാർ തുടങ്ങിയ ഉയർന്ന തസ്തികകളിലും, സാങ്കേതികജീവനക്കാർ, ക്ലർക്കുമാർ, ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ തുടങ്ങിയ ഇതര തസ്തികകളിലും നിയമനങ്ങൾ നടത്തിയിട്ടുണ്ട്. ഇവയിലൊന്നും സംവരണം പാലിച്ചിട്ടില്ലെന്നും ആക്ഷേപമുണ്ട്.

സർവകലാശാല സ്വന്തമായി ചട്ടങ്ങളും അനുബന്ധനിയമങ്ങളും തയ്യാറാക്കിയിട്ടില്ലാത്തതിന്റെ മറവിലാണ് നിയമനങ്ങൾ നടന്നത്. ഇത്തരത്തിൽ നിയമനങ്ങൾ നടത്താൻ സർവകലാശാലാച്ചട്ടത്തിൽ വ്യവസ്ഥയില്ല. നിയമനത്തിനു ദേശീയതലത്തിൽ വിജ്ഞാപനം ചെയ്യണമെന്ന വ്യവസ്ഥ മറികടന്നാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് –കേരള (ട്രിപ്പിൾ ഐ.ടി.എം.–കെ.)യിൽനിന്ന് ഏതാനും അധ്യാപകരെയും അനധ്യാപകരെയും പുറത്തുനിന്നുള്ള ചിലരെയും സർവകലാശാലയിൽ നിയമിച്ചത്. സർവീസിൽനിന്നു വിരമിച്ചവരെയും അനധികൃതമായി നിയമിച്ചിട്ടുണ്ട്. ട്രിപ്പിൾ ഐ.ടി.എം.–കെ.യിലെ അധ്യാപകനിയമനം യു.ജി.സി. ചട്ടപ്രകാരമല്ലാത്തതിനാൽ അവരെ ഡിജിറ്റൽ സർവകലാശാലയിലേക്കു മാറ്റുന്നത് യു.ജി.സി. ചട്ടങ്ങൾക്കു വിരുദ്ധമാണെന്നും പറയുന്നു.

അതേസമയം, സർവകലാശാലയിൽ തസ്തിക അനുവദിക്കുകയോ സ്ഥിരം നിയമനം നടത്തുകയോ ചെയ്തിട്ടില്ലെന്നാണ് അധികൃതരുടെ നിലപാട്. സർവകലാശാലയുടെ പ്രവർത്തനത്തിനായി മാതൃസ്ഥാപനമായ ട്രിപ്പിൾ ഐ.ടി. എം.–കെ.യിലെ അധ്യാപകർക്കും മറ്റു ജീവനക്കാർക്കും അധികച്ചുമതല നല്കിയിരിക്കുകയാണ്. ഇത് ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരമാണെന്നാണ് സർവകലാശാല രജിസ്ട്രാറുടെ പക്ഷം.

മുഖ്യമന്ത്രിയുടെ ചുമതലയിലുള്ള ഐ.ടി. വകുപ്പിനു കീഴിലാണ് ഡിജിറ്റൽ സർവകലാശാല ആരംഭിച്ചത്. നിയമനങ്ങളിലെ ക്രമക്കേടും അഴിമതിയും അന്വേഷിക്കണമെന്നാവശ്യപ്പെട്ടു വിജിലൻസ് ഡയറക്ടർക്കും നിയമനങ്ങൾ റദ്ദാക്കണമെന്നാവശ്യപ്പെട്ടു ഗവർണർക്കും സേവ് യൂണിവേഴ്സിറ്റി ക്യാംപെയ്ൻ കമ്മിറ്റി പരാതി നല്കിയിരിക്കുന്നു. നിയമസഭയിലേക്കുള്ള തിരഞ്ഞെടുപ്പിനു ചൂടുപിടിച്ചിരിക്കുന്ന സന്ദർഭത്തിൽ ഡിജിറ്റൽ സർവകലാശാല പിൻവാതിൽനിയമനവുമായി ബന്ധപ്പെട്ട വിവാദച്ചൂട് ഏതറ്റം വരെ പോകുമെന്ന് വരുംദിനങ്ങളിൽ സാക്ഷരകേരളം കാണാനിരിക്കുന്നതേയുള്ളൂ. അഴിമതിയുടെ കറ പുരളാത്തതും നീതി നിഷേധിക്കപ്പെടാത്തതുമായ ഒരു സദ്ഭരണം ഈ കേരളമണ്ണിൽ; വേണ്ട, നേരും നെറിയും വിതയ്ക്കേണ്ട സർവകലാശാലകളിലെങ്കിലും ഉണ്ടാവാൻ ഇനിയും എത്രനാൾ മലയാളികൾ കണ്ണിലെണ്ണയൊഴിച്ചു കാത്തിരിക്കണം? ■

# പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ ശതോത്തര രജതജൂബിലി നിറവിൽ




പാലാ: സാമൂഹിക, സാംസ്കാരിക, ആധ്യാത്മിക, രാഷ്ട്രീയമണ്ഡലങ്ങളിൽ ശ്രദ്ധേയരായ അനേകം വ്യക്തികൾക്കു ജന്മം നല്കിയ പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ ശതോത്തര രജതജൂബിലിനിറവിൽ.

ജൂബിലിസ്മാരകമായി നാലരക്കോടി രൂപ മുടക്കി പുതിയ നാലുനില കെട്ടിടസമുച്ചയം പൂർത്തിയാക്കി വരികയാണ്. ജൂബിലിയാഘോഷത്തിന്റെ ഭാഗമായി പൂർവവിദ്യാർഥികളെ സഹകരിപ്പിച്ച് വിവിധ കാരുണ്യ പദ്ധതികൾ, നിർധനർക്കു ഭവനനിർമാണം, സെമിനാർ, സാഹിത്യരചനകൾ, കലാ - സാംസ്കാരിക പരിപാടികൾ തുടങ്ങിയവ നടത്തും.

1896 ൽ പാലാ പള്ളിമേടയിലാണ് സെന്റ് തോമസ് സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. 1909 ൽ പാലാ ടൗൺ കുരിശുപള്ളിക്കു സമീപമുള്ള പള്ളിവക കെട്ടിടത്തിലേക്കു സ്കൂൾ മാറ്റി സ്ഥാപിച്ചു. 1902 ൽ സ്കൂളിനു വേണ്ടി വാങ്ങിയ സ്ഥലത്ത് 1910 ൽ ഇപ്പോഴത്തെ കെട്ടിടത്തിൽ സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു. 1911 ൽ മിഡിൽ സ്കൂൾ വിഭാഗം പൂർണമായി. 1919 ൽ ഫോർത്തുഫോറം (ഇന്നത്തെ എട്ടാംക്ലാസ്) തുടങ്ങി. 1921 ൽ ഇതൊരു പൂർണ ഹൈസ്കൂളായി. 1998 ൽ ഹയർ സെക്കൻഡറിയായി.

വാസ്തുകലയിലും സൗകുമാര്യത്തിലും ഏറെ ആകർഷകമായ സെന്റ് തോമസ് സ്കൂൾ കെട്ടിടത്തിന്റെ പ്ലാൻ വരച്ചത് ഒരു ബ്രിട്ടീഷ് എൻജിനീയറാണ്. കെട്ടിടത്തിന് ആവശ്യമായ തടികൾ മുറിക്കുന്നതിനും മറ്റുമുള്ള അനുവാദം നല്കിയത് അമ്മ മഹാറാണി സേതുലക്ഷ്മീഭായി ആയിരുന്നു. മനോഹരമായ സ്കൂൾ കെട്ടിടത്തിന്റെ നിർമാണത്തിനുവേണ്ടി കഠിനാധ്വാനം ചെയ്തത് പരേതരായ ഫാ. തോമസ് മാധവപ്പള്ളിയും ഫാ. ജോർജ് നാഗനൂലിലുമാണ്. നല്ലൊരു ലൈബ്രറിയും നിലവാരമുള്ള ലബോറട്ടറികളും ഈ സ്കൂളിന്റെ പൈതൃകപാരമ്പര്യമാണ്. ക്ലാസ്മുറികളെല്ലാം ഹൈടെക് സൗകര്യത്തിലായിരിക്കുന്നു. എൻസിസി, റെഡ്ക്രോസ്, ലിറ്റിൽ കിഡ്സ്, എൻഎസ്എസ്, സ്കൗട്ട് തുടങ്ങിയവയിലൂടെ പഠനത്തോടൊപ്പം പാഠ്യേതരപ്രവർത്തനങ്ങളിലും കുട്ടികൾക്ക് അവസരം നല്കുന്നു. സ്കൂളിൽ ഇപ്പോൾ 50 അധ്യാപകരും ആയിരത്തിലധികം വിദ്യാർത്ഥികളും പഠിക്കുന്നു. അഞ്ചുമുതൽ പത്തുവരെ ക്ലാസുകളിൽ ഇംഗ്ലീഷ് മീഡിയം ബാച്ചുകളും പ്രവർത്തിക്കുന്നു.

'സത്യത്തിനും നന്മയ്ക്കും വേണ്ടി' എന്നതാണ് സ്കൂൾ എംബ്ലത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ആപ്തവാക്യം. വിശുദ്ധ തോമസ് അപ്പസ്തോലനെ അനുസ്മരിപ്പിക്കുന്നതിന് 'മട്ടവും കുന്തവും' രേഖപ്പെടുത്തിയിരിക്കുന്നു. കായികരംഗത്തെ സൂചിപ്പിക്കുവാൻ ബാറ്റുകളും ബോളുകളും ഉണ്ട്. രാജ്യസ്നേഹത്തെയും സമാധാനത്തെയും അനുസ്മരിപ്പിക്കുന്നതിന് അശോകചക്രവും പഠനത്തെ സൂചിപ്പിക്കുന്ന വിടർത്തിവച്ചിരിക്കുന്ന പുസ്തകവും അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

മാർ സെബാസ്റ്റ്യൻ വയലിൽ, മാർ മാത്യു കാവുകാട്ട്, മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി, മുൻമന്ത്രിമാരായ പി.ടി.ചാക്കോ, കെ.എം.മാണി എന്നിവരും മാണി സി.കാപ്പൻ എം.എൽ.എ, എം.ജി. യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ ഡോ. സിറിയക് തോമസ്, ചിക്കാഗോ യൂണിവേഴ്സിറ്റിയിലെ ബയോ ടെക്നോളജി സയന്റിസ്റ്റ് എതിരൻ കതിരവൻ, സംവിധായകൻ ഭദ്രൻ മാട്ടേൽ, തിരുവനന്തപുരം ജില്ലാ ആശുപത്രിയിലെ ഡോ. ശ്രീകുമാർ തുടങ്ങി നിരവധി പ്രഗല്ഭരെ നാടിന് സംഭാവന ചെയ്യാൻ ഈ വിദ്യാലയത്തിനു സാധിച്ചിട്ടുണ്ട്. കായികരംഗത്തും കലാരംഗത്തും നിരവധി പ്രഗല്ഭരെ സ്കൂൾ സംഭാവന ചെയ്തു.

മാത്യു എം. കുര്യാക്കോസാണ് ഇപ്പോഴത്തെ പ്രിൻസിപ്പൽ. ജോർജുകുട്ടി ജേക്കബ് ഹെഡ്മാസ്റ്ററും.

തിരുനാൾ ആശംസകൾ





മാർച്ച് 19 ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യരായ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിനും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും ദീപനാളത്തിന്റെ പ്രാർത്ഥനാനിർഭരമായ മംഗളാശംസകൾ

കഥ

# അന്നക്കുട്ടിയുടെ തിരിച്ചുവരവ്



നിഷ ആന്റണി

മരിക്കുന്നതിനു മുമ്പും, മരിച്ചേനുശേഷവുമുള്ള അന്നക്കുട്ടീടെ ഒരേയൊരാഗ്രഹമായിരുന്നു വരാൻപോകുന്ന വർഷങ്ങളിലെ ഓർമദിവസങ്ങളിലൊക്കെ തന്നെ ഭൂമിലേക്കയച്ച് വീട്ടുകാരേം നാട്ടുകാരേം ഒക്ക്യൊന്ന് കാണിക്കണേന്ന്. മാടപ്പിറാവിന്റെ മനസ്സുള്ള അന്നക്കുട്ടീടെ ആവശ്യം കേട്ടപ്പോ ഒടേതമ്പ്രാനങ്ങ് സമ്മതിച്ചു. പക്ഷേ, ഒരേയൊരു വ്യവസ്ഥ.

അന്നക്കുട്ടിക്ക് അവരെ കാണാം.

എന്നാ അവർക്കന്നക്കുട്ടിയെ കാണാമ്പറ്റുവെങ്കിലും ആരാന്ന് തിരിച്ചറിയാൻ പറ്റൂല്ല, ദിവസങ്ങൾ കഴിഞ്ഞു.

ഉടമ്പടിയനുസരിച്ച് ജനുവരി ഇരുപത്തിയാറിന്റന്ന് സ്വർഗത്തീന്ന് ഒരു സുന്ദരി കുളിച്ചൊരുങ്ങി പുറപ്പെട്ടു. ഭൂമിലോട്ടല്ലേ... തനിച്ചു പോകണ്ട. സീനിയറായ കുഞ്ഞേലിച്ചേടത്തിയേംകൂടെ കൂട്ടിക്കോന്ന് ദൈവം പറഞ്ഞു.

അങ്ങനെ രണ്ടുപേരും ആകാശച്ചില്ലകളിൽ ഇറങ്ങി യാത്ര തുടങ്ങി. ഭൂമിയിൽ അന്നക്കുട്ടിയുടെ നാടായ തൃശൂര് എത്തി. തൃശ്ശൂരൊക്കെയങ്ങ് മാറിപ്പോയല്ല്യോടി? കുഞ്ഞേലിച്ചേടത്തി വിസ്മയഭാവത്തിൽ പറഞ്ഞു.

ഓ, എനിക്കറിയാൻ മേല ചേടത്തീ. ഞാൻ ആകെപ്പാടെ രണ്ടോ മൂന്നോ പ്രാവശ്യമേ ജോസൂട്ടീച്ചായന്റൊപ്പം തൃശ്ശൂർക്ക് വന്നിട്ടുള്ളൂ. അതിലൊന്ന് മിന്നുകെട്ടിനു മുമ്പ് സ്വർണമെടുക്കാൻ ആലുക്കാസില് വന്നതാ. പിന്നെ വന്നത് രണ്ടും ഡോക്ടറെ കാണിക്കാനാ.

ഡോക്ടറെ കാണിക്കാനോ? അതിന് അന്നക്കുട്ടിക്ക് എന്നായിരുന്നു ഏനക്കേട്?

കുഞ്ഞേലിച്ചേടത്തിയുടെ ആ ചോദ്യത്തിനുമുന്നിൽ അന്നക്കുട്ടിക്ക് നെഞ്ചില് വെട്ടുകല്ല് വെച്ചപോലൊരു ഭാരം അനുഭവപ്പെട്ടു.

നമുക്ക് നേരം കളയാണ്ട് മാപ്രാണത്തേക്കു പോവാം ചേട്ടത്തി. ചേടത്തി വാ.

മറുപടി പറയാതെ അന്നക്കുട്ടി, കുഞ്ഞേലിച്ചേടത്തിയുടെ കൈയ്ക്കു പിടിച്ച് വലിച്ചു മുന്നോട്ടേക്കു പോയി മാപ്രാണത്ത് ഇറങ്ങി.

മുന്നിലേക്കു തെളിഞ്ഞു വരുന്ന വഴികളിൽ അന്നക്കുട്ടി ആദ്യം കണ്ടത് മാപ്രാണം പള്ളിയിലേക്കുള്ള റോഡായിരുന്നു.

ഇതാട്ടോ കുഞ്ഞേലിച്ചേടത്തീ, എന്റെ കല്യാണം നടന്ന പള്ളി.

തണൽ വിരിച്ചു നിൽക്കുന്ന തെങ്ങിൻ തോപ്പുകൾക്കു താഴെ തന്റെ കഴുത്തിൽ ജോസൂട്ടി മിന്നുകെട്ടിയ പള്ളി ചൂണ്ടിക്കാണിച്ച് അന്നക്കുട്ടി പറഞ്ഞു. അതൊരു ജനുവരി മാസമായിരുന്നു. പള്ളിമുറ്റത്ത് കിടന്നിരുന്ന ഉണ്ണിമാങ്ങകൾ ചവിട്ടി മുറിഞ്ഞ് പച്ചമണം പടർന്നിരുന്ന ഉച്ച സമയം. കല്യാണത്തിന്റന്ന് രാവിലെ ഞാൻ പേടിച്ച് കാപ്പിയൊന്നും കുടിച്ചില്ല ചേടത്തി. ഉച്ചയായപ്പോഴേക്കും എനിക്ക് നന്നായങ്ങ് വെശന്നു.

മധുരം വെക്കലും ഫോട്ടോ എടുക്കലുമൊക്കെ കഴിഞ്ഞപ്പോ എനിക്കേതാണ്ട് തലകറങ്ങും പോലായി. ഞാൻ നോക്കീപ്പം നല്ല ചള്ളാസും, മോരുകാച്ചീതും മീൻ പറ്റിച്ചതും. ഞാനാരേം നോക്കാണ്ട് മുന്നീക്കണ്ട ചോറ് മുഴുവൻ വാരിത്തിന്നു.

അത് കണ്ട ജോസൂട്ടീ എന്റെ ഈ കയ്യില്... ദേ ഇവിടെ .. നുള്ളേച്ച് ചോദിക്കുവാ.. ഇതെന്നാ മോളേ പട്ടിണിയായിരുന്നോ. ഇനി എന്നേംകൂടി തിന്നുവോന്ന്? എനിക്കങ്ങ് മേലാതായിപ്പോയി ചേടത്തി അത് കേട്ടപ്പം.

ഓ... പെണ്ണിന്റൊരു നാണം. ഇപ്പോഴും കെട്ട്യോളാന്നാ വിചാരം.

അത് പിന്നെ അങ്ങനല്ല്യോ ചേടത്തി.

ഈ ജന്മത്ത് എനിക്ക് ജോസൂട്ടിനേം ജോസൂട്ടിക്ക് എന്നേം മറക്കാൻ പറ്റ്വോ?

വർഷം നാലേ ഒരുമിച്ച് ജീവിച്ചൊള്ളങ്കിലും എനിക്കിപ്പഴും ജോസൂട്ടിയെ മറക്കാമ്പറ്റൂല ചേടത്തി.

പള്ളീക്കഴിഞ്ഞ് ഇറങ്ങിയ രണ്ടാണുങ്ങൾ അന്നക്കുട്ടീനേം, കുഞ്ഞേലിച്ചേടത്തിയേം കണ്ട് അദ്ഭുതത്തോടെ നോക്കി.

എവിടുന്നാടാ പെട്ടെന്ന് മാലാഖപോലത്തെ രണ്ട് സുന്ദരികള് പൊട്ടിക്കിളിർത്തത്.

ഈ മാപ്രാണത്തൊന്നും ഇതുപോലൊള്ളതുങ്ങളെ കണ്ടിട്ടില്ലല്ലോ?

വഴിപോക്കരുടെ വർത്തമാനം കേട്ടപ്പോ കുഞ്ഞേലിച്ചേടത്തീം, അന്നക്കുട്ടീം തമ്മിൽ നോക്കിയൊന്നു ചിരിച്ചു. അന്നക്കുട്ടീടെ മുതുകിനിട്ടൊരു നുള്ളു കൊടുത്തിട്ട്, കൊള്ളാലോടി നെന്റെ നാട്ടുകാര് എന്നൊരു ചൂടൻ അഭിപ്രായം കുഞ്ഞേലി പാസ്സാക്കി.

ഓ, അത് പുളിയാറമ്മേലെ സേവിച്ചനാ ചേടത്തി. അവൻ അല്ലേലും ഒരു സൗന്ദര്യാരാധകനാ. പള്ളിപ്പെരുന്നാളിന് പൂത്തിരി കത്തുമ്പോലയാ അവൻ പെണ്ണുങ്ങടെ എടേ കെടന്നോണ്ട് കത്തുന്നത്.

ടാറിടാത്ത ഇടവഴി കഴിഞ്ഞ്, വയൽക്കാറ്റേറ്റു നടക്കുമ്പോൾ ദൂരേക്ക് കൈചൂണ്ടി അന്നക്കുട്ടി പറഞ്ഞു.

ദേ ആ കാണുന്നതാ... കുഞ്ഞേലിച്ചേടത്തീ മാപ്രാണം ഷാപ്പ്. ജോസൂട്ടിടെ അപ്പനപ്പാപ്പൻമാര് മൊതല് പറമ്പിപ്പണീം കഴിഞ്ഞ് വന്ന് ആദ്യം കേറുന്നത് ഇവിട്യാ. എന്നാ നല്ല മീങ്കറ്യാന്നറിയ്യോ ഇവിടുത്തെ.

ജോസൂട്ടിന്റപ്പന്റെ കൂട്ടുകാരൻ ഒരു ഗീവറീത് ചേട്ടനാണ് ഇവിടുത്തെ മീമ്പെപ്പുകാരൻ. മഴ പെയ്ത് ഊത്ത കേറുമ്പം രാത്രീല് ചൂണ്ടേം, വലേം ആയിട്ട് അപ്പനും ജോസുട്ടീം ഒരു പോക്കുണ്ട്. നേരം വെളുപ്പിന് തിരിച്ചു വരുമ്പം കൊട്ടേല് മീൻ മാത്രല്ല. തവളേം, ഞണ്ടുമൊക്കെ കാണും. ഷാപ്പിക്കൊണ്ട കൊടുത്താ നല്ല വെലയാ. അപ്പനേ കുടിക്കത്തൊള്ളട്ടോ. ജോസൂട്ടിയൊന്നും കുടിക്കുകേലാ.

എന്നിട്ട്?

എന്നിട്ടെന്നാ പറയാനാ കുഞ്ഞേലിച്ചേടത്തി. അപ്പൻ മരിച്ച് പിന്നെപ്പിന്നേ അമ്മച്ചി വഴക്കും, വേണ്ടാതീനം പറച്ചിലും തൊടങ്ങി.

ഒന്നു രണ്ട് വർഷം കഴിഞ്ഞപ്പോ പിള്ളാരൊണ്ടാവത്തിനെ ചൊല്ലിയായി വഴക്ക്. അപ്പഴാ ജോസൂട്ടീ വൈന്നേരം ഷാപ്പി പോക്കു തൊടങ്ങീത്. എന്നാലും തിരിച്ചുവരുമ്പോ ഗീവറീതേട്ടന്റെ മീങ്കറി പാഴ്സല് എനിക്ക്



കൊണ്ടോരും ട്ടോ. അമ്മച്ചി കാണാതെ ചോറിലൊഴിച്ച് എനിക്ക് വാരിത്തന്നിട്ടേ കക്ഷി ഉറങ്ങുവൊള്ള്. പിള്ളാരില്ലേത്തേന്റെ വെഷമം ജോസൂട്ടിക്കും ഉണ്ടായിരുന്നു. എന്നോടു പറഞ്ഞിട്ടൊന്നുമില്ലേലും എനിക്കറിയാം.

നമുക്കിവിടെ കൊറച്ച് നേരം ഇരിക്കാം ചേടത്തീ. വയൽക്കാറ്റിന് ചെളിമണം ഉണ്ടേലും ദാണ്ടെ... ആ മലയിറങ്ങി പറന്നു വരുന്ന പക്ഷികളെയൊക്കെ കാണാം ഇവിടെയിരുന്നാൽ. അമ്മച്ചി കണ്ടമാനം വഴക്കൊണ്ടാക്കുമ്പം ഞാനും, ജോസൂട്ടീം ഈ വരമ്പിമ്മേ വന്നിരിക്കും.

ഞാൻ നിന്നെ വെഷമിപ്പിക്കണ്ടാന്ന് കരുതിയാ അന്നക്കുട്ടീ ചോദിക്കാണ്ടിരുന്നെ? നിനക്കെന്നാ മക്കള് ഉണ്ടാവാണ്ടിരുന്നേ..?

അരികിലേക്കു പാറിവന്ന മാടത്തകളിലൊന്നിനെ അവൾ ഏന്തിപ്പിടിക്കുവാൻ നോക്കി.

എനിക്കൊന്നു വയറ്റിലുണ്ടായതാ കുഞ്ഞേലിച്ചേടത്തീ. ചാറി വന്ന കണ്ണീരിനെ അന്നക്കുട്ടി കൈകൊണ്ടു തുടച്ചു.

നീ കരയുവാണോ?

അല്ല ചേടത്തി. കല്യാണം കഴിഞ്ഞ് പിറ്റത്തെ മാസമാ ഞങ്ങളാദ്യമായ് മൂന്നാലു ദെവസത്തേക്ക് അങ്കമാലീലുള്ള എന്റെ വീട്ടില് നിക്കാമ്പോയത്. വിരുന്നിനെല്ലാട്ത്തും പോണായിരുന്നു. ചാലക്കുടിപ്പൊഴ കീറി ഒഴുകുന്ന ഒരു മുറിപ്പുഴ എന്റെ വീടിന്റെ താഴേണ്ടായിരുന്ന്.

ഞങ്ങള് വീട്ടീ വന്നേന്റെ അന്നു തന്നെ ജോസൂട്ടിക്കൊരു നിർബന്ധം പൊഴേലെറങ്ങി കുളിക്കണംന്ന്.

വൈന്നേരായപ്പോ ഞാനും ജോസൂട്ടീംകൂടി കുളിക്കാനിറങ്ങി. ഞാൻ കരേലും ജോസൂട്ടീ പൊഴേലുമായിരുന്നു. പെട്ടെന്ന് വെള്ളത്തിക്കൂടെ നീന്തി വന്ന് ജോസൂട്ടി എന്റെ കാലുമ്മേ പിടിച്ചുവലിച്ചു. ഞാൻ വെള്ളത്തി വീണപ്പോ എങ്ങാണ്ട് ചെന്ന് മേലിടിച്ചു. എനിക്കങ്ങ് വല്ലാത്ത വയറുവേദനേം തൊടങ്ങി. നമ്മടെ അങ്കമാലി എൽ. എഫ് ആശൂത്രീലാ പോയെ. ചെന്നപ്പഴാ അറിയുന്നേ എനിക്കൊന്നര മാസം ഗർഭോണ്ടായിരുന്നൂന്ന്. അതലസിപ്പോയി. എന്റെ വീട്ടീന്ന് പറ്റീതായതോണ്ട് ജോസൂട്ടി പേടിച്ചിട്ട് അമ്മച്ചിയോടു പറഞ്ഞില്ല. അതിനു ശേഷം ഞാൻ ഗർഭിണിയായതുമില്ല.

എന്നിട്ട്...

എന്നിട്ടെന്നാ കുഞ്ഞേലിച്ചേടത്തി.

പിന്നെന്നും അമ്മച്ചി വഴക്കായിരുന്നു.

അങ്ങനൊരു ദിവസം ഞാൻ പര്യമ്പറത്തിരുന്ന് പാത്രം തേച്ചു കഴുകമ്പഴാ അമ്മച്ചി മോനോട് ഞാൻ മച്ചിയാണെന്നും എന്നെ ഉപേക്ഷിച്ച് വേറേ പെണ്ണിനെ കെട്ടിക്കൊണ്ടു വാ എന്നും പറേന്ന കേട്ടത്. കേട്ട ഉടനെ എന്റെ നെഞ്ചില് ശ്വാസം വെലങ്ങി.

തിണ്ണേലിരുന്നോണ്ട് അമ്മച്ചി ജോസൂട്ടിക്ക് പെണ്ണാലാചിച്ചപ്പോ, പര്യമ്പ്രത്തിരുന്ന് ഞാൻ ചത്തുപോണത് ആരുമറിഞ്ഞില്ല.

ചോർന്നൊഴുകിയ കണ്ണിമകളെ കാറ്റ് വന്ന് വീശിയുണക്കി.

നീ നിർത്ത്യേച്ച് എണീറ്റ് വാ അന്നക്കുട്ടി.

നേരം ഉച്ചയാവാറായി. നമ്മക്ക് വീട്ടിപോണ്ടേ. നെന്റെ ജോസൂട്ടീനെക്കാണണ്ടെ..

അവർ നടന്നു.

വീടുകളും, പാടങ്ങളും കഴിഞ്ഞു.

വെയിലു കൊള്ളുന്ന ആവണക്കിൻതൈകൾ നിറയെ കായ്ചു നിന്നിരുന്ന പറമ്പിന്റതിര് എത്തിയപ്പോൾ അന്നക്കുട്ടിക്ക് പണ്ടത്തെപ്പോലെ നെഞ്ചൊന്നു കഴച്ചു.

നട കയറിയാൽ വീട്ടുമുറ്റമാണ്. മുറ്റം നിറയെ ആൾക്കാരെ കാണാം.

തന്റെ ഓർമദിനമാണ്. അതിനു വന്ന ആൾക്കാരായിരിക്കാം. ജോസൂട്ടി എവിടെയാണോ? സങ്കടമൊക്കെ മാറീട്ടുണ്ടോ?

നാണിച്ചു നിക്കാണ്ട് കേറി ച്ചെല്ലന്നക്കുട്ടീ...

വയല് മുറിച്ചു വന്ന കിഴക്കൻ കാറ്റിനോടൊപ്പം നെഞ്ചു നിറയെ സ്നേഹവുമായി അന്നക്കുട്ടി പടി കയറി.

ഭക്ഷണം കഴിച്ചിട്ടാന്ന് തോന്നുന്നു. രണ്ടുപേർ നടയിറങ്ങി വരുന്നു. ഈർക്കിലീടറ്റംകൊണ്ട് പല്ലിട കുത്തുന്നേന്റിടേൽ, ഉടുമ്പ് പിടുത്തക്കാരൻ തോമാ, ടാപ്പിങ്ങുകാരൻ ജോയിയോടു പറഞ്ഞു.

എന്തൊക്ക്യാണേലും അന്നക്കുട്ടീടെ അത്രേം ഒക്ക്യേലല്ലേടാ പുതിയ പെണ്ണ്.

പെണ്ണെങ്ങന്യാന്ന് ഞാൻ നോക്കീല.

ഫുഡ്, അത് അടിപൊളിയായിര്ന്ന്.

■

വിളക്കുമരം

# ആദർശരാഷ്ട്രീയത്തിലെ അപൂർവനക്ഷത്രം



ഡോ. സിറിയക് തോമസ്

തൃശൂരിനടുത്ത് ഒല്ലൂർ ഇടക്കുന്നിവാര്യത്തായിരുന്നു ആധുനികകൊച്ചിയുടെ രാഷ്ട്രീയചരിത്രത്തിലെ ഒരു കാലഘട്ടത്തിന്റെ കഥാപുരുഷനായിരുന്ന ഇക്കണ്ടവാര്യരുടെ ജനനം. കൊച്ചിരാജ്യത്തെ മൂന്നു പ്രസിദ്ധ ദിവാൻജിമാർ ഈ കുടുംബത്തിൽനിന്നുള്ളവരായിരുന്നു.

ഇക്കണ്ടവാര്യരുടെ പിതാവ് മേലേടത്ത് മനയ്ക്കൽ ശങ്കരൻ നമ്പൂതിരിയും അമ്മ ഇടക്കുന്നിവാര്യത്തെ പാറുക്കുട്ടി വാരസ്യാരുമായിരുന്നു. ഇക്കണ്ടവാര്യർ ഉൾപ്പെടെ ആറു മക്കളായിരുന്നു അവർക്ക്. 1890 ഏപ്രിൽ മാസത്തിൽ ജനനം. തികഞ്ഞ ഭക്തനായിട്ടായിരുന്നു ബാല്യം. സർക്കാരുദ്യോഗസ്ഥനായിരുന്ന അമ്മാവൻ ഉഴുത്രവാര്യരാണ് ഇക്കണ്ടന്റെ വിദ്യാഭ്യാസചുമതല ഏറ്റെടുത്തിരുന്നത്.

എറണാകുളം മഹാരാജാസിലും മദ്രാസ് പ്രസിഡൻസി കോളജിലും തിരുവനന്തപുരം ലോ കോളജിലുമായാണ് ഇക്കണ്ടവാര്യർ പഠിപ്പു പൂർത്തിയാക്കിയത്.

മദ്രാസിൽ പഠിക്കുന്ന കാലത്താണ് ഇക്കണ്ടവാര്യരിൽ ദേശീയബോധം ആഴമായി പതിഞ്ഞത്. 1914 ൽ മദ്രാസിൽ നടന്ന കോൺഗ്രസ് വാർഷികസമ്മേളനവും ആ സമ്മേളനത്തിലെ ശ്രീനിവാസശാസ്ത്രിയുടെ പ്രസംഗവും വാര്യരെ വല്ലാതാകർഷിച്ചു. ദക്ഷിണാഫ്രിക്കയിൽനിന്നു മടങ്ങിയെത്തിയ ഗാന്ധിജി നടത്തിയ മദിരാശിസന്ദർശനവും വാര്യർക്ക് അവിസ്മരണീയമായ അനുഭവമായി. ആനി ബസന്റിന്റെ ഹോം റൂൾ പ്രസ്ഥാനത്തിലും വാര്യർ ആകൃഷ്ടനായിരുന്നു.


പ്രാക്ടീസ് തുടങ്ങിയത് തൃശൂർ ജില്ലാക്കോടതിയിലാണ്. പിന്നീട് കൊച്ചി ചീഫ് കോടതിയിലേക്കു മാറി. പ്രമുഖ അഭിഭാഷകനായിരുന്ന കോമ്മാട്ടിൽ അച്യുതമേനോന്റെ ജൂനിയറായിട്ടായിരുന്നു തുടക്കം. സർക്കാരുദ്യോഗം വാഗ്ദാനം ചെയ്യപ്പെട്ടെങ്കിലും വാര്യർ അതിനു വഴങ്ങിയില്ല. മുപ്പതാം വയസ്സിലായിരുന്നു വിവാഹം. ചേന്നംഗലം കോഴിക്കോട്ട് തറവാട്ടിൽ ലക്ഷ്മിക്കുട്ടിയമ്മയായിരുന്നു വധു.

കേസുകളും തർക്കങ്ങളും കോടതിവ്യവഹാരങ്ങളുമൊക്കെ നിവൃത്തിയുള്ളിടത്തോളം പറഞ്ഞുതീർത്തു രമ്യപ്പെടുത്തുന്ന ശൈലിയും സമീപനവുമായിരുന്നു വാര്യരുടേത്. മന്ത്രിയായി ചാർജെടുക്കാൻ പോയത് കോടതിയിൽനിന്നായിരുന്നു. മുഖ്യമന്ത്രിപദം രാജിവച്ച് തിരികെപ്പോയതും കോടതിയിലേക്കു തന്നെ.

കായികരംഗത്തും വാര്യർ താത്പര്യമെടുത്തിരുന്നു. ടെന്നീസിലും ഫുട്ബോളിലുമായിരുന്നു വാര്യർക്കു കമ്പം. പതിനെട്ടു വർഷത്തോളം തൃശൂർ നഗരസഭാംഗമായ ഇക്കണ്ടവാര്യർ മൂന്നു വർഷം മുനിസിപ്പൽ ചെയർമാനുമായി. വാര്യർ ചെയർമാനായിരിക്കുമ്പോഴാണ് തൃശൂരിലെ പ്രസിദ്ധമായ വിദ്യുച്ഛക്തിസമരം. ദിവാൻ ഷൺമുഖം ചെട്ടി തൃശൂരിലെ വൈദ്യുതി വിതരണച്ചുമതല ഒരു വിദേശക്കമ്പനിക്കു നല്കിയതെന്നതായിരുന്നു സമരത്തിനു കാരണം. ദിവാനും സർക്കാരും പ്രക്ഷോഭണം അടിച്ചമർത്താനാണു ശ്രമിച്ചത്. നേതാക്കളെല്ലാം ജയിലിലായി. ഡോ. എ.ആർ. മേനോൻ, സി.ആർ. ഇയ്യുണ്ണി മാസ്റ്റർ, ഇക്കണ്ടവാര്യർ, സി. കുട്ടൻനായർ തുടങ്ങിയ നേതാക്കളെല്ലാം സമരത്തിനിറങ്ങി.

1925 ലാണ് കൊച്ചിയിലാദ്യമായി ഒരു നിയമസഭ നിലവിൽ വന്നത്. ഇക്കണ്ടവാര്യർ, കെ. അയ്യപ്പൻ, ഡോ. എ.ആർ. മേനോൻ, കെ.എം. സീതിസാഹിബ്, അമ്പാട്ട് ശിവരാമമേനോൻ, പി. കുമാരനെഴുത്തച്ഛൻ തുടങ്ങിയ പ്രഗല്ഭർ അതിലെ അംഗങ്ങളായിരുന്നു. നിയമസഭയുണ്ടായി പത്തുവർഷം കഴിഞ്ഞാണ് കൊച്ചിയിൽ കോൺഗ്രസുണ്ടായത്. സ്റ്റേറ്റ് കോൺഗ്രസ് എന്ന പേരിൽ ടി.കെ. നായരുടെ നേതൃത്വത്തിലായിരുന്നു ഇത്. ഈ പാർട്ടിക്കു ബദലായി ഉടലെടുത്ത കൊച്ചിൻ കോൺഗ്രസ് എന്ന രാഷ്ട്രീയപ്പാർട്ടിയിലായിരുന്നു ഇക്കണ്ടവാര്യർ. ക്വിറ്റ് ഇന്ത്യാ സമരത്തിൽ നടന്ന ലാത്തിച്ചാർജിൽ പ്രതിഷേധിച്ചു രാജിവയ്ക്കുന്നതുവരെ ഏതാണ്ട് പതിനേഴുവർഷത്തോളം ഇക്കണ്ടവാര്യർ കൊച്ചി നിയമസഭയിൽ അംഗമായിരുന്നു.

ഇക്കണ്ടവാര്യർ തികഞ്ഞ ഒരു ഗാന്ധിയനായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ നേരത്തെതന്നെ അംഗമായിച്ചേരുകയും ചെയ്തു. ദേശീയപ്രസ്ഥാനവുമായി കൊച്ചിയിലെ ജനങ്ങളെ കൂടുതൽ ഗാഢമായി ബന്ധിപ്പിക്കുവാൻ എസ്. നീലകണ്ഠയ്യർ പ്രസിഡന്റും വി.ആർ. കൃഷ്ണനെഴുത്തച്ഛൻ ജനറൽ സെക്രട്ടറിയുമായി കൊച്ചി രാജ്യ പ്രജാമണ്ഡലം നിലവിൽ വന്നു. ഇരിങ്ങാലക്കുടയിൽ നടന്ന ഒന്നാംവാർഷികത്തോടെ പ്രജാമണ്ഡലം കൊച്ചിയിലെ ശക്തമായ ജനകീയപ്രസ്ഥാനമായി. ഇക്കണ്ടവാര്യർ, വി.ആർ. കൃഷ്ണനെഴുത്തച്ഛൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, എസ്. നീലകണ്ഠയ്യർ, ജി.എസ്. ധാരാസിംഗ്, സി. ആർ. ഇയ്യുണ്ണി തുടങ്ങിയവരായിരുന്നു പ്രജാമണ്ഡലത്തിന്റെ മുൻനിരനായകർ. പ്രജാമണ്ഡലം പ്രസിഡന്റായതോടെയാണ് ഇക്കണ്ടവാര്യർ കൊച്ചിൻജനതയുടെ അനിഷേധ്യനേതാവായിത്തീരുന്നത്. സ്വാതന്ത്ര്യം സമീപസ്ഥമായതോടെ കൊച്ചിയിൽ പാർട്ടികളുടെ എണ്ണം കൂടി. മന്ത്രി പറമ്പിലോനപ്പന്റെ നേതൃത്വത്തിലുള്ള നാഷണലിസ്റ്റ് പാർട്ടിയും കെ. അയ്യപ്പന്റെ നേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് പാർട്ടിയും, ടി.കെ. നായരുടെ നേതൃത്വത്തിലുള്ള പ്രോഗ്രസ്സീവ് പാർട്ടിയുമെല്ലാം പ്രജാമണ്ഡലത്തിനു പുറമേ രാഷ്ട്രീയശക്തികളായി. എങ്കിലും ജനസമ്മിതിയിൽ മുന്നിൽ നിന്നത് പ്രജാമണ്ഡലം തന്നെ. കൊച്ചിയിലെ ഭരണസംവിധാനം ജനകീയമായതോടെ ഇടക്കാല മന്ത്രിസഭയിൽ പ്രജാമണ്ഡലത്തിന്റെ പ്രതിനിധികളായി പനമ്പിള്ളിയും ഇയ്യുണ്ണി മാസ്റ്ററും നിശ്ചയിക്കപ്പെട്ടു. അവർക്കു പുറമേ ടി.കെ. നായരും കെ. അയ്യപ്പനുമാണ് മന്ത്രിമാരായത്. സ്വാതന്ത്ര്യലബ്ധിയോടെ ഇടക്കാലമന്ത്രിസഭ അധികാരമൊഴിയുകയും പുതിയ തിരഞ്ഞെടുപ്പിനുള്ള വിളംബരമാകുകയും ചെയ്തു. തിരഞ്ഞെടുപ്പിൽ പ്രജാമണ്ഡലത്തിനു വൻവിജയമാണുണ്ടായത്. തുടർന്ന് ഇക്കണ്ടവാര്യർ നിയമസഭാകക്ഷികളുടെ നേതാവായി. അധികാരത്തോടു പ്രത്യേകപ്രതിപത്തിയൊന്നുമില്ലായിരുന്നുവെങ്കിലും കെ.പി. മാധവൻ നായരെപ്പോലുള്ള നേതാക്കളുടെ സമ്മർദംമൂലം ഇക്കണ്ടവാര്യർ മുഖ്യമന്ത്രിയാവാൻ സമ്മതിച്ചു.



ഇക്കണ്ടവാര്യർ

ഗാന്ധിയൻ ആദർശങ്ങൾ മുൻനിർത്തിക്കൊണ്ട് ഭരണം നടത്തണമെന്ന മുഖ്യമന്ത്രിയുടെ നിർദേശം മറ്റു മന്ത്രിമാർക്കും സ്വീകാര്യമായി. മന്ത്രിമാരുടെ ശമ്പളം അഞ്ഞൂറുരൂപയായി നിശ്ചയിച്ച മുഖ്യമന്ത്രി, മന്ത്രിമാരൊന്നും സ്വീകരണച്ചടങ്ങുകളിൽ പങ്കെടുക്കാൻ പാടില്ലെന്നും നിർദേശിച്ചു. ചുരുങ്ങിയ കാലംകൊണ്ട് ക്ഷേത്രപ്രവേശനവിളംബരം ഉൾപ്പെടെ ഒട്ടേറെ ഭരണനടപടികൾ സ്വീകരിക്കുവാൻ ഇക്കണ്ടവാര്യർക്കു കഴിഞ്ഞു. സർദാർ പട്ടേലിന്റെ നേതൃത്വത്തിൽ നാട്ടുരാജ്യങ്ങളെ സംയോജിപ്പിക്കുവാനുള്ള നീക്കത്തിന്റെ ഭാഗമായി തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കപ്പെട്ടു. തിരുവിതാംകൂർ മഹാരാജാവ് തിരുക്കൊച്ചിയിൽ രാജപ്രമുഖനായി. തിരുവിതാംകൂർ മുഖ്യമന്ത്രി പറവൂർ ടി.കെ. നാരായണപിള്ള തിരുക്കൊച്ചി മുഖ്യമന്ത്രിയും. പ്രായംകൊണ്ടും നിയമസഭാപരിചയത്തിലും സീനിയർ ആയിരുന്നിട്ടും മുഖ്യമന്ത്രിസ്ഥാനത്തേക്ക് ഇക്കണ്ടവാര്യർ ഒരവകാശവും ഉന്നയിച്ചില്ല. പറവൂർ ടി.കെ. നാരായണപിള്ളയുടെ മന്ത്രിസഭയിൽ കൃഷി, ജലസേചന, റവന്യൂ മന്ത്രിയായി വാര്യർ തുടർന്നു. മന്ത്രിസഭയിൽ ഒൻപതു മന്ത്രിമാരുണ്ടായിരുന്നു. അതധികമാകുമെന്നും അഞ്ചു മന്ത്രിമാർ മതിയാകുമെന്നും ക്യാബിനറ്റിൽ അഭിപ്രായമുണ്ടായി. തുടർന്ന് വാര്യർ മന്ത്രിസ്ഥാനവും താമസിയാതെ നിയമസഭാംഗത്വവും രാജിവച്ചു. കുറച്ചുകാലം അദ്ദേഹം ഫുഡ് പ്രൊഡക്ഷൻ ബോർഡിന്റെ അനുദ്യോഗസ്ഥ ചെയർമാനായിരുന്നു. പിന്നീടുണ്ടായ കെ.പി.സി.സി. പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ വാര്യർ മത്സരിക്കണമെന്ന് പലരുമാവശ്യപ്പെട്ടു. പക്ഷേ, അതു സംബന്ധിച്ച ആലോചനായോഗങ്ങളിൽ ഉയർന്നുവന്ന അഭിപ്രായങ്ങളും പാർട്ടിയിൽ കണ്ട ചേരിതിരിവുകളും പാർട്ടി അധ്യക്ഷസ്ഥാനം വേണ്ടെന്നു വയ്ക്കാൻ വാര്യരെ പ്രേരിപ്പിച്ചു. പിന്നീടദ്ദേഹത്തിന്റെ ശ്രദ്ധ മുഴുവൻ ഗാന്ധിയൻ സർവോദയ പ്രസ്ഥാനങ്ങളിലായി. കേന്ദ്ര പബ്ലിക് സർവ്വീസ് കമ്മീഷനിലേക്കു പരിഗണിക്കപ്പെട്ടപ്പോഴും വാര്യർ അതു നിരസിച്ചു.

ഭൂദാനയജ്ഞം തുടങ്ങിയപ്പോഴും വാര്യർതന്നെയായി നേതാവ്. കൊച്ചിരാജ്യംതന്നെ ഇക്കണ്ടവാര്യർ തിരുവിതാംകൂറിനു ദാനം ചെയ്തുവല്ലോ എന്നു പരിഹസിച്ചവരുമുണ്ടായിരുന്നു. എന്നാൽ, സർവോദയ - ഭൂദാനപ്രസ്ഥാനങ്ങളിലും വാര്യരുടെ നേതൃത്വത്തിനെതിരേ ഒളിഞ്ഞും തെളിഞ്ഞും നീക്കങ്ങൾ വന്നതോടെ വാര്യർക്കും മനസ്സു മടുത്തു. തന്റെ ആരാധ്യരായ നേതാക്കളായിരുന്ന ആചാര്യ വിനോബാജിയുടെയും ജയപ്രകാശ് നാരായണിന്റെയും തന്റെ കാര്യത്തിലുണ്ടായ നിസ്സംഗതയും സജീവപ്രവർത്തനങ്ങളിൽനിന്നെല്ലാം പിന്മാറുവാൻ വാര്യർക്കു പ്രേരണയായി. സ്വന്തമാവശ്യങ്ങൾക്കുപോലും പലപ്പോഴും ഇക്കണ്ടവാര്യരുടെ പക്കൽ പണമുണ്ടായിരുന്നില്ല. മരണത്തിന് ആറുമാസംമുമ്പ് ഏതെങ്കിലുമൊരു ആശ്രമത്തിലോ മറ്റോപോയി ജീവിക്കുന്നതിനെക്കുറിച്ചുപോലും വാര്യർ ആലോചിച്ചിരുന്നു. അത്യാവശ്യസുഖസൗകര്യങ്ങളുണ്ടായിരുന്ന സ്വഭവനം വിട്ട് ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും കഴിഞ്ഞിരുന്ന സ്വന്തം ഇളയ സഹോദരിയുടെ അടുത്തു ചെന്ന് താമസിക്കുവാനാണ് വാര്യർ ഇഷ്ടപ്പെട്ടത്. രോഗിയായതോടെ ക്ലേശങ്ങളും കൂടി. 1977 ജൂൺ എട്ടാം തീയതി ജൂബിലി മിഷൻ ആശുപത്രിയിലായിരുന്നു ഇക്കണ്ടവാര്യരുടെ അന്ത്യം.

ജീവിതത്തിലുടനീളം ആദർശസമ്പന്നനായിരുന്ന ഇക്കണ്ടവാര്യർക്ക് അധികാരമോഹം അശേഷം ഉണ്ടായിരുന്നില്ല. എന്നിട്ടും വിധി അദ്ദേഹത്തെ നാലു തവണ പ്രജാമണ്ഡലത്തിന്റെ പ്രസിഡന്റാക്കി. കൊച്ചിയിൽ മന്ത്രിയും മുഖ്യമന്ത്രിയുമായി. തിരുക്കൊച്ചിയിലും മന്ത്രിയായി. തികഞ്ഞ ശുദ്ധാത്മാവായിരുന്നു വാര്യർ. സ്വന്തം അഭിപ്രായങ്ങളിൽ കുറച്ചൊരു നിർബന്ധബുദ്ധിയുമുണ്ടായിരുന്നു. രാഷ്ട്രീയതന്ത്രങ്ങൾ തനിക്ക് അജ്ഞാതമായിരുന്നതുകൊണ്ട് പലപ്പോഴും അധികാരപദവികളിൽനിന്ന് അദ്ദേഹത്തെ അനായാസമൊഴിവാക്കാൻ വാര്യരുടെ രാഷ്ട്രീയ എതിരാളികൾക്ക് ഒട്ടും പ്രയാസമുണ്ടായില്ല. സഹപ്രവർത്തകരിൽനിന്നും താനാദരിച്ചിരുന്ന ചില നേതാക്കളിൽനിന്നുപോലും തനിക്കേറ്റ അമ്പുകൾ സൃഷ്ടിച്ച ആഴപ്പെട്ട മുറിവുകളോടെയാണ് ഇക്കണ്ടവാര്യർ കടന്നുപോയത്. കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിൽ അപൂർവശോഭയോടെ തിളങ്ങുന്ന ഒരാദർശനക്ഷത്രമായി ഇക്കണ്ടവാര്യർ ഇന്നും നിലനില്ക്കുന്നു.

---

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## മാനസസരോവരം

മാനസസരോവരം സൂക്ഷിപ്പാൻ മനുഷ്യനു
കാവലാളൊന്നുണ്ടതിൻ പേരാണു മനസാക്ഷി!
പകയു,മസൂയയും,കാമവും,വിദ്വേഷവും
പുകയും മനങ്ങളിലീശ്വരൻ വസിക്കില്ല!
നിർമ്മലജലാശയംപോലുള്ള ചിത്തങ്ങളിൽ
നിർണ്ണയം നമുക്കാകു,മീശനെ ദർശിക്കുവാൻ!
നമ്മളിൽ വിരിയട്ടെ നന്മതൻ സരോജങ്ങൾ,
തിന്മകൾക്കടിപ്പെടാ,തെപ്പൊഴും വർത്തിക്കുവിൻ.
പൂനിലാവൊഴുകുന്ന പൗർണ്ണമിരാവെന്നപോൽ
ബൂതലം സ്നേഹത്തിന്റെ വെണ്മയാൽത്തിളങ്ങട്ടെ!
അരയന്നങ്ങൾപോലെ നമ്മുടെ മനസ്സാകും
സരസ്സിൽ നിരന്തരം നീന്തട്ടെ സച്ചിന്തകൾ!
അന്യോന്യം സ്നേഹിക്കുവിൻ; നന്മകൾ കൈമാറുവിൻ,
മന്നിതു സ്വർഗ്ഗത്തിന്റെ ചവിട്ടുപടിയാവാൻ!

# മോഹാക് വർഗക്കാരുടെ ലില്ലിപ്പുഷ്പം

സഞ്ചാരം



ഡോ. ജെ. കട്ടയ്ക്കൽ

(തുടർച്ച)

**ഓ**റീസ്‌വീലിലെ രക്തസാക്ഷി മണ്ഡപത്തിൽനിന്നു വളരെ അകലെയല്ലായിരുന്നു കത്തേരിയുടെ ജന്മസ്ഥലം. കത്തേരിയുടെ പിതാവ്, മൊഹാക് വർഗക്കാരുടെ നേതാവായിരുന്നു; അയാൾ ക്രൈസ്തവരെ ശത്രുക്കളായി കണ്ടു. പിന്നീട് സുവിശേഷത്തിലെ സാവൂളിനെപ്പോലെ മാനസാന്തരപ്പെട്ട്, ക്രിസ്തുമതം ആശ്ലേഷിച്ചുവെന്നും പറയപ്പെടുന്നു.

കത്തേരിയുടെ അമ്മ, അൽഗോംഗ്വിൻ വർഗത്തിൽപ്പെട്ട നല്ലൊരു ക്രിസ്ത്യൻ മഹതിയായിരുന്നു. നിർഭാഗ്യവശാൽ കത്തേരിക്കു മൂന്നു വയസ്സുള്ളപ്പോൾ അമ്മ മരിച്ചു. അമ്മയുടെ ഉറ്റമിത്രമായിരുന്ന അനസ്താസിയാ എന്ന കത്തോലിക്കാ സ്ത്രീയാണ് കത്തേരിയുടെ സംരക്ഷണവും വളർത്തലും ഏറ്റെടുത്തത്. അനസ്താസിയായുടെ മേൽനോട്ടത്തിൽ കത്തേരി നല്ലൊരു കത്തോലിക്കാബാലികയായി വളർന്നുവന്നു.

നാലാംവയസ്സിൽ കത്തേരിക്ക് മസൂരി പിടിപെട്ടു; ദൈവത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ രോഗവിമുക്തയായി. മുഖത്ത് കുറെ പാടുകൾ അവശേഷിച്ചു. കാഴ്ചയ്ക്കും കുറെ ഭംഗം നേരിട്ടു. സാമാന്യം നല്ല ക്രൈസ്തവവിദ്യാഭ്യാസവും അനസ്താസിയായിൽനിന്നു ലഭിച്ചിരുന്നു.

കത്തേരി പതിനൊന്നാം വയസിലെത്തിയപ്പോൾ കുറെ കത്തോലിക്കാവൈദികർ അവിടെയെത്തി. കത്തേരിയുൾപ്പെടെ അവിടെ ഓറീസ് വീലിൽ ഉണ്ടായിരുന്നവരെ പ്രബുദ്ധരാക്കി, ക്രമമായി വേദപാഠം പഠിപ്പിക്കാനും തുടങ്ങി; എട്ടൊൻപതുവർഷം അങ്ങനെ നീങ്ങി. പുതുതായി കത്തോലിക്കാസഭയെ ആശ്ലേഷിക്കുവാൻ ആഗ്രഹിക്കുന്നവർ, കുട്ടികളായാൽപ്പോലും വേദപഠനത്തിൽ സുശിക്ഷിതരായിരിക്കണമെന്നു നിഷ്കർഷിക്കപ്പെട്ടു. കാരണം, മിഷൻരംഗങ്ങളിൽ മാമ്മോദീസ സ്വീകരിക്കുന്നവരെപ്പറ്റി ഒരു സംസാരം പ്രചരിച്ചിരുന്നു: 'മാമ്മോദീസാ വഴിയുള്ള ക്രിസ്ത്യാനികളെക്കാൾ കൂടുതൽ ക്രിസ്തുമത നിഷേധികളെയാണു നമുക്കു ലഭിക്കുന്നത്.'

മതപഠനവിദ്യാർത്ഥികളുടെയിടയിൽ കത്തേരി വളരെ മുമ്പിലായിരുന്നു. ക്രിസ്തുമതകാര്യങ്ങളെക്കുറിച്ച് കത്തേരിക്കുള്ള വ്യക്തമായ അറിവും, അവളുടെ സൗശീല്യവും കർത്താവീശോയ്ക്കു പൂർണമായി സ്വയം സമർപ്പിക്കുവാനുള്ള ദൃഢനിശ്ചയവുമെല്ലാം വേദപാഠാധ്യാപകരെ വിസ്മയിപ്പിച്ചു. വിവാഹവാഗ്ദാനവുമായി പല യുവാക്കന്മാരും മുമ്പോട്ടുവന്നെങ്കിലും കത്തേരി അവരോടെല്ലാം വ്യക്തമായ 'നോ' പറഞ്ഞുവിട്ടു.

ഈയവസരത്തിലാണ് 1676 ൽ പണ്ഡിതനായ ഈശോസഭാ വൈദികൻ ഫാ. ലാംബർവീൽ ഓറീസ്‌വീലിൽ എത്തുന്നത്. അദ്ദേഹം, കത്തേരിയുമായി മതവിഷയങ്ങളെപ്പറ്റി വ്യക്തമായി സംസാരിച്ചു. കർത്താവീശോയ്ക്കുവേണ്ടി പൂർണമായി സ്വയം സമർപ്പണം ചെയ്ത്, ആജീവനാന്തം ബ്രഹ്മചര്യം അനുഷ്ഠിച്ചു ജീവിക്കാനുള്ള ദൃഢനിശ്ചയം കത്തേരി ഫാദർ ലാംബർവീലിനെ അറിയിച്ചു. അതേസമയം, ഓറീസ്‌വീലിൽ വീണ്ടും ക്രിസ്തുമതവിരോധം തലപൊക്കുന്ന അവസരമായിരുന്നു അത്.

ഏതായാലും, കത്തേരിക്ക് ഉടൻ മാമ്മോദീസാ നൽകാൻ ഫാദർ നിശ്ചയിച്ചു. കത്തേരിക്ക് അന്ന് 20 വയസ്സ് ആയിരുന്നു. മാമ്മോദീസായ്ക്കുശേഷം ചെറിയൊരു ആഘോഷവുമുണ്ടായിരുന്നു.

ആഘോഷങ്ങൾക്കുശേഷം ഫാദർ ലാംബർവീൽ, കത്തേരിയുടെ അടുത്ത ബന്ധുമിത്രാദികളോട് ഇങ്ങനെ പറഞ്ഞു:

''പ്രിയപ്പെട്ടവരേ, വളരെ അസാധാരണയായ ഒരു യുവതിയാണ് 'കാതറീൻ' (മൊഹാക് ഭാഷയിൽ). കത്തേരി എന്ന വാക്കു സൂചിപ്പിക്കുന്നതുപോലെ അവൾ നിർമലയാണ്; നിർമലയായി ജീവിച്ചു മരിക്കുവാനാണ് അവൾ തീവ്രമായി ആഗ്രഹിക്കുന്നത്. നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ, ഇവിടെ ഈ ഓറീസ്‌വീലിലും പരിസരങ്ങളിലും ക്രിസ്തുമതവിരോധവും പീഡനവും വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യങ്ങളിൽ കത്തേരി ഇവിടെ താമസിക്കുന്നതു സുരക്ഷിതമല്ല.

"പിന്നെ എന്തു ചെയ്യണം? ഞാൻ ഉത്തരം പറയാം. ഇവിടെ നിന്ന് 400 കി.മീ. (250 മൈൽ) അകലെ, കാനഡായിൽ സെന്റ് ലോറൻസ് നദീതടപ്രദേശങ്ങളിൽ മുഖ്യമായും മോൺട്രിയോൾ പ്രദേശങ്ങളിൽ ധാരാളം ക്രിസ്ത്യാനികൾ, അധികവും കത്തേരിയുടെ വർഗക്കാരായ മൊഹാക്സ്തന്നെ സുരക്ഷിതരായി ജീവിക്കുന്നു. അതിനാൽ കത്തേരിയെ മോൺട്രിയോളിൽ എത്തിക്കണം – എല്ലാം രഹസ്യമായിരിക്കണം."

ഫാദർ ലാംബർവീലിന്റെ നിർദേശം എല്ലാവരും അംഗീകരിച്ചു. പക്ഷേ, കത്തേരിയെ എങ്ങനെ 400 കി.മീ. അകലെയുള്ള മൊഹാക് ക്രിസ്ത്യൻ സമൂഹത്തിലെത്തിക്കും? നദിയിൽക്കൂടി വള്ളത്തിലാണു യാത്ര. "കർത്താവേ, സുരക്ഷിതമായ ഒരു മാർഗം കാണിച്ചുതരണമേ." എല്ലാവരും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഏതാനും ദിവസങ്ങൾക്കകം ദൈവപരിപാലന പ്രകടമായി. അദ്ഭുതമെന്നു പറയട്ടെ: മോൺട്രിയോൾ മിഷനിൽനിന്ന്, മൂന്ന് അല്മായമതോപദേശകർ ഓറീസ്‌വീലിൽ എത്തിയിരിക്കുന്നു. ഓറീസ്‌വീലിലെ മിഷന്റെ കാര്യം അന്വേഷിക്കുവാനും ആവശ്യമെങ്കിൽ സഹായിക്കുവാനുമായി മോൺട്രിയോളിലെ അച്ചന്മാർ അവരെ അയച്ചതാണ്. ഈ മൂന്നുപേർ ഒരാഴ്ചയോളം ഓറീസ്‌വീലിൽ വേദപാഠം പഠിപ്പിക്കുകയും ചെയ്തു.



വിശുദ്ധ കത്തേരി തെക്കാക് വീത്താ

ഇവർ മോൺട്രിയോളിലേക്കു തിരിച്ചുപോകാനുള്ള സമയമായപ്പോൾ ഇവിടെ ഓറീസ്‌വീലിൽ നിന്നു രണ്ടു പേർകൂടി ചേരാൻ തീരുമാനിച്ചു. കത്തേരിയും കത്തേരിയുടെ ഒരു മാതൃസഹോദരനും. ഈ അഞ്ചുപേരുംകൂടി മൂന്നു പേർ ഇങ്ങോട്ടുവന്ന അതേ വള്ളത്തിൽ കുറെ ഭക്ഷണസാധനങ്ങളുമൊക്കെയായി ജലയാത്ര ആരംഭിച്ചു. ക്രിസ്തുമതവിരോധികളായ മൊഹാക്‌വർഗക്കാർ വസിക്കുന്ന വനമധ്യത്തിൽക്കൂടിയായിരുന്നു അവരുടെ നദീയാത്ര. ഏതാനും ദിവസങ്ങൾക്കകം അഞ്ചുപേരും സുരക്ഷിതരായി മോൺട്രിയോൾ മിഷനിലെത്തി. കാനഡായിൽ മോൺട്രിയോളിലെ മൊഹാക് വർഗക്കാരും മിഷനധികാരികളും കത്തേരിയെ സസന്തോഷം സ്വീകരിച്ചു. 1675 മുതൽ മരണംവരെ കത്തേരി ഇവിടെയാണു ജീവിച്ചത്.

**മൊഹാക് വർഗക്കാരുടെ ലില്ലിപ്പുഷ്പം**

മൊൺട്രിയോൾ മിഷനിലെ ജീവിതം കത്തേരിക്ക് അങ്ങേയറ്റം ഇഷ്ടപ്പെട്ടു. സന്തോഷസമന്വിതവും സമാധാനപൂർവകവുമായിരുന്നു അവളുടെ അവിടത്തെ ജീവിതം. അതുപോലെ, മിഷനിലെ ആളുകൾ കത്തേരിയെ അവരുടെ സമൂഹത്തിനു വലിയൊരു മുതൽക്കൂട്ടായി പരിഗണിച്ചു. തയ്യൽജോലി ചെയ്യുക, വേദപാഠം പഠിപ്പിക്കുക, കൊന്തനമസ്കാരവും കീർത്തനങ്ങളും ആലപിക്കുക... ഇങ്ങനെ പല സേവനങ്ങളും സന്തോഷത്തോടെ കത്തേരി, പ്രാർത്ഥനാസമന്വിതം നിർവ്വഹിച്ചു.

മോൺട്രിയോൾ മിഷൻ സുപ്പീരിയറായിരുന്ന ഫാ. കൊളോണിയോട്ടിനോട്, 1679 മാർച്ച് 25 ന് കത്തേരി അഭ്യർത്ഥിച്ചു: "ഞാൻ എന്റെ ബ്രഹ്മചര്യസമർപ്പണവും പൂർണമായ ആത്മസമർപ്പണവും കർത്താവീശോയ്ക്കു നിർവഹിക്കുവാൻ അനുവദിച്ചാലും," അച്ചൻ സമ്മതിച്ചു. കർത്താവിന്റെയും പരിശുദ്ധ കന്യാമാതാവിന്റെയും പ്രിയദാസിയായി അവൾ മരണപര്യന്തം ജീവിച്ചു.

1680 വലിയ ആഴ്ചയിൽ കത്തേരിക്ക് ശ്വാസസംബന്ധമായി വിഷമം അനുഭവപ്പെട്ടു. രോഗീലേപനവും പരിശുദ്ധ കുർബാനയും കത്തേരിക്കു നൽകപ്പെട്ടു. 'കർത്താവീശോയേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു' എന്നു പ്രാർത്ഥിച്ചുകൊണ്ട് 1680 പെസഹാവ്യാഴാഴ്ച കത്തേരി തെക്കാക് വീത്താ ദിവംഗതയായി. അന്നുതന്നെ ആ ലില്ലി ഓഫ് മൊഹാക് അവിടെ സിമിത്തേരിയിൽ സംസ്കരിക്കപ്പെടുകയും ചെയ്തു.

**വാഴ്ത്തപ്പെട്ടവൾ, വിശുദ്ധ**

രാഷ്ട്രീയപ്രതിസന്ധികളും കാലത്തിന്റെ ഗതിവിഗതികളും നിമിത്തം കത്തേരിയുടെ ജീവിതകഥ, വത്തിക്കാനിലെത്തിയത് നൂറ്റാണ്ടുകൾക്കുശേഷമാണ്. ഓറീസ്‌വീലിൽ രക്തസാക്ഷിയായി മരിച്ച (1646 ൽ) ഐസക് ഷോഗും സഹപ്രവർത്തകരും രക്തസാക്ഷി വിശുദ്ധരായി വത്തിക്കാൻ പ്രഖ്യാപിച്ചത് 1930 ലാണ് എന്നോർക്കുക. തദനന്തരം കത്തേരിയുടെ കാര്യവും വത്തിക്കാന്റെ ശ്രദ്ധയിൽപ്പെട്ടു. തത്ഫലമായി വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ 1980 ജൂൺ 22 ന് കത്തേരി തെക്കാക് വീത്തയെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. അതിനുശേഷം 2012 ഒക്ടോബർ 21 ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ കത്തേരിയെ വിശുദ്ധയായി പ്രഖ്യാപിച്ചു. അങ്ങനെ 'മൊഹാക് വർഗക്കാരുടെയിടയിലെ ലില്ലിപ്പുഷ്പം' ആഗോളകത്തോലിക്കാസഭയിലെ വിശുദ്ധയായി വണങ്ങപ്പെടുന്നു. ന്യൂയോർക്ക് നഗരമധ്യത്തിൽ (ഫിഫ്ത് അവന്യൂ) വിശ്വവിഖ്യാതമായ സെന്റ് പാട്രിക് ബസിലിക്കയുടെ ആനവാതിലിലെ പിച്ചളപ്പലകയിൽ കത്തേരിയും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു.

■



*പാലാ സെന്റ് മേരീസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദിസമാപനസമ്മേളനം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. സെബി പറമുണ്ട, സി. ഡോ. ഗ്രെയ്സ് മുണ്ടപ്ലാക്കൽ എഫ്.സി.സി., സി. മെറിൻ കണ്ണന്താനം, സി. ലിസ്യു കുഴിവേലിൽ, ഫാ. ജോൺസൺ പുള്ളീറ്റ്, വി. വി. ഭാസ്കരൻ, ഡോ. റ്റി. സി. തങ്കച്ചൻ, ഫാ. ജോൺ കണ്ണന്താനം, ലിസി ജേക്കബ്, സി. സ്റ്റാർലി പാറത്താനം, ഗ്രേസിക്കുട്ടി അഗസ്റ്റിൻ എന്നിവർ സമീപം.*

# വെരിക്കോസ് വെയ്ൻ സങ്കീർണതകൾ തടയാം

ആരോഗ്യവീഥി





ഡോ. ജിബിൻ കെ തോമസ്

ഏറെനേരം നിന്നു ജോലിചെയ്യുന്നവരിൽ കൂടുതലായി കണ്ടുവരുന്ന രോഗമാണ് വെരിക്കോസ് വെയ്ൻ. ചർമത്തിനു തൊട്ടു താഴെയുള്ള അശുദ്ധരക്തം ഹൃദയത്തിലേക്കു കൊണ്ടുപോകുന്ന വെയ്ൻസ് എന്ന രക്തക്കുഴലുകൾ തടിച്ചുവീർത്തും ചുറ്റിപ്പിണഞ്ഞും അശുദ്ധരക്തത്തെ മുകളിലേക്കു വിടാതെ വരുമ്പോൾ രക്തപ്രവാഹത്തിന്റെ വേഗം കുറയുകയും കെട്ടിനിൽക്കുകയും ചെയ്യുന്ന അവസ്ഥയാണിത്. ഇങ്ങനെ കെട്ടിക്കിടക്കുന്ന അശുദ്ധരക്തം സമീപകോശങ്ങൾക്കു നാശവും വീർത്തുപൊട്ടി വ്രണങ്ങളും അണുബാധയു മുണ്ടാക്കാൻ സാധ്യതയുണ്ട്.

പാരമ്പര്യമായി വെരിക്കോസ് വെയ്ൻ കാണപ്പെടാറുണ്ട്. കുടുംബത്തിൽ ആർക്കെങ്കിലും ഉണ്ടെങ്കിൽ മറ്റുള്ളവർക്കും വരാൻ



സാധ്യതയേറെയാണ്. അമിതവണ്ണം, വ്യായാമക്കുറവ്, തുടർച്ചയായി ഏറെനേരം നിൽക്കുക എന്നിവയും വെരിക്കോസ് വെയ്നു കാരണമാകാം.

പ്രസവകാലത്ത് ചില സ്ത്രീകളിൽ വെരിക്കോസ് വെയ്ൻ കാണപ്പെടാറുണ്ട്. ഗർഭകാലത്ത് ശരീരത്തിൽ രക്തത്തിന്റെ അളവ് കൂടാറുണ്ടെങ്കിലും അതനുസരിച്ച് കാലുകളിൽനിന്ന് ഇടുപ്പിലേക്കുള്ള രക്തയോട്ടം കൂടാത്തതാണ് ഇതിനു കാരണം. അതോടൊപ്പം ഗർഭാവസ്ഥയിലെ ഹോർമോൺമാറ്റങ്ങളും ഇതിലേക്കു നയിക്കാം. പ്രസവം കഴിഞ്ഞ് ഒരുവർഷം ആകുന്നതോടെ മിക്കവരിലും ഇതു മാറുന്നതായിക്കാണാം.

**ലക്ഷണങ്ങൾ**

▪ രക്തക്കുഴലുകൾ തടിച്ചുചുരുളുന്നു ▪ കാലുകളിൽ ചിലന്തിവലപോലെ വെയ്ൻസ് കാണപ്പെടുന്നു ▪ രക്തക്കുഴലുകൾ നീല പർപ്പിൾ നിറങ്ങളിൽ ആകുന്നു(ആദ്യഘട്ടത്തിൽ നിറവ്യത്യാസം ഉണ്ടാകണമെന്നില്ല). രോഗബാധയുള്ള സ്ഥലത്ത് മുറിവിൽനിന്നു രക്തസ്രാവം ഉണ്ടാവാം ▪ കണങ്കാലിന്റെ ഭാഗം നീരു വന്നു വീർക്കുന്നു ▪ കാലുകളിൽ വേദനയും ഭാരക്കൂടുതലും തോന്നുക ▪ വെരിക്കോസ് വെയ്ൻ ഉള്ള ഭാഗത്തു കരിവാളിപ്പും പുകച്ചിലും അനുഭവപ്പെടുന്നു ▪ വ്രണങ്ങൾ കാണപ്പെടുന്നു.

**പരിശോധനകൾ**

രോഗിയെ നേരിട്ടു പരിശോധിക്കുന്നതിലൂടെയും മറ്റു ടെസ്റ്റുകളിലൂടെയും രോഗം നിർണയിക്കാം. ഡോപ്ലർ വീനസ് അൾട്രാസൗണ്ട്, വീനോഗ്രാം എന്നിവയാണ് സാധാരണപരിശോധനകൾ.

**തടയാൻ ചെയ്യേണ്ടത്**

ജീവിതശൈലിയിലെ ആരോഗ്യകരമായ മാറ്റങ്ങൾ വെരിക്കോസ് വെയ്ൻ ഒരു പരിധിവരെ പ്രതിരോധിക്കും. ഇത് പൂർണമായി തടയാൻ കഴിയില്ല. നടത്തം, ഓട്ടം തുടങ്ങിയ വ്യായാമങ്ങൾ ജീവിതശൈലിയുടെ ഭാഗമാക്കണം. ഇതുവഴി രക്തപ്രവാഹം സുഗമമാവുകയും സിരകളുടെ ആയാസം കുറയുകയും ചെയ്യും. ശരീരഭാരം ആരോഗ്യകരമായി നിലനിർത്തണം. നാരുകൾ കൂടുതലുള്ള ധാന്യങ്ങൾ, ഇലക്കറികൾ എന്നിവ ഭക്ഷണത്തിൽ കൂടുതലായി ഉൾപ്പെടുത്താം. ഉപ്പിന്റെ അളവ് കുറയ്ക്കുക. പരന്ന പ്രതലമുള്ള പാദരക്ഷകൾ ഉപയോഗിക്കുക. ജോലി ചെയ്യുമ്പോൾ ഒരേ പൊസിഷനിൽ ഇരിക്കാതിരിക്കുക. രക്തയോട്ടം വർധിപ്പിക്കുന്ന ലഘുവ്യായാമങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കുക.

**ചികിത്സകൾ**

വെരിക്കോസ് വെയ്ൻ രോഗികളിൽ കാലിലെ രക്തയോട്ടം മെച്ചപ്പെടുത്താനും, വേദന കുറയ്ക്കാനും കംപ്രഷൻ സ്റ്റോക്കിങ്സ് ചികിത്സ ഉപയോഗിക്കാറുണ്ട്. ആധുനിക കംപ്രഷൻ സ്റ്റോക്കിങ്സ് കാലുകളിൽ തുടർച്ചയായി സമ്മർദം ലഭിക്കത്തക്കവിധം നിർമിക്കപ്പെട്ടതാണ്. കണങ്കാൽഭാഗത്ത് ഏൽക്കുന്ന സമ്മർദം സിരകളിലെ രക്തത്തിന്റെ മുകളിലേക്കുള്ള ഒഴുക്കിനെ സഹായിക്കുന്നു.

**ശസ്ത്രക്രിയ**

ജീവിതശൈലിയിലെ മാറ്റങ്ങളും മറ്റു മരുന്നുകളും ഫലിക്കാതെവരുമ്പോഴാണ് ശസ്ത്രക്രിയ നിർദേശിക്കുന്നത്. ചെറിയ മുറിവുണ്ടാക്കി അസുഖം ബാധിച്ച സിരയെ നീക്കം ചെയ്യുകയാണ് സാധാരണ ചെയ്യുന്നത്. രോഗബാധയുള്ള സിര മുറിച്ച് പുറത്തേക്കു വലിച്ചെടുക്കുന്നു. വെയ്ൻ സ്ട്രിപ്പിങ്, ഫ്ലെബക്ടമി എന്നിവയാണ് പ്രധാന ശസ്ത്രക്രിയകൾ.

**എൻഡോവെനസ് അബ്ലേഷൻ തെറാപ്പി**

റേഡിയോ ഫ്രീക്വൻസി തരംഗങ്ങളോ ലേസറോ ഉപയോഗിച്ചുള്ള ആധുനിക രീതിയാണിത്. അസുഖം ബാധിച്ച ഭാഗത്തു ദ്വാരമുണ്ടാക്കി സിരയിലൂടെ കത്തീറ്റർ കയറ്റി അൾട്രാസൗണ്ട് മെഷീന്റെ സഹായത്തോടെ സിരകൾ കരിച്ചെടുക്കുകയാണ് ചികിത്സാരീതി.

**എൻഡോസ്കോപ്പി ക്വെയ്ൻ സർജറി**

രോഗം ബാധിച്ച സിരയുടെ സമീപത്തായി ചെറിയ ദ്വാരമുണ്ടാക്കി അതുവഴി എൻഡോസ്കോപ് കടത്തി കൃത്യമായി നിരീക്ഷിച്ചാണ് ഈ സർജറി ചെയ്യുന്നത്.

**സ്ക്ലീറോ തെറാപ്പി**

സിരകളിലേക്കു ദ്രാവകരൂപത്തിലുള്ള രാസവസ്തു നേരിട്ടു കുത്തിവച്ച് അവയെ നിർവീര്യമാക്കുന്ന രീതിയാണിത്. ഗർഭിണികൾ, ഗർഭനിരോധനഗുളികകൾ കഴിക്കുന്നവർ എന്നിവർക്ക് സ്ക്ലീറോതെറാപ്പി ചെയ്യാറില്ല.

ഇതൊക്കെ ചെയ്താലും മുറിവുകൾ തീരെ ഉണങ്ങുന്നില്ലെങ്കിൽ സ്കിൻ ഗ്രാഫ്റ്റിങ് പോലുള്ള പ്ലാസ്റ്റിക്സർജിക്കൽ ഓപ്പറേഷനുകൾ വേണ്ടിവരാം. എന്നാൽപ്പോലും പരാജയപ്പെടാനോ പിന്നെയും വ്രണങ്ങൾ വരാനോ ഉള്ള സാധ്യതയുണ്ട്. കംപ്രഷൻ സ്റ്റോക്കിങ്സ് തുടക്കത്തിലേ ഉപയോഗിക്കുന്നതുവഴി സങ്കീർണതകൾ ഒരു പരിധിവരെ തടയാൻ സാധിക്കും.

---

*ലേഖകൻ പാലാ മാർ സ്ലീവാ മെഡിസിറ്റിയിലെ ജനറൽ & ലാപ്രോസ്കോപിക് വിഭാഗം കൺസൽട്ടന്റാണ്.*

# കൊവിഡിനോടു പൊരുതാം

പ്രഫ. എ.ടി. ഏബ്രഹാം വാളനാട്ട്

ഭൂലോകമെങ്ങുമതി ഭീതി വിതച്ചു നീളേ-
യാളിജ്ജ്വലിച്ചു പടരുന്നൊരു ഘോരവഹ്നി.
ചേലേറുമിദ്ധരണിയാകവെ യീ മഹാഗ്നി-
യാലേ വരണ്ടു മുരടിച്ചു വിവർണയായി.

പാരാകെ മർത്ത്യരതിഭീകരമീ വിപത്താൽ
തീരാത്ത വേദനയിലാണ്ടു വലഞ്ഞിടുന്നു.
ഈ രോദനത്തിനിനിയെന്നവസാന? മെന്നാ-
ണാരായ്‌വതാരു മതിതീവ്ര നിരാശയോടേ.

നേരോർക്കിൽ ഭൂവിതിലെ മാനുഷവാസകാലം
ധാരാളമായ് സഹനമാർന്നതുതന്നെ, യെന്നാൽ
വാരാർന്നൊരീ ഭുവനസൃഷ്ടി മഹാ രഹസ്യ-
സാരം ഗ്രഹിക്കിലഴലൊക്കെ വെടിഞ്ഞിടും നാം.

ഭൂവിൽ മനുഷ്യനഖിലം ശുഭമായ് ഭവിക്കാ-
നാവി,ല്ലെഴും സഹനമേറെയു, മെന്നിരിക്കെ
ഈ വിശ്വചക്ര ബഹുദീർഘഗതിക്കിടയ്ക്കി-
ക്കൊവിഡ് വിപത്തു നിയതം ചെറുതൊന്നു മാത്രം.

ദൈർഘ്യം കുറഞ്ഞീടിലുമീയിഹലോകയാത്രാ-
മദ്ധ്യേ നമുക്കു സഹചാരികളായനേകം
ദുഃഖങ്ങളെത്തു,മവ നീക്കുവതിന്നൊരാൾക്കു-
മൊക്കില്ല, നമ്മളവ പേറുകതന്നെ വേണം.

ദാരിദ്ര്യപീഡകൾ, നിരന്തരമായി വിട്ടു-
മാറാത്ത രോഗദുരിതങ്ങൾ പലേ തരങ്ങൾ,
തീരാതെഴും പ്രകൃതി സൃഷ്ടവിപത്തുകൾ, പി-
ന്നോരോതരം മനുജനിർമിതപീഡനങ്ങൾ.

ചൊല്ലീടിലിങ്ങനെയെഴുന്നഴലേറെ,യെന്നാ-
ലെല്ലാറ്റിലും വലുതു മൃത്യു തരുന്ന ദുഃഖം.
നല്ലാത്മബന്ധുതയിലാം പ്രിയ ലോകർ പെട്ടെ-
ന്നില്ലാതെയാവതിലെ ദുഃഖമവർണ്യമല്ലേ?

നന്നേ തിളക്കമൊടെയിന്നലെ നമ്മോടൊപ്പം
ഒന്നിച്ചു ചേർന്നു വിഹരിച്ചവരാമനേകർ
ഇന്നില്ല നമ്മുടെ യിട,യ്ക്കവർ പോയ് മറഞ്ഞൂ
കൺമുമ്പിൽ നിന്നു നിനയാ നിമിഷത്തിൽ വേഗം

വന്നീടുമിങ്ങനെ ജഗത്തിൽ വിടാതെ കൊണ്ടോ-
ന്നൊന്നായ് വിപത്തുകൾ തുടർന്നുമനേകമേവം.
എന്നാലുമാശ വെടിയാതെ സുധീരരായ് നാം
മുന്നേറണം, മനുജ ധർമമതാണു പാരിൽ.

ഈ വർണമുഗ്ദ്ധ ഭുവനത്തൊടു യാത്ര ചൊന്നു
പോവുന്നതാകുയാർക്കുമെഴാവ,തെന്നാൽ
ആവുന്നപോൽ പരനു നന്മകൾ ചെയ്തു വേഗം
പൂവിൻ സമം പിരിയിൽ നൂനമതല്ലി ഭാഗ്യം?

ചിന്തിച്ചിടുന്നു പലരും ഭുവി നീണ്ടൊരായു-
സ്സുണ്ടാകുമെങ്കിലതു മുന്തിയ ഭാഗ്യമെന്ന്.
എന്തുള്ളു കാര്യമിതിൽ? ജീവിതദൈർഘ്യമല്ലാ,
സന്തുഷ്ട ജീവിതമതാണു വിശിഷ്ടമേറെ.

പ്രത്യാശയോടെ തുടരാ,മതു മാത്രമന്ത്യം
ലക്ഷ്യത്തിലെത്തുവതിനുള്ള യഥാർത്ഥ മാർഗ്ഗം
നിത്യേന നേരിടുവതാം സഹനങ്ങളെല്ലാം
ഭക്ത്യാ വരിക്ക വഴിയാന്തരശക്തി നേടാം.

കൊവിഡ് ദുരന്തമിനി നീളുവതെത്ര നാളെ-
ന്നാവില്ലൊരാൾക്കുമറിയാൻ, നരരല്ലയോ നാം
ഈ വേദനയ്ക്കറുതി താമസമെന്നിയേയു-
ണ്ടാവാൻ പരാപരനനുഗ്രഹമേകിടട്ടെ.

# നല്ലവനായ ക്വസിമോദോ




*കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി*



**ജോയിഷ് ജോസ്**


**ധാ**രാളം ബാലസാഹിത്യ പുസ്തകങ്ങൾ മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. അതിനോടൊപ്പം വിശ്വസാഹിത്യത്തെയും കുട്ടികൾ അറിയേണ്ടതുണ്ട്. അവർ ആദ്യംതന്നെ പരിചയപ്പെടേണ്ട പുസ്തകങ്ങളിലൊന്നാണ് നോത്രദാമിലെ കൂനൻ.

കാതടപ്പിക്കുന്ന മണിയൊച്ച കേട്ടാണ് പാരിസ് നഗരം ഉണർന്നത്. പാരിസിൽ വിഡ്ഢികളുടെ മാർപാപ്പായെ തിരഞ്ഞെടുക്കുന്ന ദിവസമാണ് ഇന്ന്, ഈ അവസരത്തിൽ ഒത്തിരി മനക്കോട്ടകൾ കെട്ടുന്ന ഒരാളുണ്ട്. കവിയും നാടകകൃത്തുമായ പിയേർ ഗ്രിൻഷോർ. കാരണം, അയാളുടെ നാടകം ഇന്ന് പാലസ് ഓഫ് ജസ്റ്റിസിൽ അരങ്ങേറുകയാണ്. വിജയിച്ചാൽ പാരിസിൽ അയാൾ അറിയപ്പെടും. പട്ടിണി മാറും. സ്വപ്നങ്ങൾ എല്ലാം പൂവണിയും. പുറത്ത് ശബ്ദകോലാഹലങ്ങൾ. പ്രതീക്ഷയ്ക്കു വിപരീതമായി നാടകം കാണാൻ വന്നവർ പുറത്തേക്കു പോകുന്നു, പുറത്ത് വിഡ്ഢികളുടെ മാർപാപ്പായുടെ എഴുന്നള്ളത്ത് നടക്കുന്നു. പോരാഞ്ഞിട്ട് സുന്ദരിയായ എസ്മൊറാൽദോ എന്ന ജിപ്സിപ്പെൺകുട്ടിയും പുറത്തുണ്ട്.

നോത്രദാം പള്ളിയിലെ ആർച്ചുഡീക്കനായ ക്ലോദു ഫ്രോല്ലോ ദത്തെടുത്തു വളർത്തിയതാണ് ക്വസിമോദോയെ. എല്ലാവരാലും നിരാകരിക്കപ്പെട്ട മനുഷ്യനായിരുന്നു അവൻ. ഒരു കണ്ണിന്റെ സ്ഥാനത്ത് ഒരു കുഴി മാത്രം. വളഞ്ഞകാലൻ, ബധിരൻ, പിശാചിന്റെ അവതാരം, ഗർഭിണികളാരും ഇവന്റെ കൺവെട്ടത്തു വരരുത്, ശരിക്കും ഒരു ആൾക്കുരങ്ങ്... അങ്ങനെ പോകുന്നു ആളുകളുടെ വിലയിരുത്തൽ. വികൃതരൂപം പൂണ്ട ക്വസിമോദോ ആണ് വിഡ്ഢികളുടെ മാർപാപ്പായായി തിരഞ്ഞെടുക്കപ്പെട്ടത്. ക്വസിമോദോയുടെ ലോകം നോത്രദാം പള്ളിയും പള്ളിയിലെ മണികളും മാത്രം. തന്റെ നാടകം പരാജയപ്പെട്ടതിൽ നിരാശനായ ഗ്രിൻഷോർ, പുറത്ത് അഗ്നികുണ്ഡംകൂട്ടി അതിനു ചുറ്റും നൃത്തം വയ്ക്കുന്ന ജിപ്സിപ്പെൺകുട്ടിയെയും അവളോടൊപ്പം ഒരു ജാലവിദ്യക്കാരനെപ്പോലെ പെരുമാറുന്ന ജാലിയെന്ന ആട്ടിൻകുട്ടിയെയും നോക്കിയിരുന്നു. അവസാനം രാത്രിയുടെ യാമങ്ങളിൽ അവൾ കൂടണയാൻ യാത്രയായി. ഈ സമയത്തും ജിപ്സിസമൂഹത്തെ ഒന്നാകെ ശപിച്ചുകൊണ്ട് തന്റെ നഷ്ടപ്പെട്ടുപോയ കുഞ്ഞിന്റെ ഒരു കാലിലെ ചെരുപ്പുമായി ഒരമ്മ അലയുകയായിരുന്നു - സിസ്റ്റർ ഗുദുൽ.

ഒരു കാലഘട്ടത്തിൽ എഴുതിയ കഥകൾ മറ്റൊരു കാലഘട്ടത്തിലെ ജനങ്ങളുടെ ഹൃദയത്തിൽ സ്ഥാനം പിടിക്കണമെങ്കിൽ വർത്തമാനകാലത്തെ നിഗൂഢതകൾ അനാവരണം ചെയ്യാൻ അതിനു കഴിയണം അതുതന്നെയാകും വിക്ടർ ഹൂഗോയുടെ ഈ കഥയും ജനഹൃദയങ്ങളിൽ സ്ഥാനം പിടിക്കാൻ കാരണം. മനുഷ്യന്റെ സ്വഭാവം എല്ലായിടത്തും എല്ലാക്കാലത്തും ഒന്നായിരുന്നോ. ഇവിടെ രാത്രി കൂടണയാൻ പോകുന്ന ജിപ്സിപ്പെൺകുട്ടിയെ ഒറ്റക്കണ്ണൻ ക്വസിമോദോയുടെ സഹായത്തോടെ പിൻതുടരുന്ന ഡീക്കൻ ക്ലോദു ഫ്രോല്ലോയും കവിയായ ഗ്രീൻഷോറും ഇതിന് ഉദാഹരണം. ക്വസിമോദോയുടെ കയ്യിലകപ്പെട്ട എസ്മറാദോ എന്ന ജിപ്സിപ്പെൺകുട്ടിയെ അദ്ഭുതകരമായി ക്യാപ്റ്റൻ ഫെബ്യൂസ് രക്ഷപ്പെടുത്തുന്നു, അപകടത്തിൽനിന്നു തന്നെ രക്ഷപ്പെടുത്തിയ പട്ടാളക്കാരനുമായി പെൺകുട്ടി പ്രണയത്തിലാകുന്നു. എന്നാൽ കാപട്യത്തിന്റെ മുഖംമൂടിയണിഞ്ഞ ഫെബ്യൂസ് തന്റെ കാമത്തിന്റെ ഒരു ഉപകരണം മാത്രമായി പെൺകുട്ടിയെ കാണുന്നു. രാത്രി പെൺകുട്ടിയെ പിൻതുടർന്ന പിയേർ ഗ്രിഷോർ വഴിതെറ്റി ജിപ്സികളുടെ താവളത്തിലകപ്പെടുന്നു. ജിപ്സികളുടെ നിയമപ്രകാരം പുറത്തുനിന്നു താവളത്തിൽ എത്തിയ കവി വധശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ജിപ്സികളുടെ കൂട്ടത്തിലുള്ള ഒരു പെൺകുട്ടി തന്നെ വിവാഹം ചെയ്യാൻ തയ്യാറായാൽ വധശിക്ഷയിൽനിന്നു രക്ഷപ്പെടാം എന്ന ജിപ്സികളുടെ നിയമപ്രകാരം എസ്മറാദോ കവിയെ വിവാഹം കഴിച്ച് മരണത്തിൽനിന്നു രക്ഷപ്പെടുത്തുന്നു. ഫെബ്യൂസ് എന്ന പട്ടാളക്കാരനെ പ്രണയിക്കുന്ന പെൺകുട്ടിക്ക് കവിയെ ഒരിക്കലും പ്രണയിക്കാൻ കഴിയില്ല. മരണത്തിൽനിന്നു രക്ഷപ്പെടുത്താൻവേണ്ടി മാത്രമാണു വിവാഹം കഴിച്ചതെന്ന് ജിപ്സി പെൺകുട്ടി വെളിപ്പെടുത്തുന്നു.

ബധിരനായ ക്വസിമോദോയും ബധിരനായ ഒരു ജഡ്ജിയും വർത്തമാനത്തിന്റെ നീതിയില്ലാത്ത നീതിപീഠത്തെ സൂചിപ്പിക്കുന്നു. പരസ്പരം കേൾക്കാൻ കഴിയാത്ത രണ്ടു തൂണുകൾ, അവസാനം ക്വസിമോദോയെ ദണ്ഡനശിക്ഷയ്ക്കു വിധിക്കുന്നു. കുറ്റവാളിയെ ഒരു ചക്രത്തിൽ കിടത്തി കാലും




കയ്യും ബന്ധിച്ച് കറക്കുന്ന ഒരു സംവിധാനമാണിത്. അവശനായ ഒറ്റക്കണ്ണൻ ക്വസിമോദോ ഒരിറ്റു വെള്ളത്തിനായി നിലവിളിക്കുമ്പോഴും സദാചാരവാദികൾ കല്ലെറിയുന്ന ക്രൂരമായ അവസ്ഥ ഹൃദയഭേദകമായി വിവരിച്ചിരിക്കുന്നു. മരണവുമായി മല്ലിടുന്ന ക്വസിമോദോയ്ക്കു ദാഹജലവുമായി ജിപ്സി പെൺകുട്ടിയെത്തുന്നു. കരുണയുടെ മുഖം വീണ്ടും.

ജിപ്സിപ്പെൺകുട്ടിയുമായി ക്യാപ്റ്റൻ ഫെബ്യൂസ് രഹസ്യമായി കൂടിക്കാഴ്ചയ്ക്ക് ഒരുങ്ങുന്നു എന്നറിഞ്ഞ ആർച്ചുഡീക്കൻ ചതിയിലൂടെ അയാളെ കൊല്ലാൻ ശ്രമിക്കുന്നു. ഗുരുതരമായി പരുക്കേറ്റ ഫെബ്യൂസ് മരണത്തിൽനിന്നു രക്ഷപ്പെടുന്നു. ചതിയനായ ആർച്ചുഡീക്കൻ തന്റെ വക്രബുദ്ധിയുപയോഗിച്ച് ജിപ്സിപ്പെൺകുട്ടിയെ കൊലക്കുറ്റത്തിൽ അകപ്പെടുത്തുന്നു. ജയിലിൽ അടയ്ക്കപ്പെട്ട പെൺകുട്ടിയോട് വീണ്ടും പ്രണയാഭ്യർത്ഥന നടത്തുന്ന ഡീക്കൻ തന്റെ പദ്ധതികൾ പാളിയപ്പോൾ പെൺകുട്ടിയെ ഒറ്റുകൊടുക്കുന്നു.

അവസാനം, വധശിക്ഷയ്ക്കു വിധിക്കപ്പെട്ട പെൺകുട്ടിയെ ഒറ്റക്കണ്ണൻ ക്വസിമോദോ അദ്ഭുതകരമായി രക്ഷപ്പെടുത്തുന്നു.

അന്നു നിലനിന്നിരുന്ന നിയമപ്രകാരം - സാഗ്ചൊറി സാഗ്ചൊറി എന്നു വിളിച്ചുകൊണ്ട് ആര് നോത്രദാമിലെ പള്ളിയിൽ കയറിയാലും അവരെ ആരും ഒന്നും ചെയ്യാൻ പാടില്ല. എല്ലാ പേരാലും വെറുക്കപ്പെട്ട, വിരൂപനായിരുന്ന ക്വസിമോദോയുടെ കരുണയുള്ള ഹൃദയം വെളിപ്പെടുത്തുന്ന പ്രവൃത്തിയായിരുന്നു ഇത്. ഒരുപക്ഷേ, പള്ളിയുടെ ശിലകൾ സംസാരിച്ചാൽ ഓരോ ശിലയും പറയുന്ന പേര് ക്വസിമോദോ എന്നായിരിക്കും. ജിപ്സി പ്പെൺകുട്ടിയെ തൂക്കിലേറ്റാൻ വിധിച്ചതറിഞ്ഞ് ജിപ്സികളുടെ സംഘം പെൺകുട്ടിയെ രക്ഷിക്കാനായി നോത്രദാം പള്ളി ആക്രമിക്കുന്നു. ബധിരനായ ക്വസിമോദോ അവർക്കെതിരേ പള്ളിയിൽ നിലയുറപ്പിക്കുന്നു. ചതിയനായ ഡീക്കൻ, കവിയുടെ സഹായത്തോടെ പെൺകുട്ടിയെ പുറത്തുകൊണ്ടു പോകുന്നു, ഫെബ്യൂസ് അവളെ തള്ളിപ്പറയുന്നു, തന്നെ പ്രണയിക്കാത്തതിന്റെ പേരിൽ ആർച്ചുഡീക്കൻ പെൺകുട്ടിയെ ചതിയിലൂടെ വധശിക്ഷയ്ക്കു കൊടുക്കുന്നു വീണ്ടും.

ഹൃദയഭേദകമായ അനവധി രംഗങ്ങൾക്കുശേഷം നഷ്ടപ്പെട്ടുപോയ തന്റെ മകളാണ് എസ്മൊറാദോ എന്ന ജിപ്സിപ്പെൺകുട്ടിയെന്ന് സിസ്റ്റർ ഗുദുൽ മനസ്സിലാക്കുന്നു. അമ്മ മകളെ കണ്ടെത്തി നിമിഷനേരങ്ങൾക്കകം മകളെ വധശിക്ഷ നടപ്പിലാക്കാൻ കൊണ്ടുപോകുന്നു. പെൺകുട്ടിയുടെ വധശിക്ഷ നടപ്പിലാക്കിയതറിഞ്ഞ് ഒറ്റക്കണ്ണൻ ക്വസിമോദോ ചതിയനായ ആർച്ചുഡീക്കനെ കൊല്ലുന്നു. വിരൂപനെങ്കിലും നല്ല ഹൃദയത്തിന് ഉടമയായ ഒരിക്കലും കരയാത്ത ക്വസിമോദോ ആദ്യമായി കരഞ്ഞു. ജിപ്സി പെൺകുട്ടിയുടെ മരണശേഷം ക്വസിമോദോ അപ്രത്യക്ഷമായി. ഒരു വർഷത്തിനുശേഷം ജിപ്സിപെൺകുട്ടിയുടെ ശവശരീരം കിടന്നിരുന്നയിടത്ത് അതിനെ കെട്ടിപ്പുണർന്ന് ഒരു പുരുഷന്റെ അസ്ഥികൂടം കണ്ടെത്തിയിരുന്നു....

■

# ബഹിർമുഖത്വം

പ്രണയപാഠാവലി (74)



**ഡോ. ആന്റണി ജോസ്**

**ഈ** വിഭാഗക്കാർ വീട്ടിൽ ഒതുങ്ങിക്കൂടാനിഷ്ടപ്പെടുന്നില്ല. ആൾക്കൂട്ടമാണ് അവർക്കു പ്രചോദനം. പൊതുവേദികളിൽ എങ്ങനെയെങ്കിലും വന്നെത്തിയിരിക്കും.

തുറന്നിടപഴകുക, ധാരാളം സംസാരിക്കുക, തമാശ പറയുക, ശുഭാപ്തിവിശ്വാസം പുലർത്തുക ഇതൊക്കെയാണ് ശൈലി. എപ്പോഴുംതന്നെ സന്തോഷഭരിതരായി കാണപ്പെടുന്നു. പത്താളു കൂടുന്നിടത്ത് അവർ ഊർജം കണ്ടെത്തുന്നു.

സ്ഥലത്തെ പ്രധാനപയ്യൻസായിരിക്കുന്നതോടൊപ്പം, സ്വന്തം മേൽക്കൈ സ്ഥാപിച്ചെടുക്കാനുള്ള ശ്രമവും ഉണ്ടാകും. തന്റെ സ്വാധീനം, കാര്യക്ഷമത ഇതൊക്കെ ആവർത്തിച്ചുകൊണ്ടേയിരിക്കും; ഒന്നല്ലെങ്കിൽ മറ്റൊരു വിധത്തിൽ.

പല കാര്യങ്ങളിൽ ഒരേസമയം ഇടപെടുമെങ്കിലും മിക്കപ്പോഴും അതെല്ലാം ഉപരിപ്ലവമായിരിക്കും. വിഷയത്തിന്റെ ആഴത്തിലേക്കിറങ്ങിച്ചെല്ലുന്ന പതിവില്ല. എന്നാലും എല്ലാവർക്കും വേണ്ടപ്പെട്ടവരുടെ പട്ടികയിൽ എത്തിപ്പെടുകയും ചെയ്യും.

പങ്കാളിയെ സംബന്ധിച്ചിടത്തോളം ഇയാൾ ഒരു കിട്ടാക്കനിയാണ്. വീട്ടിലിരിക്കാറില്ലല്ലോ. നൂറുകൂട്ടം കാര്യങ്ങളുമായി തിരക്കോടു തിരക്ക്. എന്നാൽ, അതിനുള്ള പ്രയോജനം കുടുംബത്തുണ്ടോ? മിക്കപ്പോഴും ഇല്ല; അതാണു വാസ്തവം.

കുടുംബാംഗങ്ങളുടെ ക്ഷേമം, കുട്ടികളുടെ വിദ്യാഭ്യാസം, വരുമാനം ഇതൊക്കെ കണ്ണിൽപ്പെടാതെ പോവുക സ്വാഭാവികം. ഇവിടെ പങ്കാളിയുടെ സ്ഥിതി പറയേണ്ടതില്ലല്ലോ. പ്രശ്നങ്ങൾക്കിടയിൽപ്പെട്ട് നട്ടം തിരിയുന്ന അവൾക്കെന്തു പ്രണയം? നിരാശയും അസംതൃപ്തിയും വിഷാദവും അവളുടെ സ്വപ്നങ്ങൾക്കു ചരമക്കുറിപ്പെഴുതുന്നു.

ബഹിർമുഖത്വം ഗുണപരമായിത്തീരണമെങ്കിൽ, മറ്റു മുദ്രിതവ്യക്തിത്വങ്ങളിൽനിന്ന്, ചിലതെല്ലാം സ്വാംശീകരിച്ചേ മതിയാകൂ. പ്രത്യേകിച്ച് കണിശപ്രകൃതക്കാരന്റെ പ്രതിബദ്ധത. അപ്പോൾ അത് സമ്യക്കായി പരിണമിക്കുന്നു. ചങ്കൂറ്റവും സങ്കോചമില്ലായ്മയുമൊക്കെ അതിനു തൊങ്ങൽ ചാർത്തുന്നു.

“നാട്ടുകാർക്കൊക്കെ വേണം ... തന്റെയും കുടുംബത്തിന്റെയും കാര്യം ഓർക്കാറുപോലുമില്ലല്ലോ...” ഇങ്ങനെ പറയാൻ ജീവിതപങ്കാളിക്ക് അവസരം ഉണ്ടാക്കാതിരിക്കുക. അവിടെയാണ് ബഹുമുഖികൾ വിജയിക്കുന്നത്.

# ദുഃഖസത്യം

മിനിക്കഥ

**ഉണ്ണി വാരിയത്ത്**

ബുദ്ധിമാനെയും വിഡ്ഢിയെയും എങ്ങനെ തിരിച്ചറിയാമെന്നത് അവനെ അലട്ടിയ പ്രശ്നമായിരുന്നു.

ഒടുവിൽ, അവൻതന്നെ കണ്ടെത്തി, തെറ്റുപറ്റുമ്പോൾ ഖേദം പ്രകടിപ്പിക്കുന്നവനാണ് ബുദ്ധിമാൻ. തെറ്റുചെയ്തതിനെ ന്യായീകരിക്കാൻ ശ്രമിക്കുന്നവനാണ് വിഡ്ഢി.

സമൂഹത്തിൽ ബുദ്ധിമാന്മാരെക്കാൾ കൂടുതൽ വിഡ്ഢികളാണല്ലോ എന്ന ദുഃഖസത്യവും അവൻ മനസ്സിലാക്കി.

## അധ്യായം 28

**കേ**രളത്തിലെ മുഴുവൻ വാർത്താചാനലുകളിലും ബ്രേക്കിംഗ് ന്യൂസ് വന്നുതുടങ്ങി. 'യുവ ഐ.എ.എസ്. ഓഫീസറും ജില്ലാ കളക്ടറുമായ സലോമി മാത്യു കൊല്ലപ്പെട്ടു! സ്വന്തം സെക്യൂരിറ്റി സ്റ്റാഫിന്റെ വെടിയേറ്റാണ് സലോമി മരിച്ചത്. പട്ടയവിതരണം നടത്തുന്നതിനിടെ കളക്ടർക്കു നേരേ കൂത്തിയുമായി ചാടിവീണ ക്രിമിനലിനെ കീഴ്പ്പെടുത്താനുള്ള ശ്രമത്തിനിടെ അബദ്ധത്തിൽ കളക്ടർക്കു വെടിയേല്ക്കുകയായിരുന്നു. നെഞ്ചിൽ വെടിയേറ്റ സലോമിയെ മെഡിക്കൽ കോളജിലേക്കു കൊണ്ടുപോകുന്നതിനിടെയാണു മരണം സംഭവിച്ചത്! വില്ലേജ് ആഫീസിലെ സി.സി.ടി.വി. ദൃശ്യങ്ങളും ചാനലുകളിൽ വരുന്നുണ്ടായിരുന്നു.

പോസ്റ്റുമോർട്ടത്തിനായി സലോമിയുടെ മൃതദേഹം മെഡിക്കൽ കോളജിലെത്തിച്ച വാർത്തയറിഞ്ഞ് രാഷ്ട്രീയപ്രമുഖരും ജനപ്രതിനിധികളും ജനങ്ങളും അവിടേക്ക് ഒഴുകിയെത്തി. വളരെപ്പെട്ടെന്ന് ആശുപത്രിമുറ്റം ജനനിബിഡമായി. വാർത്തകേട്ട് ഡോക്ടർ ജെയ്ക്ക് അതിവേഗം കളക്ടറുടെ ഔദ്യോഗികവസതിയിലെത്തി. കരഞ്ഞുതളർന്ന് കട്ടിലിൽ കിടക്കുന്ന സെലീനയെയും സുമലതയെയും കണ്ടു.



“അവള് നമ്മളെയിട്ടേച്ചു പോയല്ലോ മോനെ... എനിക്കിനിയാരുമില്ലാണ്ടായല്ലോ. ഇതിനാണോ അവളെ ദൈവം ഇത്രയുമൊക്കെയാക്കിയത്?... എന്റെ മോനേ... എനിക്കെന്റെ മകളെ കാണണം... ഇപ്പം കാണണം... കൊണ്ടുപോകാവോ എന്നെ? വേറേയാരോടാ ഞാനിതു പറയുന്നെ?” കട്ടിലിൽ അരികെയിരുന്ന ജെയ്ക്കിനോടായി സെലീന പറയുകയും കരയുകയും ചെയ്തു. ഇത്തിരി മാറി മരവിച്ചു നിൽക്കുകയായിരുന്നു സുമലത. ഉള്ളിലെ ദണ്ഡം അടക്കി നിർത്താൻ പാടുപെടുകയായിരുന്നു ഡോക്ടർ ജെയ്ക്ക്. അയാളുടെ ജീവിതസ്വപ്നങ്ങൾ മുഴുവനാണു പൊലിഞ്ഞുപോയത്! ജീവിതത്തിൽ എന്നും എത്ര പ്രായമായാലും തീവ്രമായി സ്നേഹിച്ചു കൊണ്ടേയിരിക്കുമെന്ന് ഇന്നലെ രാത്രിയും വാക്കുതന്നവൾ ഇപ്പോൾ നിശ്ചലയായി, ജീവനറ്റ് മരവിച്ചു മെഡിക്കൽ കോളജിലെ മോർച്ചറിയിൽ കിടക്കുന്നു! ചുറ്റും ആയിരങ്ങൾ തടിച്ചുകൂടിയിട്ടുണ്ടെങ്കിലും ഇപ്പോൾ അരികെയുണ്ടാവേണ്ടതു താനല്ലേ? അവളുടെയമ്മയല്ലേ? കേണുപറയുന്നുണ്ടെങ്കിലും അമ്മയെ ഇപ്പോൾ കൊണ്ടുപോകാനാവില്ലല്ലോ.”

“അമ്മേ.... അമ്മേ...” ജെയ്ക്ക് വിളിച്ചു.

സെലീന നിറമിഴികളോടെ അയാളെ നോക്കി. പിന്നെ ഏകപിടിവള്ളിയെന്നോണം ആ കൈത്തണ്ടയിൽ ഇറുകെപ്പിടിച്ചു. തന്റെ മരുമകനാകേണ്ടിയിരുന്നവൻ! സലോമിയുടെ കഴുത്തിൽ മിന്നുകെട്ടേണ്ടിയിരുന്നവൻ! ഭാഗ്യമില്ലാത്തവൻ!

“അമ്മേ, അമ്മയെ ഞാൻ പിന്നെ വന്നു കൊണ്ടുപോകാം. ഇപ്പഴ് ഞാൻ മെഡിക്കൽ കോളജിലേക്കു ചെല്ലട്ടെ. അവൾക്ക് വേണ്ടപ്പെട്ട ഒരാളെങ്കിലും വേണ്ടേ അടുത്ത്.”

സമ്മതഭാവത്തിൽ സെലീന തലയനക്കി. ദുരന്തങ്ങൾ മുമ്പും അനുഭവിച്ചിട്ടുള്ളവളാണവർ. ദുഃഖവും അപമാനവും ഇല്ലായ്മയുമൊക്കെ എന്നും സെലീനയ്ക്കു കൂട്ടിനുണ്ടായിരുന്നു.

വീണ്ടും വിധിയുടെ പ്രഹരം!

ഡോക്ടർ ജെയ്ക്ക് എഴുന്നേറ്റു. അദ്ദേഹം സുമലതയുടെ അടുത്തേക്കു നീങ്ങി. അവൾ സങ്കടത്തോടെയും ദീനതയോടെയും അയാളെ നോക്കി.

“അമ്മയെ നോക്കിക്കോണേ. ഞാൻ ഹോസ്പിറ്റലിലേക്കു പോകുകാ. അവിടെ നമ്മുടെ ഭാഗത്തുനിന്ന് ഉത്തരവാദപ്പെട്ടവർ വേണമല്ലോ.”

സുമലത സമ്മതഭാവത്തിൽ തലയനക്കി. കേവലം ഒരു ജോലിക്കാരിയായല്ല അവൾ കളക്ടറുടെ ബംഗ്ലാവിൽ കഴിഞ്ഞു വന്നത്. ഒരു കുടുംബാംഗത്തെപ്പോലെയും പലപ്പോഴും ഒരമ്മയുടെ അവകാശാധികാരങ്ങളോടെയുമായിരുന്നു. എല്ലാം പെട്ടെന്നവസാനിച്ചു. സലോമിയുമായി വിവാഹനിശ്ചയം മാത്രം കഴിഞ്ഞ ഈ മനുഷ്യൻകൂടി വന്നില്ലായിരുന്നെങ്കിൽ തങ്ങളുടെയവസ്ഥ എത്ര ദയനീയമാകുമായിരുന്നുവെന്ന് അവളോർത്തു.

ഡോക്ടർ ജെയ്ക്ക് മെഡിക്കൽ കോളജിലേക്കു പുറപ്പെട്ടു. അദ്ദേഹമവിടെയെത്തുമ്പോഴും അവിടം ജനനിബിഡമായിരുന്നു. വളരെ ശ്രമപ്പെട്ടാണ് മൃതദേഹം കിടത്തിയിരുന്നിടത്ത് എത്തിയത്. സലോമിക്കു വിവാഹം നിശ്ചയിച്ചിരുന്ന ആളാണെന്ന പരിഗണനയിൽ മാത്രമാണ് കാണാൻ അവസരം കിട്ടിയത്. മോർച്ചറിയിലേക്ക് പോസ്റ്റുമോർട്ടത്തിന് മൃതദേഹം കൊണ്ടുപോകാനുള്ള തയ്യാറെടുപ്പിലായിരുന്നു ഹോസ്പിറ്റൽ സ്റ്റാഫ്. നേഴ്സിങ് സൂപ്രണ്ട് സലോമിയുടെ മുഖം മൂടിയിരുന്ന വെളുത്ത തുണി മാറ്റി. ശാന്തമായി ഉറങ്ങിക്കിടക്കുന്നതുപോലെ സലോമി! ജെയ്ക്കിന്റെ കണ്ണുകൾ നിറഞ്ഞുവന്നു. അവൻ കുനിഞ്ഞ് അവളുടെ നെറ്റിയിൽ മൃദുവായി ചുംബിച്ചു. പെട്ടെന്നുതന്നെ അവിടെനിന്നിറങ്ങേണ്ടി വന്നു.

വൈകുന്നേരം നാലുമണിക്ക് പോസ്റ്റുമോർട്ടം കഴിഞ്ഞതായി അറിയിപ്പു കിട്ടി. മറ്റു കാര്യങ്ങൾ ഉടൻ തീരുമാനിക്കപ്പെടണം. ഉദ്യോഗസ്ഥപ്രമുഖരുമായി സംസാരിച്ചത് സലോമിയുടെ ഇടവകവികാരിയായ ഇലഞ്ഞിമറ്റത്തിലച്ചനാണ്. ഡോക്ടർ ജെയ്ക്കും അച്ചന്റെയൊപ്പം കൂടി.

ഇടവകയിലെ ട്രസ്റ്റിമാരും അവിടെയെത്തിയിരുന്നു. ഉയർന്ന പോലീസ് ഉദ്യോഗസ്ഥരും അക്കാര്യത്തിൽ ഇടപെട്ടു.

“സലോമിക്ക് സ്വന്തക്കാരായി അമ്മ മാത്രമേയുള്ളൂ. വീട് തീർത്തും സൗകര്യമില്ലാത്ത ഒരു സ്ഥലത്താണ്. വാഹനമെത്തുകയുമില്ല. അതുകൊണ്ട് ഇന്ന് മൃതദേഹം മോർച്ചറിയിൽ വയ്ക്കാം. നാളെ പത്തുമണിക്കെടുത്തിട്ട് പള്ളിമുറ്റത്തു തയ്യാറാക്കുന്ന പന്തലിൽ പൊതുദർശനത്തിനും അന്തിമോപചാരത്തിനുമായി വയ്ക്കാം. രണ്ടുമണിയോടെ ശുശ്രൂഷകൾ ആരംഭിക്കണം.” ഇലഞ്ഞിമറ്റത്തിലച്ചൻ തന്റെ അഭിപ്രായം പറഞ്ഞു. അതെല്ലാവരും അംഗീകരിക്കുകയും ചെയ്തു. മൃതദേഹം മോർച്ചറിയിലേക്കു മാറ്റിക്കഴിഞ്ഞപ്പോൾ ആളുകൾ ഓരോന്നു പറഞ്ഞുകൊണ്ട് പിരിഞ്ഞുപോയി.

വാർത്താചാനലുകൾ തുടർച്ചയായി സലോമിയെ സംബന്ധിച്ച വിവരങ്ങൾ നല്കിക്കൊണ്ടിരുന്നു. കളക്ടർ സലോമിയുടെ മരണത്തിൽ സർക്കാർ ജുഡീഷ്യൻ അന്വേഷണം പ്രഖ്യാപിച്ചു. ഗൺമാൻ സന്ദീപ് അറസ്റ്റിലായി. രമണി ഷാജി ആദ്യം ഓടിയൊളിച്ചെങ്കിലും പിന്നീട് പോലീസ്സ്റ്റേഷനിൽ ചെന്ന് സ്വയം കീഴടങ്ങി.

പിറ്റേന്നു ശനിയാഴ്ച. ഇടവകപ്പള്ളിയുടെ മുറ്റത്തു തീർത്ത വലിയ പന്തലിൽ വെള്ളപ്പൂക്കൾ കൊണ്ടലങ്കരിക്കപ്പെട്ട ശവപ്പെട്ടിയിൽ സലോമി കിടന്നു. ദൈവപുത്രന്റെ മൃതദേഹം മടിയിൽ കിടത്തിയപ്പോൾ പരിശുദ്ധമാതാവനുഭവിച്ച കഠിനനൊമ്പരം ഉള്ളിലേറ്റി നീറുന്ന ഹൃദയത്തോടെ സെലീന മകളുടെ ശവമഞ്ചത്തിനരികെയിരുന്നു. രാഷ്ട്രീയസാമൂഹികസാമുദായികനേതാക്കളുൾപ്പെടെ അനേകർ സലോമിക്ക് അന്ത്യാഞ്ജലിയർപ്പിച്ചു കടന്നുപോയി.

ചരമപ്രസംഗം നടത്തിയ ഇലഞ്ഞിമറ്റത്തിലച്ചൻ വികാരവിക്ഷുബ്ധനായി:

“യേശുക്രിസ്തു പറഞ്ഞു, മറ്റൊരാൾക്കുവേണ്ടി സ്വജീവൻ സമർപ്പിക്കാൻ കഴിയുന്നതാണ് യഥാർത്ഥ സ്നേഹമെന്ന്. ഇവിടെയതാണുണ്ടായത്. സലോമി സ്വന്തം ജീവൻ ബലി കൊടുത്തത് ഒരു നല്ല മനുഷ്യന്റെ ജീവനുവേണ്ടിയല്ല. ഒരു കൊടുംക്രിമിനലിന്റെ ജീവനു പകരമായാണ്. ഈ രക്തസാക്ഷിത്വം എന്നും എക്കാലത്തും ലോകം വാഴ്ത്തും. സലോമി മരിച്ചിട്ടില്ല. അവൾ ദൈവത്തിന്റെ മടിയിലുണ്ട്.നമ്മളെയൊക്കെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ഒരു മാലാഖയെപ്പോലെ...” അച്ചൻ അവിടെ നിർത്തി.

കുറ്റം സമ്മതിച്ച് കീഴടങ്ങിയ രമണിഷാജിയെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ ചോദ്യം ചെയ്തു. മൊഴി രേഖപ്പെടുത്തി. പിന്നെ ലോക്കപ്പിലടച്ചു. സ്റ്റേഷനിലെ തിരക്കൊഴിഞ്ഞ സമയത്ത് സബ് ഇൻസ്പെക്ടർ സതീഷ് ബാബു അവനെ കാണാൻ ലോക്കപ്പുമുറിയിലെത്തി. നിക്കറും ബനിയനും ധരിച്ച് തറയിൽ കൂനിക്കൂടിയിരുന്ന ഷാജി പിടഞ്ഞെഴുന്നേറ്റു. എസ്.ഐ. അയാളെ അടിമുടി നോക്കി. കഠിനമായ കുറ്റബോധത്താൽ അവൻ തലകുനിച്ചുനിന്നു. പോലീസിൽനിന്ന് എല്ലാ വിവരവും ഷാജി മനസ്സിലാക്കിയിരുന്നു.

“തന്ത കാലൻമാത്തനാണെന്ന് നിന്റെ തള്ള പറഞ്ഞുതന്നില്ലായിരുന്നോടാ?”

“ഇല്ല സാർ. കോട്ടയംകാരനാ. മരിച്ചുപോയി. എനിക്കത്രേ അറിയൂ.”

“എടാ, എന്റെ ഇരുപത്തിയെട്ടാമത്തെ വയസ്സിൽ ഈ സ്റ്റേഷനിൽ കോൺസ്റ്റബിളായി ജോലി ചെയ്തിട്ടുണ്ട്. അന്നു നീ കിടക്കുന്ന ഈ ലോക്കപ്പുമുറിയിലിട്ട് കാലനെ ഞാനിടിച്ചിട്ടുണ്ട്. നിന്നെ കണ്ടപ്പോൾ ഞാൻ ഞെട്ടിപ്പോയി. ചത്തുപോയ കാലൻ മുമ്പിൽ നിൽക്കുകാന്നാ തോന്നിയത്.”

രമണി ഷാജി ഇൻസ്പെക്ടറുടെ മുമ്പിൽ കൈകൂപ്പി.

“സാർ.... ഞാൻ മഹാപരാധം ചെയ്തു. പെങ്ങളെ കൊന്നു. ഇപ്പം അവളുടെ ശവമടക്കു നടക്കുകാ. അവിടെവരെ എന്നെയൊന്നു കൊണ്ടുപോകുവോ. എനിക്കെന്റെ പെങ്ങൾക്ക് ഒരന്ത്യചുംബനം കൊടുക്കണം സാറേ...” ഷാജി വിങ്ങിപ്പൊട്ടിക്കൊണ്ടു പറഞ്ഞു.

“അതു നടക്കാത്ത കാര്യാ. നിന്നെയവിടെക്കണ്ടാൽ ആളുകള് വലിച്ചുകീറും. പോലീസിനു പണിയാകും.”

“കൊന്നോട്ടെ... ഞാൻ... ഞാനെന്തിനു ജീവിക്കണം സാറേ...”

ഷാജി വിങ്ങിപ്പൊട്ടി.

“എടാ മഹാപാപീ, നിനക്കു കിട്ടാവുന്ന യഥാർത്ഥ ശിക്ഷ മരണമല്ല. ജീവിതമാ.”

അങ്ങനെ പറഞ്ഞ് ഇൻസ്പെക്ടർ സതീഷ് ലോക്കപ്പടച്ച് പുറത്തിറങ്ങി.

സമയം വൈകുന്നേരം ആറുമണി കഴിഞ്ഞു. പുഴക്കരവക്കച്ചൻ തറവാടുവീട്ടിൽ ആഹ്ലാദിച്ചർമാദിക്കുകയായിരുന്നു.

*ശേഷം 13-ാം പേജിൽ*




അടുത്ത ലക്കത്തിൽ ആരംഭിക്കുന്നു

പുതിയ നോവൽ

പതിനാലാമെടം

എഴുതുന്നത്
ഗിരീഷ് കെ. ശാന്തിപുരം



# അഭ്രപാളിയുടെ അതിജീവനമേള



സിജോ പൈനാടത്ത്

മഹാമാരിയുടെ കാലത്തും നല്ല സിനിമകളോടുള്ള മലയാളിയുടെ മമതയ്ക്കു കുറവില്ല. കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ (ഐഎഫ്എഫ്കെ) രജതജൂബിലിപ്പതിപ്പ് അതിജീവനകാലത്തു സിനിമാക്കാഴ്ചകളുടെ പുത്തനനുഭവമാണു മലയാളിക്കു സമ്മാനിച്ചത്.

കൊവിഡ് പശ്ചാത്തലത്തിൽ നാലു നഗരങ്ങളിലായി ക്രമീകരിച്ച രാജ്യാന്തര ചലച്ചിത്രമേളയുടെ കൊച്ചി പതിപ്പ് ഫെബ്രുവരി 17 മുതൽ 21 വരെയാണു നടന്നത്.

**46 രാജ്യങ്ങൾ 80 സിനിമകൾ**

കൊച്ചിയിലെ ആറു തിയേറ്ററുകളിലായി 46 രാജ്യങ്ങളിൽനിന്നുള്ള 80 ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

കൊവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് ഒരുക്കിയ മേളയുടെ മുഖ്യവേദി എറണാകുളം സരിത തിയേറ്ററായിരുന്നു. സവിത, സംഗീത, കവിത, ശ്രീധർ, പദ്മ തിയേറ്ററുകളിലും സിനിമകൾ പ്രദർശിപ്പിച്ചു.

ജാസ്മില സബാനിക് സംവിധാനം ചെയ്ത ബോസ്നിയൻ ചിത്രം കോ വാഡിസ് ഐഡയായിരുന്നു കൊച്ചിയിലെ മേളയുടെ ഉദ്ഘാടനചിത്രം. ബോസ്നിയൻ വംശഹത്യയുടെ പിന്നാമ്പുറങ്ങൾ ആവിഷ്കരിക്കുന്ന ചിത്രം, മികച്ച വിദേശഭാഷാചിത്രത്തിനുള്ള ഓസ്കർ ചുരുക്കപ്പട്ടികയിൽ ഇടംപിടിച്ചിരുന്നു.

**21 വർഷങ്ങൾക്കുശേഷം കൊച്ചിയിൽ**

1999 ഏപ്രിൽ മൂന്നുമുതൽ പത്തു വരെ നാലാമത് ഐഎഫ്എഫ്കെയ്ക്കാണ് കൊച്ചി മുമ്പു വേദിയായത്. ചലച്ചിത്രകലയുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ 1998 ൽ ചലച്ചിത്ര അക്കാദമിക്കു രൂപം നൽകിയതിനുശേഷം നടന്ന ആദ്യത്തെ മേളയായിരുന്നു അത്.

ചലച്ചിത്രനിർമാതാക്കളുടെ അന്താരാഷ്ട്ര സംഘടനയായ ഫിയാഫിന്റെ അംഗീകാരം ഐഎഫ്എഫ്കെക്കു ലഭിച്ചതും ഈ മേളയിലാണ്. മത്സരവിഭാഗം ആരംഭിച്ചതും കൊച്ചിയിലെ മേളയിൽത്തന്നെ.

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ 1994 ഡിസംബർ 17 മുതൽ 23 വരെ കോഴിക്കോട്ടാണ് ആദ്യ ചലച്ചിത്രമേള നടന്നത്. 25 വർഷം പൂർത്തിയാക്കിയ ഐഎഫ്എഫ്കെയുടെ സ്മരണകൾ പുതുക്കുന്ന ഫോട്ടോ എക്സിബിഷൻ മുഖ്യവേദിയായ സരിത തിയേറ്റർ കോംപ്ലക്സിൽ ഉണ്ടായിരുന്നു.

**കൈയടി നേടി കോസ**

കാടിനും കാടിന്റെ മക്കൾക്കും എതിരേ നാടു നടത്തുന്ന നീതിനിഷേധങ്ങളുടെ കഥ പറയുന്ന ഹിന്ദി ചിത്രം 'കോസ' കൈയടി നേടി. മോഹിത് പ്രിയദർശി സംവിധാനം ചെയ്ത സിനിമ മേളയിലെ മത്സരവിഭാഗത്തിലാണു പ്രദർശിപ്പിച്ചത്.

ഛത്തീസ്ഗഢിന്റെ പശ്ചാത്തലത്തിലാണു സിനിമ ഒരുക്കിയിരിക്കുന്നത്. കോസ മുസാക്കി എന്ന ആദിവാസി ബാലനാണു കേന്ദ്രകഥാപാത്രം. ആടിനെ വിറ്റ് ആ പണം കൊണ്ട് കടം വീട്ടാമെന്ന വിശ്വാസത്തിൽ വീട്ടിൽനിന്നിറങ്ങുന്ന കോസയെ, പണവുമായി മടങ്ങുന്നതിനിടെ പോലീസ് പിടികൂടുന്നു. സിആർപിഎഫ് ജവാൻമാരുടെ മരണത്തിനു കാരണക്കാരനായ മാവോയിസ്റ്റ് എന്നു ധരിച്ചാണ് പോലീസ് കോസയെ കസ്റ്റഡിയിലെടുക്കുന്നത്. പിടികൂടിയ ആൾ യഥാർത്ഥത്തിൽ തങ്ങൾ തിരയുന്ന മാവോയിസ്റ്റ് ആണെന്നു വരുത്തിത്തീർക്കാൻ പോലീസും നിയമസംവിധാനങ്ങളും കൈകോർക്കുന്നതിലൂടെ സിനിമ പുരോഗമിക്കുന്നു.

ഭീഷണിപ്പെടുത്തിയും മർദിച്ചും കുറ്റസമ്മതമൊഴിയിൽ ഒപ്പുവയ്പ്പിക്കാൻ ശ്രമിക്കുന്നു. കോസ മുസാക്കിയെന്ന കൗമാരക്കാരൻ നേരിട്ട പീഡനങ്ങളെ വർണിക്കാനാകാത്തതിനാലാകാം ഇരുട്ടിലൂടെ സംവിധായകൻ അതിനെ പ്രേക്ഷകരുമായി പങ്കുവയ്ക്കുന്നത്. സിനിമാസ്വാദകർക്കിടയിൽ വലിയ തോതിൽ ചർച്ച ചെയ്യപ്പെട്ട കോസ, മേളയിൽ നിറഞ്ഞ സദസിൽ രണ്ടു വട്ടം പ്രദർശിപ്പിച്ചു.

അസർബൈജാനിയൻ ചിത്രം ബൈലെസുവാർ, വിയറ്റ്നാമീസ് ചിത്രം റോം, ബ്രസീലിയൻ ചിത്രം മെമ്മറി ഹൗസ്, മെക്സിക്കൻ ചിത്രം ബേർഡ് വാച്ചിംഗ്, ഗിരീഷ് കാസറവള്ളിയുടെ ഇല്ലിലാരെ അല്ലിഗ ഹോഗല്ലാരെ എന്നിവ ആസ്വാദകർക്കിടയിൽ ചർച്ച ചെയ്യപ്പെട്ടു. മാജിക്കൽ റിയലിസത്തിലൂടെ ഋതുക്കൾ ചിത്രീകരിക്കുന്ന കിം കിഡുക്കിന്റെ സ്പ്രിംഗ്, സമ്മർ ഫാൾ വിന്റർ ആൻഡ് സ്പ്രിംഗ് എന്ന ചിത്രം വേറിട്ട സിനിമാനുഭവമാണു സിനിമാപ്രേമികൾക്കു സമ്മാനിച്ചത്.

**മലയാളം ഹൗസ് ഫുൾ**

ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച മലയാളചിത്രങ്ങൾക്കു മികച്ച പ്രതികരണമാണു ലഭിച്ചത്. ലിജോ ജോസ് പെല്ലിശേരിയുടെ സംവിധാനത്തിലൊരുക്കിയ 'ചുരുളി'യായിരുന്നു കൂടുതൽ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയ മലയാള സിനിമ. മത്സരവിഭാഗത്തിലായിരുന്നു ചുരുളിയുടെ പ്രദർശനം. ട്രെയിലർ പുറത്തിറങ്ങിയതുമുതൽ ചുരുളി ആസ്വാദകർക്കിടയിൽ ആവേശമുണർത്തിയിരുന്നു. മേളയിൽ മത്സരവിഭാഗത്തിൽ ഉൾപ്പെടുത്തിയ ചിത്രത്തിന്റെ



റിസർവേഷൻ നിമിഷനേരംകൊണ്ടാണു പൂർത്തിയായത്. പ്രേക്ഷകപ്രീതി കണക്കിലെടുത്തു ചുരുളി രണ്ടു തവണ പ്രദർശിപ്പിച്ചു.

മനസ്സിന്റെ അടിസ്ഥാന ചോദനകളാൽ ഉഴലുന്ന മനുഷ്യന്റെ കഥയാണ് ചുരുളി. വിനയ് ഫോർട്ടാണു പ്രധാന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്. ലിജോ ജോസിന്റെ സിനിമകളിൽ ഏറ്റവും മികച്ചതാണു ചുരുളിയെന്ന് അഭിപ്രായപ്പെട്ടവരേറെ.

വിപിൻ ആറ്റ്ലിയുടെ 'മ്യൂസിക്കൽ ചെയർ' എന്ന ചിത്രത്തിനും മികച്ച അഭിപ്രായമാണ് പ്രേക്ഷകർ രേഖപ്പെടുത്തിയത്. 32 വയസുള്ള മാർട്ടിൻ എന്ന യുവ എഴുത്തുകാരന്റെ ജീവിതമാണ് സിനിമയുടെ പ്രമേയം. മരണം സംഭവിച്ചേക്കാവുന്ന ആരോഗ്യപ്രശ്നങ്ങൾ ഉള്ളതിനാൽ മരണഭയം എപ്പോഴും മാർട്ടിനെ വേട്ടയാടുകയാണ്. മരണത്തിന്റെ കാരണം തേടിയുള്ള മാർട്ടിന്റെ യാത്രയാണ് മ്യൂസിക്കൽ ചെയറിന്റെ പ്രമേയം. വിപിൻ ആറ്റ്ലിയെ കൂടാതെ അലൻ രാജൻ മാത്യു, പത്മകൃഷ്ണൻ അയ്യർ എന്നിവരും സിനിമയിൽ വേഷമിട്ടു.

കാഞ്ഞങ്ങാട് ഭാഷ പറഞ്ഞ സെന്ന ഹെഗ്ഡെയുടെ 'തിങ്കളാഴ്ച നിശ്ചയം', ഡോൺ പാലത്തറ സംവിധാനം ചെയ്ത മലയാളചിത്രം 1956, മധ്യതിരുവിതാംകൂർ എന്നീ ചിത്രങ്ങളും കൈയടി നേടി.

നടി കനി കുസൃതിക്ക് മികച്ച നടിക്കുള്ള സംസ്ഥാന ചലച്ചിത്രപുരസ്കാരം സമ്മാനിച്ച 'ബിരിയാണി' ചലച്ചിത്രമേളയിലും കൈയടി നേടി.

കലൈഡോസ്കോപ്പ് വിഭാഗത്തിൽ ശ്രീധർ തിയേറ്ററിലായിരുന്നു ചിത്രത്തിന്റെ പ്രദർശനം. ഖദീജ എന്ന മുസ്ലീം സ്ത്രീയുടെ ജീവിതകഥയാണ് ബിരിയാണിയുടെ പ്രധാന പ്രമേയം. സജിൻ ബാബുവിന്റേതാണു സംവിധാനം.

ജയരാജ് സംവിധാനം ചെയ്ത ഹാസ്യം, വിഷയത്തിന്റെ പ്രാധാന്യംകൊണ്ടും അവതരണത്തിലെ പുതുമകൊണ്ടും പ്രേക്ഷകപ്രീതി പിടിച്ചുപറ്റി. മൃതദേഹങ്ങൾ മെഡിക്കൽ കോളജുകൾക്ക് എത്തിച്ചുകൊടുക്കുന്ന ഒരു ഇടനിലക്കാരന്റെ കഥയാണ് ചിത്രത്തിന്റെ പ്രമേയം. മനുഷ്യൻ ഏറ്റവും ഭയക്കുന്ന മരണം എന്ന വികാരത്തിന്റെ വേറിട്ടൊരു ആവിഷ്കാരമാണ് ഹാസ്യത്തിലൂടെ സംവിധായകൻ പ്രേക്ഷകർക്കു കാണിച്ചുതരുന്നതും. മത്സരവിഭാഗത്തിലായിരുന്നു ചിത്രത്തിന്റെ പ്രദർശനം.

വിവരസാങ്കേതികവിദ്യ അതിവേഗം വളരുന്ന കാലത്തു സിനിമ പിടിക്കാൻ വലിയ കാമറയോ ഫിലിം ക്രൂവോ ഒന്നും ആവശ്യമില്ലെന്നു തെളിയിക്കുന്നതായിരുന്നു മഹേഷ് നാരായണൻ സംവിധാനം ചെയ്ത സി യു സൂൺ. കൊവിഡ് കാലത്ത് മൊബൈൽ ഫോണിൽ ഷൂട്ട് ചെയ്ത ചിത്രമാണ് സി യു സൂൺ. ഇന്ത്യയിലെ രണ്ടാമത്തെ കമ്പ്യൂട്ടർ സ്ക്രീൻ ചലച്ചിത്രമായി ഒ ടി ടി റിലീസ് ചെയ്ത ചിത്രം മികച്ച നിരൂപകപ്രശംസ നേടിയിരുന്നു. ദുബായിൽ വീട്ടുജോലിക്കുള്ള വിസയിൽ എത്തി സെക്സ് റാക്കറ്റിന്റെ കണ്ണികളിൽ കുടുങ്ങുന്ന അനുമോൾ രക്ഷപ്പെടാനായി നടത്തുന്ന ശ്രമങ്ങളാണ് കഥ പറയുന്നത്. മലയാളത്തിൽനിന്നുൾപ്പടെ പത്തു നവാഗതരുടെ സിനിമകളാണു മേളയിലുണ്ടായിരുന്നത്.

*(ലേഖകൻ ഐഎഫ്എഫ്കെ മീഡിയ കമ്മിറ്റി അംഗമാണ്.)*




## പൗരസ്ത്യസുറിയാനി പഠനസഹായി

| | |
|---|---|
| ഗ്രന്ഥകർത്താ | : ഫാ. ഡോ. രാജു പറക്കോട്ട് |
| പ്രസാധനവും വിതരണവും | : സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം |
| വില | : 300 രൂപ |




പാശ്ചാത്യസുറിയാനി വായന സഹായി, പാശ്ചാത്യസുറിയാനി വ്യാകരണ സഹായി എന്നീ രണ്ടു പുസ്തകങ്ങൾക്കുശേഷം പ്രസിദ്ധീകരിക്കപ്പെടുന്ന സുറിയാനി ഭാഷാപാഠാവലിയിലെ മൂന്നാമത്തെ പുസ്തകമാണ് പൗരസ്ത്യ സുറിയാനി പഠനസഹായി. ഇതിന് വായനസഹായി, വ്യാകരണസഹായി, സംഗ്രഹസഹായി എന്നിങ്ങനെ മൂന്നു ഭാഗങ്ങളാണുള്ളത്.


സുറിയാനി സുഗമമായും തെറ്റു കൂടാതെയും വായിക്കുന്നതിന് പഠിതാവിനെ പ്രാപ്തനാക്കുക എന്നതാണ് പൗരസ്ത്യസുറിയാനി പഠനസഹായിയുടെ ആദ്യഭാഗമായ വായനസഹായിയുടെ ലക്ഷ്യം.

ഈ ലക്ഷ്യം നേടിക്കഴിഞ്ഞവരെ, സുറിയാനിരചനകൾ അർത്ഥം മനസ്സിലാക്കി ആസ്വദിക്കുവാനും, സുറിയാനിയിൽത്തന്നെ രചനകൾ നിർവ്വഹിക്കുവാനും സാധിക്കുന്ന തലത്തിലേക്ക് ഉയർത്തുക എന്നതാണ് രണ്ടാംഭാഗമായ വ്യാകരണസഹായിയുടെ ലക്ഷ്യം.

മനഃപാഠമായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങളുടെയും, റഫറൻസിന് ഉതകുന്ന വിധത്തിൽ ക്രോഡീകരിച്ചിരിക്കുന്ന വിവിധതരം ക്രിയകളുടെ വ്യത്യസ്തരൂപാന്തരങ്ങളുടെയും (conjugations) സമാഹാരമാണ് മൂന്നാംഭാഗമായ സംഗ്രഹസഹായി.

## നല്ല മലയാളഭാഷ

| | |
|---|---|
| ഗ്രന്ഥകർത്താ | : ചാക്കോ സി. പൊറിയത്ത് |
| പ്രസാധനം | : മീഡിയാ ഹൗസ്, ഡൽഹി & സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം |
| വിതരണം | : മീഡിയ ഹൗസ് & നാഷണൽ ബുക്സ്റ്റാൾ, കോട്ടയം |
| വില | : 260 രൂപ |




ഒരു ജനതയുടെ സംസ്കാരത്തിന്റെ നേർക്കാഴ്ച കാണിച്ചുതരുന്നത് അവരുടെ ഭാഷയാണ്. ഭാഷ ജീർണിച്ചാൽ സംസ്കാരത്തിന്റെ ജീർണതയുടെ ലക്ഷണമായി. മലയാളഭാഷയ്ക്ക് ഇന്നു സംഭവിച്ചിരിക്കുന്ന അപചയത്തിന്റെ കാരണം കണ്ടെത്തുകയും അതിനു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയുമാണ് 'നല്ല മലയാളഭാഷ'യിലൂടെ ഗ്രന്ഥകാരൻ.

തെറ്റായി മലയാളം പറയുന്നതും, ആഭാസമായ ആംഗലവത്കരണംകൊണ്ട് ഭാഷയെ അധിക്ഷേപിക്കുന്നതും പൊങ്ങച്ചമായി കാണുന്ന ചപലബുദ്ധികളെ വിമർശനവിധേയമാക്കുന്ന ഗ്രന്ഥകാരൻ, 'ചാനൽഭാഷ' മാതൃഭാഷയെ കല്ലിലും മുള്ളിലുംകൂടി വലിച്ചിഴച്ചുകൊണ്ടുപോവുകയെന്ന പാപകർമ്മമാണനുഷ്ഠിക്കുന്നതെന്നു ഖേദത്തോടെ ചൂണ്ടിക്കാട്ടുന്നു. വൃത്താലങ്കാരപരിജ്ഞാനമില്ലാതെ ഭാഷ പഠിപ്പിക്കുന്നതും കവിതാപാഠങ്ങൾ ഒഴിവാക്കുന്നതും മലയാളഭാഷയുടെ നാശത്തിനാണെന്നു മുന്നറിയിപ്പു നല്കാനും ഗ്രന്ഥകാരൻ മടിക്കുന്നില്ല. വളരെ ലളിതമായ ശൈലിയും നർമരസം നിറഞ്ഞ സന്ദർഭങ്ങളും ഭാഷയുടെ ശരിയായ പ്രയോഗം മനസ്സിൽ ഉറപ്പിക്കുന്ന രീതിയിൽ ഈ കൃതിയിൽ സന്നിവേശിപ്പിച്ചിരിക്കുന്നു.

# ഇറാക്കിൽ ആശ്വാസത്തിന്റെ ഇളങ്കാറ്റ്

*1-ാം പേജ് തുടർച്ച*



ഇറാക്ക് പ്രസിഡന്റ് ബർഹാം സാലിഹ്, പ്രധാനമന്ത്രി മുസ്തഫ അൽ കാദിമിയുമായി നടത്തിയ സംഭാഷണങ്ങളും അതുപോലെ ആയത്തുള്ള അൽ നിസ്താനിയുമായി നടത്തിയ കൂടിക്കാഴ്ചകളും ഇറാക്കിലെ മതസാഹോദര്യത്തിന്റെ സന്ദേശം ഇറാക്കിൽ മാത്രമല്ല സമീപരാജ്യങ്ങളിലുംകൂടി എത്താൻ സഹായകമായി. ബാഗ്ദാദിൽ മാർപാപ്പയുടെ നേതൃത്വത്തിൽ നടത്തിയ വിശുദ്ധ കുർബാനയും അതുപോലെ നസ്റിയയിൽ നടത്തിയ സർവമതസമ്മേളനവും ബൈബിളിലെ ചരിത്രനഗരമെന്നു വിശേഷിപ്പിക്കുന്ന വലിയപിതാവായ അബ്രഹാമിന്റെ ഉർ നഗരത്തിലേക്കു നടത്തിയ സന്ദർശനവുമൊക്കെ വലിയ വാർത്താപ്രാധാന്യം നേടുകയുണ്ടായി. യഹൂദ – ക്രിസ്ത്യൻ – മുസ്ലീം മതങ്ങളുടെയും സംസ്കാരങ്ങളുടെയും സംഗമഭൂമിയായിട്ടാണ് അബ്രഹാമിന്റെ ഉർ നഗരത്തെ വിശേഷിപ്പിക്കുന്നത്.

നാലു ദിവസം ഇറാക്കിൽ വലിയ രീതിയിൽ വളരെ വ്യാപകമായി സന്ദർശനം നടത്തിയ മാർപാപ്പായുടെ വളരെ തിരക്കിട്ട സന്ദർശനപരിപാടികൾ ഇറാക്കിലെ കത്തോലിക്കാവിശ്വാസികൾക്കു വലിയ ആവേശവും പ്രചോദനവും പ്രതീക്ഷയും നൽകിയെന്ന യാഥാർത്ഥ്യംകൂടി എടുത്തുപറയേണ്ടതുണ്ട്.

പഴയ മെസപ്പൊട്ടോമിയൻ സംസ്കാരത്തിന്റെ ഏറ്റവും വളക്കൂറുള്ള മണ്ണായ ഇറാക്കിൽ എ.ഡി. ഒന്നാം നൂറ്റാണ്ടിനുശേഷം കത്തോലിക്കാസഭ തഴച്ചുവളർന്ന പ്രദേശങ്ങളായിരുന്നു. സദ്ദാം ഹുസൈന്റെ ഏകാധിപത്യഭരണത്തിൽപ്പോലും കത്തോലിക്കരുടെ അവകാശങ്ങൾ ഭരണഘടനാപരമായിത്തന്നെ സംരക്ഷിക്കപ്പെട്ടിരുന്നു. സദ്ദാം ഹുസൈന്റെ വിശ്വസ്തനായിരുന്ന താരിക് അസീസ് കത്തോലിക്കാവിശ്വാസിയായിരുന്നതിനാൽ ഭരണത്തിന്റെ ഉന്നതതലത്തിൽപ്പോലും വലിയ പ്രാതിനിധ്യം ഇറാക്കിലെ മതന്യൂനപക്ഷമായിട്ടുകൂടി ക്രിസ്ത്യാനികൾക്കു ലഭിച്ചിരുന്നു. എന്നാൽ, ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലുണ്ടായ സംഭവങ്ങൾ ഇറാക്കിലെ കത്തോലിക്കാവിശ്വാസികളുടെ നിലനില്പിനെത്തന്നെ വളരെ ഗുരുതരമായി ബാധിച്ചു. 2003 ൽ ഇറാക്കിലുണ്ടായ അമേരിക്കൻ അധിനിവേശവും അതിനുശേഷം സദ്ദാം ഹുസൈൻ വധിക്കപ്പെടുന്നതും അരക്ഷിതാവസ്ഥ നിലനിന്ന ഇറാക്കിൽ 2010 നുശേഷം ഇസ്ലാമിക് സ്റ്റേറ്റ് തീവ്രവാദം ശക്തിപ്പെട്ടതുമെല്ലാം അവിടുത്തെ ക്രിസ്ത്യൻ മതന്യൂനപക്ഷങ്ങളെ പ്രതികൂലമായി ബാധിച്ചു.

ഇസ്ലാമിക് സ്റ്റേറ്റിന്റെ നേതൃത്വത്തിലുള്ള തീവ്രവാദപ്രവർത്തനങ്ങൾ ഇറാക്കിൽ ശക്തിപ്പെട്ടതോടുകൂടി അവിടുത്തെ മതന്യൂനപക്ഷങ്ങൾ വളരെ ഗുരുതരമായി വെല്ലുവിളികളെയാണു നേരിട്ടത്. ഇസ്ലാമിക് സ്റ്റേറ്റിന്റെ ഭീകരവാദത്തിൽ പ്രധാനമായും ഞെരിഞ്ഞമർന്നത് ക്രിസ്ത്യാനികളും യസീദികളുമായിരുന്നു. ഇറാക്കിലെമ്പാടും പ്രത്യേകിച്ച് ഇസ്ലാമിക് സ്റ്റേറ്റിനു വലിയ സ്വാധീനമുണ്ടായിരുന്ന മുസൂൾ ഉൾപ്പടെയുള്ള പ്രദേശങ്ങളിൽ നൂറുകണക്കിനു ക്രിസ്ത്യൻ ദൈവാലയങ്ങളാണ് അഗ്നിക്കിരയാക്കിയത്. ആയിരക്കണക്കിനു ക്രിസ്ത്യാനികളാണ് ഇസ്ലാമിക് സ്റ്റേറ്റിനെ ഭയപ്പെട്ടുകൊണ്ടു ഇറാക്കിൽനിന്നു പലായനം ചെയ്തത്. സ്വന്തം കൃഷിയിടങ്ങളും ആടുമാടുകളെയുമൊക്കെ ഉപേക്ഷിച്ചു പോകാൻ വൈമനസ്യം കാണിച്ച അവശേഷിക്കുന്ന ക്രിസ്ത്യാനികളോട് വളരെ ക്രൂരമായ പെരുമാറ്റമാണ് ഇസ്ലാമിക സ്റ്റേറ്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായത്. ക്രിസ്തുമതവിശ്വാസികളുടെ സ്വത്തുക്കൾ കണ്ടുകെട്ടി; ഭീമമായ നികുതി ചുമത്തി; അതിനെക്കാളും ക്രൂരമായ രീതിയിൽ മതപരിവർത്തനം നടത്തി. നിരവധി ക്രിസ്ത്യൻ, യസീദി പെൺകുട്ടികളെ ബലമായി പിടിച്ചുകൊണ്ടുപോയി ഇസ്ലാമിക സ്റ്റേറ്റ് തീവ്രവാദികൾക്കു ലൈംഗിക അടിമകളാക്കി മാറ്റുന്ന സാഹചര്യമുണ്ടായി. ആയിരക്കണക്കിനു ക്രിസ്ത്യൻ, യസീദി പെൺകുട്ടികളെയാണ് ഇതുപോലെ ക്രൂരമായി ലൈംഗിക അടിമകളാക്കിയത്.

ഐ.എസ്. തീവ്രവാദികളുടെ തടവറയിൽനിന്നു രക്ഷപ്പെട്ട നാദിയ മുറാദ് എന്ന യസീദി പെൺകുട്ടിയുടെ കരളലിയിക്കുന്ന കദനകഥ കേട്ട് ലോകംതന്നെ ഞെട്ടിത്തരിച്ചിരുന്നു. ഐക്യരാഷ്ട്രസഭയിൽ നാദിയ മുറാദ് നടത്തിയ വെളിപ്പെടുത്തലുകൾ കേട്ട്, ഇസ്ലാമിക സ്റ്റേറ്റ് തീവ്രവാദത്തിന്റെ ക്രൂരത തിരിച്ചറിഞ്ഞ്, അതിൽ പങ്കെടുത്ത നിരവധിയാളുകൾ പൊട്ടിക്കരഞ്ഞു. അത്ര ക്രൂരമായിരുന്നു ഇസ്ലാമിക സ്റ്റേറ്റിന്റെ കീഴിൽ ഇറാക്കിലെ ക്രിസ്ത്യൻ, യെസീദി ന്യൂനപക്ഷങ്ങൾക്കു നേരിടേണ്ടിവന്ന ദുരിതാനുഭവങ്ങൾ. നിരവധി ക്രിസ്തുമതവിശ്വാസികളെ പരസ്യമായി തലവെട്ടി, നിരവധി ആളുകളെ കുരിശിൽ തലകീഴായി തൂക്കി ആണിയടിച്ചു കൊന്നു. ഇസ്ലാമിക് സ്റ്റേറ്റിന്റെ എത്രയോ വീഡിയോകളാണ് – കടൽത്തിരത്തും മരുഭൂമിയിലുമൊക്കെ പരസ്യമായി ക്രിസ്തുമതവിശ്വാസികളുടെ തല ഛേദിക്കുന്ന ദൃശ്യങ്ങൾ – പുറത്തുവന്നത്. വളരെ ക്രൂരമായ വേട്ടയാടലുകൾക്കൊടുവിൽ ഇറാക്കിലെ ക്രിസ്ത്യൻ ന്യൂനപക്ഷത്തിന്റെ എണ്ണം ആകെ ജനസംഖ്യയുടെ ഒരു ശതമാനത്തിലും താഴെ എത്തിനിൽക്കുന്നു. അമേരിക്കൻ സ്റ്റേറ്റ് ഡിപ്പാർട്ടുമെന്റിന്റെ കണക്കിൻ പ്രകാരം ഇനി രണ്ടുരലക്ഷം കത്തോലിക്കർ മാത്രമേ ഇറാക്കിൽ അവശേഷിച്ചിട്ടുള്ളു. ബാക്കി എല്ലാവരും നാടുവിട്ടു പോകുകയോ ക്രൂരമായ മതപരിവർത്തനത്തിനു വിധേയമാവുകയോ ചെയ്തിരിക്കുന്നു. ഇറാക്കിൽ അവശേഷിക്കുന്ന രണ്ടരലക്ഷം ക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും താമസിക്കുന്നത് വടക്കൻ പ്രദേശങ്ങളായ നിനവേ സമതലങ്ങളിലും കുർദിസ്ഥാൻ പ്രദേശങ്ങളിലുമാണ്. അവശേഷിക്കുന്ന ക്രിസ്ത്യാനികളിൽ 67 ശതമാനവും മാർപാപ്പായെ അംഗീകരിക്കുന്ന കൽദിയൻ കത്തോലിക്കരാണ്. ഇവർ സ്വന്തമായ ആരാധനക്രമങ്ങളും പാരമ്പര്യങ്ങളും പിൻതുടരുന്നവരാണ്. ബാക്കി ഇരുപതുശതമാനം ആളുകൾ ഇറാക്കിലെ ഏറ്റവും പഴക്കം ചെന്ന അസീറയൻ ചർച്ച് ഓഫ് ഈസ്റ്റിൽ വിശ്വസിക്കുന്നവരാണ്. കൂടാതെ, സിറിയൻ ഓർത്തഡോക്സ്, അൽമേനിയൻ കത്തോലിക്കർ, ഇവാഞ്ചലിസ്റ്റ്, പ്രൊട്ടസ്റ്റന്റ് തുടങ്ങിയ ക്രിസ്ത്യൻ വിഭാഗങ്ങളും പേരിനെങ്കിലും ഇപ്പോഴും ഇറാക്കിൽ അവശേഷിക്കുന്നുണ്ട്. ഇവർക്കൊക്കെ വലിയ ആശ്വാസമാണ്. കഴിഞ്ഞ നാളുകളിൽ അവർ കടന്നുപോയ ആ മനോവ്യഥകൾ, ക്രൂരമായ പീഡനങ്ങൾ എല്ലാം സഹിച്ചുകൊണ്ടു വിശ്വാസത്തെ പ്രതി പിടിച്ചുനിന്ന ക്രിസ്ത്യൻവിശ്വാസികൾക്ക് അവരുടെ മുറിവുകളിൽ, വേദനകളിൽ ആശ്വാസമായി വലിയ ഇടയന്റെ ചരിത്രസന്ദർശനം മാറി എന്നത് ഒരു യാഥാർത്ഥ്യംതന്നെ. തികച്ചും വ്യത്യസ്തനായ ഫ്രാൻസിസ് മാർപാപ്പായുടെ ശിരസ്സിൽ ഒരു പൊൻകിരീടംകൂടി ഈ ഇറാക്ക് സന്ദർശനത്തോടുകൂടി അണിയിക്കപ്പെട്ടിരിക്കുകയാണ്. കാരണം, നൊമ്പരങ്ങളിലും വേദനകളിലും ആശ്വാസമായി ഓടിയെത്തുന്ന ഒരു പ്രതിച്ഛായയാണ് ഫ്രാൻസിസ് മാർപാപ്പയ്ക്കുള്ളത്. വേദനിക്കുന്നവരുടെ, വിശ്വാസത്തെ പ്രതി മുറിവേൽക്കുന്നവരുടെ സമീപസ്ഥനായി താനുണ്ടാകും എന്ന വലിയ സന്ദേശമാണ് വലിയ ഇടയൻ തന്റെ ഇറാക്ക് സന്ദർശനത്തിലൂടെ ലോകത്തിനു നൽകിയത്. ■

## ഇടം

*11-ാം പേജ് തുടർച്ച*



*നോവലിസ്റ്റ്*

താൻ ആഗ്രഹിച്ചതു നടന്നു. രമണി ഷാജി വാക്കുപാലിച്ചു. കൊലപാതകശ്രമത്തിലുള്ള കുറ്റമേ ഷാജിയുടെ തലയിലുള്ളൂ. കൊന്നതു സെക്യൂരിറ്റി പോലീസുകാരൻ! അത് അപ്രതീക്ഷിതഭാഗ്യമായി. ഭാര്യയും മകളും അയാളെ വെറുത്തു. കുറ്റപ്പെടുത്തി. ശപിച്ചു. അതൊന്നും വക്കച്ചന്റെ ശിലാഹൃദയത്തെ തെല്ലും ഉലച്ചില്ല

വക്കച്ചൻ യാത്രയ്ക്കൊരുങ്ങി. എല്ലാവരും പൊയ്ക്കഴിഞ്ഞ് പള്ളിസെമിത്തേരിയിലെത്തണം. അലമാരയിൽ കിഴികെട്ടി സൂക്ഷിച്ചിരിക്കുന്ന മണ്ണെടുത്ത് ജൂബയുടെ പോക്കറ്റിൽ തിരുകി. കാറിൽക്കയറി അയാൾ പള്ളിയിലേക്കു തിരിച്ചു. പത്തുമിനിട്ടുകൊണ്ട് സ്ഥലത്തെത്തി. പള്ളിമുറ്റവും സെമിത്തേരിയും തീർത്തും വിജനമായിരുന്നു. വക്കച്ചൻ സെമിത്തേരിയുടെ ഗേറ്റിനു നേരേ നടന്നു. അപ്പോൾ ഒരു പോലീസ് ജീപ്പ് അവിടേക്കിരച്ചെത്തിനിന്നു. സർക്കിൾ ഇൻസ്പെക്ടറും സബ് ഇൻസ്പെക്ടറും ചാടിയിറങ്ങി.

"വക്കച്ചാ... നിൽക്കവിടെ." സി.ഐ. അയാളുടെ മുമ്പിൽ ക്കയറി വിലങ്ങിക്കൊണ്ടു പറഞ്ഞു.

"എന്താ... എന്താ പ്രശ്നം?" വക്കച്ചൻ പരിഭ്രാന്തനായി.

"യു ആർ അണ്ടർ അറസ്റ്റ്. കളക്ടർ സലോമി മാത്യു വധക്കേസിലെ ഒന്നാംപ്രതി താങ്കളാണ്." സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു.

"അതിന്... ഞാൻ... ഞാനെന്തു ചെയ്തു?" അയാൾ വിറച്ചുകൊണ്ടു ചോദിച്ചു.


"ഒക്കെ പറഞ്ഞു തരാം. കൈനീട്ട്." പോലീസ് ബലമായി പിടിച്ച് അയാളുടെ കൈകളിൽ വിലങ്ങണിയിച്ചു.

"കൊലപാതകം നടത്തുന്നതു മാത്രമല്ല അത് ആസൂത്രണം ചെയ്യുന്നതും ഒരേ കുറ്റം തന്നെയാടോ... രമണി ഷാജി എല്ലാം തുറന്നു പറഞ്ഞു കഴിഞ്ഞു."

സബ്ഇൻസ്പെക്ടർ അറിയിച്ചു. വക്കച്ചന്റെ ദേഹം വിയർത്തു. അയാൾ വിറകൊണ്ടു.

വാഹനം ഓടിയകലുമ്പോൾ ദേവാലയമണി മുഴങ്ങുന്നുണ്ടായിരുന്നു.

*(അവസാനിച്ചു)*




**മാർച്ച് 21**
**നോമ്പുകാലം**
**ആറാം ഞായർ**



ഉത്പ 19:15 – 26
ജോഷ്വ 21:43, 22:5
റോമ 14:13 – 23
യോഹ 10:11 – 18

**ഡോ. ജോഷി മയ്യാറ്റിൽ**

# ഇടയൻ ആടായി പതുങ്ങണം

**പെ**സഹാക്കുഞ്ഞാടായിത്തീർന്ന (1കോറി 5,7) നല്ലിടയന്റെ തീവ്രാനുസ്മരണദിനങ്ങളാണ് നോമ്പുകാലം. 'ഞാൻ നല്ലിടയനാണ്. നല്ലിടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു' എന്ന യേശുവിന്റെ പ്രഖ്യാപനത്തിന്റെ ആഴം ഗ്രഹിക്കാൻ ഏറ്റവും അനുയോജ്യമായ കാലഘട്ടമാണിത്.

**പലസ്തീനായിലെ ഇടയന്മാർ**

പലസ്തീനായിലെ ബെദ്വീനുകളുടെ ജീവിതമാണ് യേശുവിന്റെ 'നല്ലിടയ'പ്രഖ്യാപനത്തിനു പശ്ചാത്തലമായി നില്ക്കുന്നതെന്നു മറക്കരുത്. അത് സത്യത്തിൽ ഒരു 'ആടുജീവിതം'തന്നെയാണ്. ആടുകളോടൊപ്പം ചരിച്ചും വിശ്രമിച്ചും അവയെ പോറ്റിയും പരിരക്ഷിച്ചുമുള്ള ഒരു ജീവിതം; ആടുകൾക്കായി ഉഴിഞ്ഞുവച്ചൊരു ജീവിതം! ഇത്തരം ജീവിതക്കാഴ്ചയുടെ നേരും സാരവും തിരിച്ചറിഞ്ഞ രചയിതാക്കളാണ് പഴയനിയമത്തിൽത്തന്നെ ദൈവത്തെ ഇടയനായി ഏറ്റുപറഞ്ഞത്. 'കർത്താവാണ് എന്റെ ഇടയൻ' എന്നു സങ്കീർത്തകൻ പാടി (23,1). പുറപ്പാടു സംഭവംപോലും ഇത്തരത്തിലാണ് സങ്കീർത്തകൻ ചിത്രീകരിച്ചത്: "മോശയുടെയും അഹറോന്റെയും നേതൃത്വത്തിൽ അങ്ങയുടെ ജനത്തെ ഒരു ആട്ടിൻകൂട്ടത്തെയെന്നപോലെ അങ്ങു നയിച്ചു" (77,20). പഴയനിയമത്തിലെ പല ഇടയപരാമർശങ്ങൾക്കും (എസെ 34,11–16; സഖ 13,7–9; സങ്കീ 74,1) പശ്ചാത്തലമായി ഭവിച്ചിട്ടുള്ളത് പലസ്തീനായിലെ ബെദ്വീനുകളുടെ ആടുജീവിതംതന്നെയാണ്.

**സുന്ദരനായ ഇടയൻ?!**

'ഹോ പൊയ്മേൻ ഹോ കാലോസ്' എന്ന ഗ്രീക്കുപ്രയോഗത്തിനു നല്ല ഇടയൻ എന്നർത്ഥമുണ്ട്, ശരിതന്നെ. എന്നാൽ, നല്ലത് എന്നതിന് 'ആഗഥോസ്' എന്ന പദമാണ് ബൈബിളിൽ പൊതുവെ ഉപയോഗിച്ചുകാണുന്നത്. 'കാലോസ്' എന്ന പദത്തിന്റെ പ്രാഥമികാർത്ഥമാകട്ടെ, 'സുന്ദരൻ' എന്നാണ്. അതിനാൽ, ഈശോയുടെ പ്രഖ്യാപനം 'ഞാൻ സുന്ദരനായ ഇടയനാണ്' എന്നായിരുന്നോ? ആയിരിക്കാൻ കൂടുതൽ സാധ്യതയുണ്ട്!

പക്ഷേ, ഇടയന്മാരെ സുന്ദരന്മാരായി കരുതാൻ തീരെ സാധ്യമല്ലതന്നെ. പുല്ലുതീർന്നയിടത്തുനിന്ന് പുല്ലുള്ളിടത്തേക്കു നിരന്തരം ആടുകളുമായി സഞ്ചരിക്കുന്ന ഒരു ജീവിതം; വൃത്തിയും വെടിപ്പും ഊരും പേരും നിർബന്ധമില്ലാത്ത ഒരു ജീവിതം; മാനുഷികശ്രേഷ്ഠത മുറുകെപ്പിടിക്കാത്ത ഒരു ജീവിതം! ചുരുക്കിപ്പറഞ്ഞാൽ, ആടുകൾക്കുവേണ്ടി സ്വയം വികൃതരാകുന്നവരാണ് ഇടയന്മാർ. അതാണ് അവരുടെ സൗന്ദര്യം!

"അവനെ കണ്ടവർ അമ്പരന്നുപോയി; മനുഷ്യനെന്നു തോന്നാത്തവിധം അവൻ വിരൂപനായിരിക്കുന്നു. അവന്റെ രൂപം മനുഷ്യന്റേതല്ല'' എന്നാണ് കർത്താവിന്റെ സഹനദാസനെക്കുറിച്ചുകുറിച്ച ഏശയ്യാപ്രവാചകൻ നിദർശിച്ചത്. പീലാത്തോസ്, മനസ്സറിയാതെയാണെങ്കിലും, പരാമർശിച്ചുപോയത് വെറുതെയല്ല: "ഇതാ, മനുഷ്യൻ!" (യോഹ 19,5). പിതാവ് തന്നെ ഏല്പിച്ച അജഗണത്തിനുവേണ്ടി ജീവൻ നല്കിയ, സ്വയം വിരൂപനായിത്തീർന്ന ക്രിസ്തുവിന്റെ ഇടയസൗന്ദര്യമാണ് നോമ്പുകാലത്തിന്റെ ധ്യാനപുണ്യം...

**വ്യക്തിബന്ധവും ഇടയത്വവും**

യേശു തന്റെ ജീവാർപ്പണത്തെക്കുറിച്ചു സംസാരിക്കുന്നത് പിതാവും താനുമായുള്ള അറിവിന്റെയും താനും മനുഷ്യരുമായുള്ള അറിവിന്റെയും പിൻബലത്തോടെയാണ് (യോഹ 10,14.15). ഈ 'അറിവ്' ബന്ധാധിഷ്ഠിതമാണ്. പിതാവുമായും മനുഷ്യരുമായുമുള്ള യേശുവിന്റെ സ്നേഹബന്ധത്തിന്റെ ഏറ്റവും വലിയ പ്രകാശനമാണ് അവിടത്തെ ജീവാർപ്പണവും ഉത്ഥാനവും. ജീവൻ സ്വമനസ്സാ സമർപ്പിക്കാനും സ്വമനസ്സാ തിരിച്ചെടുക്കാനുമുള്ള അധികാരം പിതാവുമായുള്ള സ്നേഹത്തിൽനിന്നാണ് പുത്രനു സംലബ്ധമായത്. കുരിശിൽ സംഭവിച്ചത് ദൈവസ്നേഹത്തിന്റെ പൂർണപ്രകാശനമായിരുന്നു (യോഹ 3,16; 10,17.18).

തന്റെ അജഗണത്തെക്കുറിച്ചുള്ള യേശുവിന്റെ വീക്ഷണം അതിവിശാലമാണ്. യഹൂദജനതയ്ക്കുമപ്പുറത്തേക്ക്, സകല വംശീയ-ദേശീയ-കാലിക-സാംസ്കാരിക സീമകൾക്കുമപ്പുറത്തേക്കു നീളുന്ന ആട്ടിൻപറ്റമാണ് യേശുവിനുള്ളത്. ഒരാട്ടിൻപറ്റവും ഒരിടയനും എന്ന യേശുവിന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനുവേണ്ടി മാത്രമാണ് സഭ നിലനില്ക്കുന്നതുതന്നെ.

**കൂലിക്കാരനായ ഇടയൻ**

ആടുകൾ സ്വന്തമല്ലാത്തവന് സ്വന്തം സുഖത്തിലും സുഭിക്ഷതയിലും സുരക്ഷയിലും മാത്രമാണു ശ്രദ്ധ. തടിച്ചുകൊഴുത്ത അവന് അത്തറിന്റെ സുഗന്ധമാണുള്ളത്, വിലകൂടിയ വിഭൂഷകളാണുള്ളത്. ആടുകളുടെ നാശം അവനു വിഷയമേയല്ല! പോരാഞ്ഞിട്ട്, ആടുകളുടെ മാംസത്തോടും കൊഴുപ്പിനോടും അക്കൂട്ടർക്കു വലിയ പ്രതിപത്തിയാണുതാനും! പഴയനിയമത്തിൽ അത്തരം ഇടയന്മാരെക്കുറിച്ച് അനേകം പരാമർശങ്ങളുണ്ട് (ജറെ 23:1–3; എസെ 34:5.6.8–10; സഖ 11:15.17). കടുത്ത ഭാഷയാണ് അവർക്കെതിരേ ദൈവം പ്രയോഗിക്കുന്നത്.

**ഇന്നിന്റെ ഇടയക്കൂടാരങ്ങൾ**

കുടുംബവും ജോലിസ്ഥലവും സഭയും സമൂഹവുമെല്ലാം ഇടയക്കൂടാരങ്ങൾതന്നെ. രണ്ടു പേരെങ്കിലുമുള്ളിടത്ത് ഓരോരുത്തരും എപ്പോഴെങ്കിലും അപരന് ഇടയനായിരിക്കും. ഇടയന്മാരുടെ എണ്ണവും വണ്ണവും പ്രാഗല്ഭ്യവുമൊന്നുമല്ല ആടുകളുടെ ക്ഷേമഹേതു; മറിച്ച്, ഇടയന്റെ ജീവാർപ്പണമനസ്സാണ്! ആ ഇടയസൗന്ദര്യത്തിന് ആനുപാതികമായിരിക്കും ആടുകളുടെ ജീവൈശ്വര്യസമൃദ്ധി. കത്തിജ്ജ്വലിക്കുന്ന സൂര്യന്റെ ചൂട് ശിരസ്സേറ്റുവാങ്ങുന്ന അപ്പനും അമ്മയുമാണ് മക്കളുടെ തണലും സ്വച്ഛതയും... സ്വയം ശൂന്യവത്കരണത്തിന്റെ ഓരോ വൈരൂപ്യത്തിലും ഒരു നല്ലിടയൻ ക്രിസ്തു കുടികൊള്ളുന്നുണ്ട്... നല്ലിടയധ്യാനത്തിന്റെ ഈ ഞായറാഴ്ചയിൽ ഓരോ മനസ്സിലും ഉയരേണ്ട ചോദ്യമിതാണ്: ഞാൻ കൂലിക്കാരനോ, അതോ നല്ലിടയനോ?

■



## 8 കേരളത്തിലെ കാട്ടുമൃഗങ്ങൾ

**മാത്യൂസ് ആർപ്പൂക്കര**

# മ്ലാവ്

**മ്ലാ**വിനു കലമാൻ എന്ന പേര് മലയാളികളുടെയിടയിലുണ്ട്. മ്ലാവ് എന്നത് തമിഴ് പേരാണ്. മ്ലാവിനെ മലമാൻ എന്നു വിളിച്ചിരുന്നു. മലമാൻ എന്നതാവണം കലമാനായി മാറിയത്. കാടിനുള്ളിലെ മലമ്പ്രദേശത്തും ജലാശയത്തോടടുത്ത പുൽമേട്ടിലുമാണ് മ്ലാവുകൾ കാണപ്പെടുക. കുറ്റിക്കാടുകളും കൊടുംകാടുകളും ഇവർക്കത്ര ഇഷ്ടമല്ല. ഇവറ്റ



സസ്യഭുക്കുകളാണ്. പുല്ലും ഇലയും കായും പഴങ്ങളും മരത്തോലിയും മറ്റും ഭക്ഷിക്കുന്നു. കൂട്ടമായി കഴിയാനാണിഷ്ടപ്പെടുക. ഒരു കൂട്ടത്തിൽ കുറഞ്ഞതു പത്തെണ്ണമെങ്കിലും കാണും. ഇവറ്റയുടെ നീണ്ട കാലുകൾ വേഗമോടാനും ചാടാനും സഹായകരം തന്നെ. ശത്രുക്കളുടെ മണം മനസ്സിലാക്കി ഓടിയകലാൻ മ്ലാവുകൾക്കാകുന്നു. ശരാശരി അഞ്ചടി ഉയരവും ഇരുന്നൂറു കിലോ തൂക്കവുമുണ്ടാകും.

ഇന്ത്യയിൽ കാണപ്പെടുന്ന ഏറ്റവും വലിയ മാൻവർഗ്ഗത്തിൽപ്പെട്ട മൃഗമാണ് മ്ലാവ്. കേരളത്തിലെ വനങ്ങളിലാകട്ടെ ഇവയെ ധാരാളമായി കാണാം. ഇരുണ്ട തവിട്ടുനിറമാണ്. ശരീരത്തിൽ മറ്റു പുള്ളികളോ വരകളോ ഒന്നും കാണാനില്ല. ശരീരമാസകലം പരുക്കൻ രോമത്താൽ നിറഞ്ഞിരിക്കും. വാലും മൂന്നു ശിഖരങ്ങളുള്ള കൊമ്പും മ്ലാവിനെ മറ്റു മൃഗങ്ങളിൽനിന്നും വ്യത്യസ്തമാക്കിത്തീർക്കുന്നു. കൊമ്പുകൾക്കു മൂന്നു മുതൽ നാലരയടി വരെ നീളം കാണുന്നു. മറ്റു മാനുകളുടെ കൊമ്പ് മ്ലാവിന്റേതിനേക്കാൾ ചെറുതാണ്. ഇതിന്റെ കൊമ്പ് മറ്റുള്ളവയുടെ കൊമ്പുകളെപ്പോലെ പെട്ടെന്നു കൊഴിഞ്ഞുപോയിക്കാണുന്നില്ല. രണ്ടോ മൂന്നോ വർഷം കഴിയുമ്പോഴാണ് കൊമ്പുകൾ കൊഴിയുക. കൊമ്പുകൾ ആണിനു മാത്രമേയുള്ളൂ.

വനത്തിലെ വലിയ വന്യമൃഗങ്ങൾ ഏറ്റവും കൂടുതൽ ആക്രമിക്കുക മ്ലാവിനെയാണ്. കടുവ തന്നെ ഇതിന്റെ പ്രധാന ശത്രു. കടുവ കഴിഞ്ഞാൽപ്പിന്നെ ഇവറ്റയുടെ ശത്രു മനുഷ്യനാണെന്നതാണ് വസ്തുത. കടമാൻ എന്നും വിളിപ്പേരുണ്ട്. കേരളത്തിലെ കാടുകളിൽ വിശിഷ്യാ പറമ്പിക്കുളം-പെരിയാർ വന്യജീവിസങ്കേതങ്ങളിൽ ഇവ ധാരാളമായുണ്ട്.

ശാസ്ത്രനാമം: സെർവസ് യൂനികോളർ. ഇംഗ്ലീഷിൽ മ്ലാവിനെ വിളിക്കുക സാംബർ എന്നാണ്.

■

# മനസ്സിൽ പിറന്ന മല്ലിക



ശ്രീദേവി എസ്.കെ.

**നാ**ഗമ്പടം ബസ് സ്റ്റാന്റിൽ രാവിലെയുള്ള തിരക്കിനെ വകഞ്ഞുമാറ്റി റെയിൽവേ സ്റ്റേഷനിലേക്കുള്ള ധൃതിപിടിച്ചുള്ള ആളൊഴുക്ക്... റോഡരികലെ തട്ടുകടയുടെ സമീപത്ത് ചാക്കു വിരിച്ച്, ദയനീയഭാവങ്ങളോടെ പാട്ടുപാടുന്ന രണ്ട് നാടോടിക്കുട്ടികൾ...

'പർദേസി പർദേസി ജാനാ നഹി...'

കാഴ്ചയും പാട്ടും ഹൃദയസ്പർശിയായിരുന്നെങ്കിലും തീവണ്ടിയുടെ ചൂളംവിളികൾ എന്റെ നടത്തത്തിന്റെ വേഗം വർദ്ധിപ്പിച്ചു. അന്നത്തെ മടക്കയാത്രയിലും അവരെ അതേ സ്ഥാനത്ത് കണ്ടപ്പോൾ എന്റെ നെഞ്ചൊന്നു പൊള്ളി. പേഴ്സിൽ നിന്ന് ഒരു ഇരുപത് രൂപ നോട്ടെടുത്ത് മുതിർന്ന കുട്ടിക്കു നൽകുമ്പോൾ ആ കണ്ണുകളിലെ നക്ഷത്രത്തിളക്കം എന്നിലൊരു നൊമ്പരം അവശേഷിപ്പിച്ചെങ്കിലും കൂടുതൽ ഒന്നും സംസാരിക്കാതെ ബസ്സ്റ്റാൻഡ് ലക്ഷ്യമാക്കി നീങ്ങി.

ബസിലെ സൈഡ് സീറ്റിലിരുന്ന് അല്പമൊന്നു മയങ്ങാമെന്നു കരുതിയെങ്കിലും ആ കുട്ടികളുടെ മുഖങ്ങൾ എന്നെ അസ്വസ്ഥമാക്കിക്കൊണ്ടേയിരുന്നു. അന്നു രാത്രി ഉറങ്ങാൻ കിടന്നപ്പോഴും, രാവിലെയും അവർ എന്നോട് എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരുന്നു...

രാവിലെ മക്കൾക്കും ഭർത്താവിനും എനിക്കും ഉച്ചഭക്ഷണം നിറച്ചപ്പോൾ ആ കുഞ്ഞുവയറുകൾ ഓർത്തു. ഒരു പൊതിച്ചോറ് അധികം കരുതി. ഓട്ടപ്പാച്ചിൽ... അതെ.... അവർ അവിടെത്തന്നെയുണ്ട്... ചാറ്റൽമഴ നനഞ്ഞുറങ്ങുന്ന ഒരു മന്തുകാലനരികെ. തന്റെ തകരച്ചെണ്ട കൊട്ടിപ്പാടുകയാണ് കുട്ടി.

'കണ്ണാംതുമ്പി പോരാമോ എന്നോടിഷ്ടം കൂടാമോ'

കൈയിലിരുന്ന പൊതിച്ചോറു നീട്ടി... ഉച്ചയ്ക്കു കഴിച്ചോളൂട്ടോ... അത്രേ പറയാൻ നേരമുണ്ടായുള്ളൂ. ഒരു തിരിഞ്ഞുനോട്ടത്തിനിടയിൽ അവൾ എച്ചിലില വലിച്ചെറിയുന്നതാണു കണ്ടത്... അനിയത്തിയുടെ കവിളിൽ രണ്ടു വറ്റും.

ചില യാത്രാവേളകളിങ്ങനെയാണ്.. വല്ലാത്തൊരു മനോവ്യാധി നമുക്കതു സമ്മാനിക്കും. ജോലിക്കിടെ പല നിമിഷങ്ങളിലും അവളുടെ പാട്ടിലെ വരികൾ മനസ്സിലോടിയെത്തി...

ഓഫീസിലെല്ലാവരും കുട്ടികളുടെ മൊബൈൽ ഗെയിമിനോടുള്ള ആസക്തിയും... ജോലി ചെയ്യാനുള്ള മടിയും... പഠിക്കാനുള്ള താത്പര്യക്കുറവും ചർച്ച ചെയ്തപ്പോൾ എന്റെ മക്കളുടെ പൊതുസ്വഭാവവും ഗർവോടെ ഞാനവതരിപ്പിച്ചു... ആ നിമിഷവും രണ്ടു കുട്ടികളുടെ ദയനീയമുഖം ഒളിമങ്ങിയ ഒരു ചിത്രം പോലെ മനസ്സിൽ തങ്ങിനിന്നു...

ദിവസവും കണ്ട് ചിരി സമ്മാനിക്കുന്നതിനാലാവാം അവർക്ക് എന്നോട് അടുപ്പമാണ്... യാത്രക്കാരിൽ ചിലർ കുശുകുശുക്കുന്നുണ്ട്... ഇവറ്റകളോട് അടുക്കരുതെന്നറിയില്ലേ... ഇതിന്റെ പിന്നിൽ വൻമാഫിയകളാ... കാൽക്കാശ് കൊടുക്കരുത്. ഇവർക്ക് മയക്കുമരുന്ന് നൽകിയും അംഗവൈകല്യം വരുത്തിയും ഭിക്ഷാടനത്തിനിറക്കിയിരിക്കയാണ്.

ഞാൻ ശ്രദ്ധിച്ചു... ഇല്ല.... മയക്കുമരുന്നിന്റെ ഉന്മാദം കണ്ണുകളിൽ കാണാനില്ല. പകരം ദീനതയുടെ നീറ്റലുകൾ... പാരവശ്യങ്ങളാണ് അവയിൽ... അംഗവൈകല്യങ്ങളില്ല. വസ്ത്രങ്ങൾക്ക് മാറ്റു കുറവെങ്കിലും ശരീരത്തിന് കുഞ്ഞുപ്രായത്തിന്റെ തുടിപ്പുണ്ട്.

ഞാൻ ചുറ്റിലും തിരഞ്ഞു കുട്ടികളുടെകൂടെ.. അവരുടെ അമ്മയെ... അല്ലെങ്കിൽ ചേച്ചിയെ... ഉറ്റവരെ ആരെയെങ്കിലും... ഇല്ല... അവർ ഏകരാണ്... ഏത് ഇരുട്ടിലും പരസ്പരം പുണരുന്ന രണ്ട് കുഞ്ഞുമനസ്സുകൾ.

ഒരു ദിവസം പതിവിലും നേരത്തെ കോളജിൽ നിന്ന് ഇറങ്ങി. വണ്ടിയുടെ സമയം ആവുന്നതേയുള്ളൂ

അപരിചിതത്വമില്ലാതെ... ആ കുഞ്ഞുമുഖങ്ങൾ അടുത്തേക്കെത്തി. കുഞ്ഞനിയത്തിക്ക് എന്തു കൊടുത്തു? ഞാൻ ചോദിച്ചു... രണ്ട് വട കഴിച്ചു. മറ്റൊന്നും കിടയാത്... തമിഴ് ചുവകലർന്ന ഭാഷ... അവൾ എന്തു കഴിച്ചൂന്ന് ചോദിച്ചില്ല... കുട്ടികൾ പോകുന്ന മട്ടില്ല. എന്നെ വലംവയ്ക്കുകയാണ്.



ഒരു നിമിഷം. ഞാനെന്റെ കുട്ടിക്കാലമോർത്തുപോയി.

തനിച്ചിരുന്നുണ്ണാനറിയാത്ത... ഇഷ്ടമില്ലാക്കറി തൊട്ടുനോക്കാത്ത.. ഓരോ പ്രഭാതത്തിലും അന്നത്തെ പ്രഭാതഭക്ഷണമിഷ്ടമില്ലാതെ, അമ്മ നൽകിയ ഹോർലിക്സും പാലും കുടിച്ച്... അച്ഛന്റെ കൈയിൽ മുറുകെപ്പിടിച്ച്... ഈശ്വരാ... ഈ നഷ്ടബാല്യം എങ്ങിനെ രൂപപ്പെട്ടു?

എന്റെ ചിന്തകൾ കടിഞ്ഞാണില്ലാതെ അപ്പൂപ്പൻ താടിപോലെ ആടിയുലഞ്ഞു.

അമ്മ എവിടെയാ കുട്ടീ? ഒറ്റച്ചോദ്യം... അവിടെത്തന്നെ തുടങ്ങാമെന്നു വച്ചു... അത്.. അത് ... തലേന്ന് കഴിച്ച ബിസ്കറ്റിന്റെ ഒരു വലിയ കഷണം ചുമന്നു നീങ്ങിയ കുഞ്ഞുറുമ്പിൽനിന്ന് അത് തട്ടിയെടുക്കാൻ ശ്രമിച്ച അനുജത്തിയെ അവൾ പിൻതിരിപ്പിക്കാൻ ശ്രമിച്ചു.

'അമ്മാവെ കുറച്ചു പേര് വന്ന് വിളിച്ചുകൊണ്ടു പോയാച്ച്.. രാത്രി തീവണ്ടിയുടെ ചൂളംവിളിയോടൊപ്പം അങ്ങകലെ വല്ലാത്തൊരു നിലവിളി കേട്ടു... ഭയന്ന് കണ്ണുതുറന്ന കുഞ്ഞനിയത്തിയുടെ കണ്ണിൽ ഞാനൊരു മുത്തം കൊടുത്തു. അമ്മയുടെ സാരിയുടുത്ത ഒരു രൂപം ഇരുട്ടിലൂടെ പറന്നുവരുന്നതു കണ്ട് ഞാൻ സന്തോഷിച്ചു... പക്ഷേ, അത് ഞങ്ങൾക്ക് മൂന്നു വലംവച്ച് ആകാശത്തേക്കു പറന്നു പോയി... അന്നാണ് ഞാനമ്മയെ അവസാനമായി കണ്ടത്.

അവളുടെ കണ്ണുകളിൽ സങ്കടമില്ലാത്തത് എന്നെ വല്ലാത്തൊരു വീർപ്പുമുട്ടലിലെത്തിച്ചു. ജീവിതമറിയാത്ത പ്രായം അവൾ ആരോ പഠിപ്പിച്ച കഥപോലെ ആ രംഗം പറഞ്ഞുകൊണ്ടേയിരുന്നു...

അടുത്ത നാൾ അനിയൻ അമ്മയെ ചോദിച്ചു. ആ സമയം അക്ക വന്നു പത്ത് രൂപ തന്നില്ലേ? അയിന് ഞാനാപ്പിള് വാങ്ങി അവന് കൊടുത്തു. പിന്നീട് അവൻ അമ്മയെ ചോദിച്ചില്ല.

ഞാൻ കവിളിൽ തലോടി അവളുടെ വിശേഷങ്ങൾ തിരക്കി.

'ഉങ്ക പേരെന്നാ?' അറിയാവുന്ന തമിഴിൽ ഞാൻ ചോദിച്ചു.

'എൻ പേര് മല്ലിക, അവൾ താൻ പേര് സെമ്പകം, അമ്മ പേര് മുത്തുലക്ഷ്മി, അപ്പാവുടെ പേര് പുരിയതാത് അക്ക.'

'കടവുൾ താൻ അപ്പ, ആണ്ടവൻ തുണൈ
അക്കാ ഉങ്കൾ പേര് സൊല്ലുങ്കോ.'

മോളേ, ഞാൻ അക്കയല്ല നിന്റെ അമ്മമാതിരി, പേര് മാലതി ടീച്ചർ.

ഇതിനിടെ തന്റെ പഴകിയ തോൾസഞ്ചിയിൽ നിന്നു മുഷിഞ്ഞ ഒരു ഫോട്ടോ പുറത്തേക്ക് വലിച്ചെടുത്തു.. അതെ... മുത്തുലക്ഷ്മിയും മക്കളും... കൊട്ടിപ്പഴകിയ തോൽച്ചെണ്ടയും.

ഞാനുറച്ചു. ഈ കുട്ടികൾ നാടിനും നാട്ടാർക്കും ദ്രോഹികളല്ല. ഇവർ വിധിവൈപരീത്യത്താൽ നിരത്തിലെത്തപ്പെട്ടവരാണ്. ഇവരെ ഇവിടെ വളരാനനുവദിച്ചുകൂടാ. ഞാൻ ഫോണെടുത്തു. കൂടെ പഠിച്ച പലരും ഉന്നതപദവികളിലുണ്ട്. ഇവരെ ബാലികാസദനത്തിലെത്തിക്കണം.

പിന്നീട് സമയം കിട്ടുമ്പോഴൊക്കെ ഞാനവിടുത്തെ സന്ദർശകയായി. ഇളയമകന്റെ പിറന്നാളിന് കുട്ടികളോടൊപ്പം ബാലികാസദനത്തിൽ മല്ലികയ്ക്കൊപ്പം സദ്യയുണ്ടു. അന്നവിടെ ഞാൻ കണ്ട മല്ലികമാരിൽ മിക്കവരും ഇത്തരത്തിൽ അച്ഛനമ്മമാരെ നഷ്ടപ്പെട്ടവരാണ്. നാടോടികളിൽ പലരും പല കള്ളക്കേസുകളിലും.. തട്ടിക്കൊണ്ടുപോകലിലും അകപ്പെട്ടിട്ടുണ്ടെങ്കിലും അവിടെ അനാഥമാകുന്ന ഇതേപോലെയുള്ള കുരുന്നുബാല്യങ്ങളുണ്ടെന്ന വസ്തുത നമ്മൾ മറക്കരുത്. അവരും ഈ ഭൂമിക്കവകാശികളാണ്. ഒന്നു മാത്രം ചെയ്യുക. സുരക്ഷിതമായ കൈകളിൽ അവരെയെത്തിക്കുക.

കാലത്തിന്റെ നെറികേടുകൊണ്ടു വിതുമ്പുവാൻ മാത്രം പഠിച്ച നിസ്സഹായബാല്യങ്ങൾ. അവർക്കുമുണ്ട് നിറംപിടിപ്പിച്ച ചില സ്വപ്നങ്ങൾ... യാഥാർത്ഥ്യമാകുമെന്നുറപ്പില്ലാത്തവ... എങ്കിലും സ്വപ്നങ്ങളും സന്തോഷങ്ങളും അവരുടെകൂടി അവകാശമാണ്. അതിലവർ ജീവിക്കട്ടെ.

മടക്കയാത്രയിൽ എട്ടു വയസ്സുകാരൻ ചോദിക്കുന്നു... അമ്മേ.. നമ്മുടെയാരാ അവർ? ആ മല്ലികയ്ക്ക് അമ്മയെ അറിയുമോ? മറ്റുള്ള കുട്ടികളെക്കാൾ സ്വാതന്ത്ര്യക്കൂടുതൽ കാട്ടിയ മല്ലികയെ മകൻ കൗതുകത്തോടെ നിരീക്ഷിക്കുന്നത് ഞാൻ കണ്ടിരുന്നു.

അതെ മകനെ... അവളും നമുക്ക് വേണ്ടപ്പെട്ടവർ തന്നെയാണ്... നമ്മളിൽനിന്നവളെ വേർപെടുത്തിക്കൂടാ... അതിനാണ് എല്ലാ വർഷവും നിന്റെ ജന്മദിനത്തിൽ നമ്മൾ അവളെ കാണാൻ പോകുന്നത്.

അന്നു രാത്രി കണ്ട ഒരു സുന്ദരസ്വപ്നത്തിൽ മല്ലികയെ ഞാൻ വാരിപ്പുണർന്നുമ്മവച്ചു.

പിന്നിടെല്ലാ ദിവസവും ഈ പരിചിതമുഖങ്ങൾ എന്റെ മനസ്സിലേക്ക് ഉദിച്ചസ്തമിച്ചു.

■

---

**ശ്രേഷ്ഠമലയാളം / ഡോ. ഡേവിസ് സേവ്യർ**

## തേജസ്സ്

പദാന്തേവ്യഞ്ജനം വന്നാൽ/ സംവൃതം ചേർത്തു ചൊല്ലുക (കാരിക 19)* എന്ന ഭാഷാനിയമപ്രകാരം തേജസ്സ് എന്നാണു വേണ്ടത്. തേജസ് എന്ന സംസ്കൃതശബ്ദം മലയാളമാക്കുമ്പോൾ അന്ത്യവ്യഞ്ജനദ്വിത്വവും സംവൃതസ്വരവും ചേർക്കണം. അപ്പോൾ, തേജസ്, തേജസ്സ് എന്നാകുന്നു. "തേജഃ പ്രഭാവേ ദീപ്തൗ ച ബലേ ശുക്ലേ വ്യതസ്ത്രീഷ്ഠ"** എന്ന് അമരകോശം. പ്രകാശം, പ്രഭാസം, ബലം, മൂർച്ച, അഗ്നി എന്നിങ്ങനെ തേജസ്സിന് നാനാർത്ഥങ്ങൾ വരും.

സംസ്കൃതത്തിലെ പ്രഥമാരൂപമായ മനസ് ഭാഷയിൽ മനസ്സ് എന്നാകും. മനസാ (മനസ്സുകൊണ്ട്) എന്നിടത്ത് സകാരത്തിന് ഇരട്ടിപ്പു വേണ്ട. മനസാ വാചാ കർമ്മണാ എന്നാണല്ലോ ശരിയായ പ്രയോഗം. എന്നാൽ, സപ്തമീരൂപമായ മനസി മലയാളമാക്കുമ്പോൾ മനസ്സിൽ എന്നു വേണംതാനും. ശിരസി (ശിരസ്സിൽ) എന്നതിനെ ശിരസ്സാ എന്നെഴുതുന്നത് തെറ്റാണ്. 'ഞാൻ ശിരസാ വഹിച്ചു' എന്നാണു വേണ്ടത്.

സംസ്കൃതത്തിലെ പ്രഥമാരൂപമായ തപസ് (തപിക്കൽ) മലയാളമാകുമ്പോൾ തപസ്സ് എന്നാക്കണം. ശരീരത്തെ തപിപ്പിക്കുന്നതിനാൽ തപസ്സ് എന്നു പേർ. ആത്മസാക്ഷാത്കാരത്തിനോ ഇഷ്ടദേവതാപ്രീതിക്കോവേണ്ടി മനസ്സിനെ വിഷയങ്ങളിൽനിന്നു നിവർത്തിക്കുന്ന നിയമം, ഉപവാസം, ധ്യാനം, മനനം തുടങ്ങിയവ തപസ്സിനെ സൂചിപ്പിക്കുന്നു.

വയസ്സ്, ഉഷസ്സ്, പയസ്സ്, നഭസ്സ്, സദസ്സ്, ഓജസ്സ്, രക്ഷസ്സ് എന്നിങ്ങനെ സ ഇരട്ടിച്ചും സംവൃതോകാരചിഹ്നം ചേർത്തും എഴുതുന്നതാണ് ഭാഷാനയങ്ങൾക്കു ചേർന്ന രീതി. ഇംഗ്ലീഷിൽനിന്നു സ്വീകരിച്ച വാക്കുകളിലും ഈ നയം പിന്തുടരണം. ഉദാ. ബസ്സ്, ചെസ്സ്, കിസ്സ് എന്നിങ്ങനെ.

തേജസ്സിനു പ്രകാശമെന്നും തേജസ്വിക്കു പ്രകാശമുള്ളവൻ എന്നും തേജസ്വിനിക്കു പ്രകാശമുള്ളവൾ എന്നും സാമാന്യമായ അർത്ഥം. "തേജസ്വി നാവധീതമസ്തു" - നമ്മൾ (ഗുരുവും ശിഷ്യനും) പഠിച്ചത് തേജസ്സുള്ളതായിരിക്കട്ടെ എന്നായാൽ നല്ല മലയാളമായി.

*രാജരാജവർമ്മ, കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം - 134

** പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരി), എൻ.ബി.എസ്, കോട്ടയം, 2013, പുറം -812

Deepanalam Weekly
RNI No : 16998/68
Vol. 54 No. 3 Date of Publication 11 March 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment



# മുണ്ടാങ്കൽ സെന്റ് ഡൊമിനിക്സ് ചർച്ച്
## സെന്റ് ആന്റണീസ് ഷ്റൈൻ
## വി. അന്തോനീസിന്റെ നൊവേന
പുനരാരംഭിച്ചു
എല്ലാ ചൊവ്വാഴ്ചകളിലും



വി. അന്തോനീസേ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

6.15 am, 10.30 am
4.45 pm
വി. കുർബാന, നൊവേന
ലദീഞ്ഞ്

7.45 am , 10.30 am
12.00 Noon, 4.45 pm
6.00 pm, 8.00 pm
ദിവ്യകാരുണ്യ ആരാധനയും
മദ്ധ്യസ്ഥപ്രാർത്ഥനയും

കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച്
ഇടവകദൈവാലയത്തിൽ

ഏവർക്കും സ്വാഗതം

Phone : 8140466612



ടേസ്റ്റിറ്റ്
മൈക്രോഫിൽറ്റർ ചെയ്ത
ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008
Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം
www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

എല്ലാവിധ ആയുർവ്വേദഔഷധങ്ങൾക്കും ചികിത്സയ്ക്കും

# കുറിച്ചിത്താനം ആയുർവ്വേദ വൈദ്യശാല


## കുരിശുപള്ളിക്കവല, പാലാ Ph: 04822–211679, 9447571650

വെരിക്കോസ് വെയിൻ, വെരിക്കോസ് അൾസർ എന്നിവയ്ക്ക് ചികിത്സ ലഭ്യമാണ്

Dr. K. ദേവരാജൻ D.A.M. എല്ലാ ശനിയാഴ്ചയും 11.00 am to 4.45 pm വരെ രോഗികളെ പരിശോധിക്കുന്നു

ധന്വന്തരി വൈദ്യശാല (തൊടുപുഴ)യുടെ പാലായിലെ അംഗീകൃതഏജൻസി

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ
അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:
## മൂഴയിൽ ബാങ്കേഴ്സ്
മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

# കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ



## അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ – റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842, 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org